2020 ഏപ്രിൽ
05
ഞായർ
1195 മീനം 23

മെട്രൊ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ
www.metrovaartha.com
12 പേജ് ₹ 7.00
KOZHIKODE

വിദേശികൾ ഒളിവിലെന്നു പൊലീസ്

സമ്മേളനത്തിൽ പങ്കെടുത്തവരെയും അവർ നേരിട്ടു ബന്ധപ്പെട്ടവരെയും കണ്ടെത്താനുള്ള ശ്രമങ്ങൾ 17 സംസ്ഥാനങ്ങളിൽ തുടരുകയാണ്.

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: നിസാമുദീനിലെ തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരുമായി ബന്ധപ്പെട്ട് 17 സംസ്ഥാനങ്ങളിലായി 1,023 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇതോടെ രാജ്യത്തെ മൊത്തം കൊറോണ ബാധിതരിൽ 30 ശതമാനവും ഒരൊറ്റ സംഭവവുമായി ബന്ധപ്പെട്ടവരായിട്ടുണ്ടെന്നും മന്ത്രാലയം.

മറ്റു രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ രാജ്യത്തെ കൊറോണ ബാധിതരുടെ എണ്ണത്തിലെ വർധനയുടെ നിരക്ക് കുറവാണെന്നും ആരോഗ്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ് അഗർവാൾ പതിവു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരെയും അവർ നേരിട്ടു ബന്ധപ്പെട്ടവരെയും കണ്ടെത്താനുള്ള ശ്രമങ്ങൾ 17 സംസ്ഥാനങ്ങളിൽ തുടരുകയാണ്. തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരും അവരുമായി ബന്ധപ്പെട്ടവരുമായി 22,000 പേർ ഇപ്പോൾ ക്വാറന്റൈനിലുണ്ടെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം വ്യക്തമാക്കി. തബ് ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരിൽ ചിലർ രോഗവ്യാപനം തടയാനുള്ള പ്രവർത്തനങ്ങളോടു സഹകരിക്കാത്തതു പ്രശ്നം സൃഷ്ടിക്കുന്നുണ്ടെന്ന് ചില സംസ്ഥാനങ്ങൾ പരാതിപ്പെടുന്നുണ്ട്. സമ്മേളനത്തിൽ പങ്കെടുത്ത എണ്ണൂറിലേറെ വിദേശികൾ ഡൽഹിയിലെ വിവിധ പള്ളികളിൽ ഒളിച്ചു താമസിക്കുന്നുണ്ടെന്ന് ഡൽഹി പൊലീസ് പറയുന്നു.

ആരോഗ്യ പ്രവർത്തകരും പൊലീസും ഇവർ എവിടെയൊക്കെയുണ്ടെന്നു തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരിൽ പലർക്കും കൊവിഡ്ബാധയുണ്ടാകാമെന്നും അവരിൽ നിന്നു പലർക്കും പടർന്നിട്ടുണ്ടാകാമെന്നും ആരോഗ്യ മന്ത്രാലയം ആശങ്കപ്പെടുന്നു. ഇവരെ പുറത്തുകൊണ്ടുവന്ന് പരിശോധിക്കുകയും ക്വാറന്റൈനിലാക്കുകയും ചെയ്യുന്നതിനു തടസം നേരിട്ടാൽ ആരാധനാലയങ്ങളിലടക്കം പരിശോധന വേണ്ടിവരുമെന്നാണ് പൊലീസ് സർക്കാരിനെ അറിയിച്ചിരിക്കുന്നത്.

ഇരുനൂറോളം വിദേശികൾ 16 പള്ളികളിലായി ഒളിച്ചു താമസിക്കുന്നു എന്നായിരുന്നു ആദ്യ സൂചനകൾ. പിന്നീടു നടത്തിയ അന്വേഷണത്തിലാണ് എണ്ണൂറിലേറെ പേരുണ്ടെന്നു വ്യക്തമായതെന്നും പൊലീസ് വൃത്തങ്ങൾ. ഡൽഹിയിൽ തങ്ങുന്ന വിദേശ പ്രതിനിധികൾ ആരോഗ്യ വകുപ്പിനെ ബന്ധപ്പെടാൻ കഴിഞ്ഞദിവസം നിർദേശം നൽകിയിരുന്നു. എന്നാൽ, അതു ഫലപ്രദമായിട്ടില്ലെന്നാണു പൊലീസ് പറയുന്നത്.

നിസാമുദീൻ സമ്മേളനത്തിൽ പങ്കെടുത്ത 29 വിദേശികളെ ഒളിവിൽ താമസിപ്പിച്ചതിന് മഹാരാഷ്ട്ര പൊലീസ് മൂന്നു മോസ്ക്കുകളുടെ ട്രസ്റ്റികൾക്കെതിരേ കഴിഞ്ഞദിവസങ്ങളിൽ കേസെടുത്തിരുന്നു. അഹമ്മദ് നഗർ ജില്ലയിലാണിത്. വിദേശികളിൽ ചിലർ നിസാമുദീനിലെ സമ്മേളനം കഴിഞ്ഞ് തമിഴ്നാട്ടിൽ പോയിരുന്നു. തമിഴ്നാട്ടിൽ കൊവിഡ്ബാധിതരുടെ എണ്ണം കുതിച്ചുയർന്നത് തബ് ലീഗ് സമ്മേളനവുമായി ബന്ധപ്പെട്ടവരുടെ പരിശോധനാ ഫലങ്ങൾ വന്നുതുടങ്ങിയ ശേഷമാണ്. സമ്മേളനത്തിൽ പങ്കെടുത്ത അമ്പത്തൊന്നുകാരൻ ഇന്നലെ വില്ലുപുരത്ത് കൊവിഡ് ബാധിച്ചു മരിച്ചിട്ടുമുണ്ട്. തേനിയിൽ അമ്പത്തിമൂന്നു വയസുള്ള സ്ത്രീയും ഇന്നലെ കൊവിഡ് ബാധിച്ചു മരിച്ചു. ഇതോടെ തമിഴ്നാട്ടിലെ മരണസംഖ്യ മൂന്നായി.

ദാവീദിൻ പുത്രന് ഓശാന... അവൻ ജറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ആരാണിവൻ എന്നു ചോദിച്ചു. ജനക്കൂട്ടം പറഞ്ഞു: ഇവൻ ഗലീലിയയിലെ പ്രവാചകനായ യേശുവാണ്. (മത്തായി 21:1-11). യേശു ജറുസലേമിലേക്കു നടത്തിയ രാജകീയ പ്രവേശനത്തെ അനുസ്മരിക്കുന്ന ഓശാന ഞായർ ക്രൈസ്തവസമൂഹം ഇന്ന് ആചരിക്കുന്നു.

ഇന്ന് രാത്രി ദീപജ്വലനം

- അണയ്ക്കുന്നത് വീടുകളിലെ ലൈറ്റുകൾ മാത്രം
- പിന്തുണയുമായി മമ്മൂട്ടി, ജോയ് മാത്യു

കൊച്ചി: കൊറോണയെന്ന ഇരുട്ടിനെ അകറ്റുന്നതിലുള്ള രാജ്യത്തിന്റെ കൂട്ടായ്മ പ്രകടമാക്കാൻ ഇന്നു രാത്രി ഒമ്പതു മണിക്ക് ഒമ്പതു മിനിറ്റ് നേരം എല്ലാ വീടുകളിലും ദീപപ്രോജ്വലനം നടത്തും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനപ്രകാരം നടക്കുന്ന ക്യാംപെയ്ൻ ഒന്നിച്ചുനിന്നാൽ കൊറോണയെ നേരിടാൻ രാജ്യത്തിനു കഴിയും എന്ന സന്ദേശമാണു മുന്നോട്ടുവയ്ക്കുന്നത്. ലോക് ഡൗൺ കാലത്ത് വീടുകളിൽ അടച്ചിരിക്കുന്നവർക്ക് തങ്ങൾ ഒറ്റയ്ക്കല്ല എന്ന ബോധ്യം കൂടി ഇതിലൂടെ സൃഷ്ടിക്കപ്പെടും.

വീടുകളിലെ ലൈറ്റുകൾ മാത്രമായിരിക്കും അണയ്ക്കുക. തുടർന്ന് ബാൽക്കണിയിലോ വാതിൽക്കലോ ടെറസിലോ വിളക്കുകളും മെഴുകുതിരികളും ടോർച്ചുകളും മൊബൈൽ ഫ്ലാഷ് ലൈറ്റുകളും തെളിക്കും. ദീപം തെളിക്കാൻ ആരും വീടിനു പുറത്തു പോകരുതെന്നും കൂട്ടം കൂടരുതെന്നും ലക്ഷ്മണ രേഖ ലംഘിക്കരുതെന്നും സാമൂഹിക അകലം പാലിക്കണമെന്നും പ്രധാനമന്ത്രി നിർദേശിച്ചിട്ടുണ്ട്.

രാജ്യം ഈ ക്യാംപെയ്ൻ ഏറ്റെടുക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പ്രതീക്ഷ പ്രകടിപ്പിച്ചിട്ടുണ്ട്. മമ്മൂട്ടി, സംവിധായകനും നടനുമായ ജോയ് മാത്യു എന്നിവരടക്കമുള്ള പ്രമുഖർ ദീപം തെളിക്കലിനു പിന്തുണ പ്രഖ്യാപിച്ചു രംഗത്തെത്തി. തെരുവു വിളക്കുകൾ, ആശുപത്രിയിലെയും മറ്റ് അവശ്യസർവീസുകളുടെയും വിളക്കുകൾ എന്നിവ അണയ്ക്കില്ല. വീടുകളിൽ ലൈറ്റുകളല്ലാതെ മറ്റ് വൈദ്യുത ഉപകരണങ്ങൾ ഓഫ് ചെയ്യേണ്ടതില്ല.

വൈദ്യുതി വിളക്കുകൾ ഒന്നിച്ച് അണയ്ക്കുമ്പോൾ പെട്ടെന്ന് ഉണ്ടായേക്കാവുന്ന വ്യതിയാനങ്ങൾ നേരിടാൻ സജ്ജമാണെന്ന് കെഎസ്ഇബി പത്രക്കുറിപ്പിൽ അറിയിച്ചു. ഒമ്പതു മണിയോടെ വൈദ്യുതി ആവശ്യകതയിൽ പെട്ടെന്ന് ഏതാണ്ട് 350-400 മെഗാവാട്ടിന്റെ കുറവ് ഉണ്ടാകുമെന്നും ഒമ്പത് മിനിറ്റിനുശേഷം ഈ തോതിൽ ആവശ്യകത പെട്ടെന്ന് വർദ്ധിക്കുമെന്നുമാണ് കണക്കാക്കുന്നത്. ഈ കുറവു മൂലമുണ്ടായേക്കാവുന്ന ഗ്രിഡ് ആഘാതം ലഘൂകരിക്കാൻ ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം നിയന്ത്രിക്കും. ഇതിനുള്ള നടപടികൾ വിവിധ ജനറേറ്റിങ് സ്റ്റേഷനുകളും ലോഡ് ഡെസ്പാച്ച് സെന്ററും സ്വീകരിച്ചു.

ഇന്ത്യ	ലോകം
രോഗബാധിതർ 3,082	രോഗബാധിതർ 1,154,845
മരണം 75	മരണം 61,684
	രോഗമുക്തി നേടിയവർ 2,40,201

ട്രെയ്ൻ സർവീസ് പുനരാരംഭിക്കൽ:
തീരുമാനമായില്ലെന്നു റെയ്ൽവേ

» പേജ് 6-7

കർക്കശം, നിയന്ത്രണം

പി.ബി. ബാലു

കൊച്ചി: ഡൽഹി നിസാമുദീൻ മർക്കസിലെ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തവരിലെ മലയാളികളിൽ നിന്ന് കൊവിഡ് ബാധയുണ്ടായെന്ന റിപ്പോർട്ടിനെ തുടർന്ന് കേരളം നടപടികൾ കൂടുതൽ കർക്കശമാക്കി. രാജ്യത്തെ 30 ശതമാനം ജില്ലകളിലും കൊറോണ വൈറസ് എത്തുകയും രോഗബാധിതരുടെ എണ്ണം 3,000 കവിയുകയും ചെയ്തത് ഗൗരവമായാണ് സർക്കാർ കാണുന്നത്. ലോക് ഡൗണിലെ ഇനിയുള്ള ഒൻപതു ദിവസങ്ങളിൽ നിരീക്ഷണം ശക്തമാക്കാനാണ് തീരുമാനമെന്നറിയുന്നു.

മുംബൈ ധാരാവി ചേരിയിൽ കൊവിഡ് ബാധിച്ച് മരണമടഞ്ഞ ആളുടെ വീട്ടിൽ കേരളത്തിൽ നിന്നുള്ള ചിലർ ചെന്നുവെന്നും അവർ കോഴിക്കോട്ടേക്കു പോയെന്നും മഹാരാഷ്ട്ര പൊലീസ് അറിയിച്ചിട്ടുണ്ട്.

നിസാമുദീനിൽ പോയ വ്യക്തി തമിഴ്നാട്ടിലെ തേനിയിൽ മരിച്ചതും കേരളത്തിന്റെ തൊട്ടുത്തുള്ള തേനി ജില്ലയിൽ രോഗം പടരുന്നതുമാണ് മറ്റൊരു തലവേദന. സംസ്ഥാനത്ത് കൊവിഡ് നിയന്ത്രണ വിധേയമാകുന്നതിനിടയിൽ കാര്യങ്ങൾ പാളിപ്പോകരുതെന്ന് സർക്കാരിന് നിർബന്ധമുണ്ട്. അതിനായാണ് പരിശോധനകളും ക്വാറന്റൈൻ നടപടികളും കർശനമാക്കാൻ തീരുമാനിച്ചത്.

കേരളത്തിന് അടുത്ത ഒൻപത് ദിവസങ്ങൾ വളരെ നിർണായകമാണ്. കൂടുതൽ രോഗബാധിതർ ഉണ്ടാകാതിരിക്കുക, സമൂഹവ്യാപാനം ഒഴിവാക്കുക എന്നിവയാണ് ഈ സമയത്ത് ഉറപ്പാക്കേണ്ടത്. പരിശോധനയ്ക്കായി നൽകിയ സ്രവങ്ങളുടെ റിസൾട്ടുകൾ ഇനിയുള്ള ദിവസങ്ങളിൽ കൂടുതലായി എത്തും. വരും ദിവസങ്ങളിൽ റാപ്പിഡ് ടെസ്റ്റും ആരംഭിക്കും.

നിലവിൽ സർക്കാർ എട്ട് ജില്ലകളെ ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും സമൂഹവ്യാപനം ഉണ്ടായതായി സൂചനയില്ല. ഇരുപതു പേർക്ക് രോഗം സ്ഥിരീകരിക്കുകയും രണ്ടു പേർ മരിക്കുകയും ചെയ്ത തേനിയിൽ നിന്ന് ആളുകൾ കേരളത്തിലേക്ക് കടക്കാതിരിക്കാൻ ഇടുക്കിയിലെ അതിർത്തി റോഡുകൾക്കു പുറമെ കാട്ടുപാതകളിലും പരിശോധന കർശനമാക്കി. ഇതിനകം 16 കാട്ടുവഴികൾ പൊലീസും വനം വകുപ്പ് അധികൃതരും നിരീക്ഷണത്തിലാക്കി.

പൊലീസ് ഇതിനായി ഡ്രോൺ ഉപയോഗിക്കുന്നുമുണ്ട്. മൂന്നാർ - കൊടൈക്കനാൽ മേഖല, മറയൂർ മേഖല എന്നിവിടങ്ങളിലും സംയുക്ത പരിശോധനയുണ്ട്. അനുമതിയില്ലാതെ എത്തുന്ന ആളുകളെ കണ്ടെത്തിയാൽ നിർബന്ധിത ക്വാറന്റൈനിലേക്ക് അയക്കുവാനാണ് തീരുമാനം.

വയനാട്ടിൽ തമിഴ്നാടും കേരളവുമായി അതിർത്തി പങ്കിടുന്ന 14 റോഡുകളിലും കർശന പരിശോധനയാണ്. പൊലീസ്, ഫോറസ്റ്റ്, റവന്യൂ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരാണ് പരിശോധന നടത്തുന്നത്. അതിർത്തിയിലെ വനപാതകളിലും രണ്ടു ദിവസമായി പരിശോധന ശക്തമാണ്.

11 പേർക്കു കൂടി രോഗബാധ

1,71,355 പേർ നിരീക്ഷണത്തിൽ

കാസർഗോഡുകാർ 6
ഡൽഹി നിസാമുദ്ദീൻ 3

തിരുവനന്തപുരം: കേരളത്തിൽ 11 പേർക്ക് കൂടി കൊവിഡ് 19 കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ. കാസർഗോഡ് ജില്ലയിൽ നിന്നുള്ള ആറുപേർക്കും കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ നിന്നുള്ള ഓരോരുത്തർക്കുമാണ് ഇന്നലെ രോഗം സ്ഥിരീകരിച്ചത്. ഇവരിൽ അഞ്ചുപേർ ദുബായിൽ നിന്നും (കാസർഗോഡ്- 3, കണ്ണൂർ- 1, എറണാകുളം- 1) മൂന്നു പേർ ഡൽഹി നിസാമുദ്ദീൻ മർക്കസിൽ നിന്നും (ആലപ്പുഴ, കൊല്ലം, കാസർഗോഡ്) ഒരാൾ നാഗ്പുരിൽ നിന്നും (പാലക്കാട്) വന്നവരാണ്. രണ്ടു പേർക്ക് സമ്പർക്കത്തിലൂടെയാണ് (കാസർഗോഡ്) രോഗം വന്നത്.

കേരളത്തിൽ ഇതേവരെ 306 പേർക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. ഇന്നലെ എട്ടു പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഏഴുപേരുടെയും തിരുവനന്തപുരം ജില്ലയിലെ ഒരാളുടെയും പരിശോധനാ ഫലമാണ് നെഗറ്റീവ് ആയത്. നിലവിൽ 254 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. 50 പേർ രോഗമുക്തി നേടി .

വിവിധ ജില്ലകളിലായി 1,71,355 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 1,70,621 പേർ വീടുകളിലും 734 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

ഇന്നലെ 174 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രോഗലക്ഷണങ്ങളുള്ള 9,744 പേരുടെ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ ലഭ്യമായ 8,586 എണ്ണത്തിന്റെ ഫലം നെഗറ്റീവാണ്.

കൊവിഡ്: പാനൂർ സ്വദേശി സൗദിയിൽ മരിച്ചു

തലശേരി: കൊവിഡ്19 കൊറോണ വൈറസ് ബാധിച്ച് കണ്ണൂർ ജില്ലയിലെ പാനൂർ സ്വദേശിയായ യുവാവ് സൗദി അറേബ്യയിലെ മദീനയിൽ മരിച്ചു. പാനൂർ മീത്തലെ പൂക്കോം ഇരഞ്ഞിക്കുളങ്ങര എൽപി സ്ക്കൂളിന് സമീപം തെക്കെകുണ്ടിൽ സാറാസിൽ മമ്മുവിന്റെയും ഫൗസിയയുടെയും മകൻ ഷബ്നാസ് (28) ആണ് മരിച്ചത്.

മദീനയിലെ ജർമൻ ആശുപത്രിയിൽ ഇന്നലെ പുലർച്ചെ മൂന്നു മണിയോടെയാണ് അന്ത്യം. ബന്ധുക്കളാണ് ഇക്കാര്യം അറിയിച്ചത്. ജനുവരി അഞ്ചിനായിരുന്നു ഷബ്നാസിന്റെ വിവാഹം. മാർച്ച് 10നാണു സൗദിയിലേക്ക് തിരിച്ചു പോയത്. ഭാര്യ: ഷഹനാസ് (കരിയാട് പുനത്തിൽ മുക്ക്). സഹോദരങ്ങൾ: ഷബീർ, ഷബാന.

എട്ടിന് കക്ഷിനേതാക്കളുമായി മോദിയുടെ ചർച്ച

ഒന്നിച്ചു പൊരുതാൻ ഇന്ത്യയും യുഎസും

ന്യൂഡൽഹി: കൊവിഡ് വ്യാപനം തടയാനുള്ള രാജ്യവ്യാപക ലോക്ക്ഡൗണിനിടെ ഈ മാസം എട്ടിന് രാവിലെ 11ന് പാർലമെന്റിലെ വിവിധ രാഷ്ട്രീയ കക്ഷികളുടെ നേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ച നടത്തും. വിഡിയോ ലിങ്ക് വഴിയാകും ചർച്ചയെന്ന് പാർലമെന്ററികാര്യ മന്ത്രി പ്രഹ്ലാദ് ജോഷി പറഞ്ഞു.

ഇരുസഭകളിലുമായി അഞ്ച് എംപിമാരിൽ കൂടുതലുള്ള എല്ലാ കക്ഷികളുടെയും നേതാക്കളെ ഇതിനു ക്ഷണിക്കും. ലോക്ക് ഡൗൺ പ്രഖ്യാപിച്ച ശേഷം ഇതാദ്യമായാണ് പ്രധാനമന്ത്രി പ്രതിപക്ഷ നേതാക്കളുമായി ചർച്ച ചെയ്യുന്നത്.

ഇതിനിടെ, ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള പങ്കാളിത്തത്തിന്റെ മുഴുവൻ കരുത്തുമെടുത്ത് കൊറോണക്കെതിരേ പൊരുതാൻ ഇന്ത്യയും അമെരിക്കയും തീരുമാനിച്ചതായി നരേന്ദ്ര മോദി ടീറ്റ് ചെയ്തു. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ഇന്നലെ ഫോണിൽ സംസാരിച്ച ശേഷമാണ് മോദിയുടെ ടീറ്റ്. ട്രംപുമായി വിശദമായി കാര്യങ്ങൾ ചർച്ച ചെയ്തെന്ന് മോദി വ്യക്തമാക്കി. ചർച്ച ഫലപ്രദമായിരുന്നു. ഇരു രാഷ്ട്രങ്ങളുടെയും മുഴുവൻ കരുത്തും ഒന്നിച്ച് ഉപയോഗിക്കും- പ്രധാനമന്ത്രി പറഞ്ഞു.

വെള്ളിയാഴ്ച ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായും മോദി ഫോണിൽ ചർച്ച നടത്തിയിരുന്നു. മരുന്നു വിതരണം, ഉയർന്ന സാങ്കേതിക വിദ്യയുടെ വിനിയോഗം തുടങ്ങിയ കാര്യങ്ങൾ വിഷയമായി.

കൊറോണക്കെതിരായ പോരാട്ടത്തിൽ സഹകരിച്ചു പ്രവർത്തിക്കാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചെന്ന് സർക്കാർ വൃത്തങ്ങൾ.

മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ പ്രധാനമന്ത്രി

» പേജ് 6-7

മുംബൈയിൽ നിയന്ത്രണം നീട്ടിയേക്കും

സ്വർണം

ഗ്രാം	- 3,975
പവൻ	- 31,800

www.facebook.com/metrovaarthaofficial

കൊവിഡ് ഭീതിയൊഴിഞ്ഞാൽ ജൂൺ ഒന്നിന് തന്നെ സ്കൂൾ വർഷം

പ്രത്യേക ലേഖകൻ

കൊച്ചി: കൊവിഡ് പ്രതിരോധ പ്രവർത്തങ്ങളിൽ പരീക്ഷകൾ പാളിപ്പോയെങ്കിലും ജൂണിൽ തന്നെ സ്കൂൾ വർഷം ആരംഭിക്കാനുള്ള ഒരുക്കങ്ങളിലാണ് വിദ്യാഭ്യാസ വകുപ്പ്. നടത്താൻ സാധിക്കാതിരുന്ന പരീക്ഷകൾ എന്നു നടത്തുമെന്നു കൃത്യമായി പറയാനാവില്ലെങ്കിലും സ്ഥിതി നിയന്ത്രണ വിധേയമായാൽ പിന്നീട് അൽപം പോലും താമസിക്കില്ലെന്ന് വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് 'മെട്രൊ വാർത്ത' യോടു പറഞ്ഞു.

പരീക്ഷ സംബന്ധിച്ചു തെറ്റായ വാർത്തകൾ ചില കേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്നത് വലിയ തലവേദന സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി തന്നെ അക്കാര്യം സൂചിപ്പിച്ചു. സംസ്ഥാനത്തെ സ്കൂളുകളിലെ കുട്ടികൾക്കുള്ള നിർദേശങ്ങൾ അധ്യാപകർ തന്നെ സാമൂഹ്യ മാധ്യമങ്ങളിലൂടെ നൽകുന്നുണ്ട്.

ലോക്ക് ഡൗൺ എന്ന് അവസാനിച്ചാലും, ജനജീവിതം സാധാരണ ഗതിയിലേക്ക് നീങ്ങിയാലുടൻ പരീക്ഷ നടത്താനാണ് നിലവിലെ തീരുമാനം. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന രീതിയിൽ ഈ മാസം 14ന് ലോക്ക് ഡൗൺ പിൻവലിച്ചാൽ മേയ് ആദ്യവാരത്തിനുള്ളിൽ പരീക്ഷകൾ പൂർത്തിയാക്കി വാല്യുവേഷനുകൾ നടത്തും.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർഥികൾ എഴുതിയ എസ്എസ്എൽസി പരീക്ഷയുടെ ഇതുവരെയുള്ള പേപ്പറുകൾ വാല്യുവേഷൻ ക്യാംപുകളിലേക്ക് അയച്ചുകഴിഞ്ഞു. 15 ദിവസം മതി റിസൽറ്റ് പ്രഖ്യാപിക്കാൻ. അതുകഴിഞ്ഞാൽ വളരെ പെട്ടെന്നു തന്നെ പ്രവേശനവും നടത്തും. ആ രീതിയിൽ സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

ഒന്നാം ക്ലാസിന്റെ പ്രവേശനോത്സവവും പതിനൊന്നാം ക്ലാസിന്റെ പ്രവേശനോത്സവവും ജൂൺ ഒന്നാം തീയതി നടത്താനാണ് കഴിഞ്ഞവർഷം തീരുമാനിച്ചത്. അതനുസരിച്ചാണ് മുന്നോട്ടു നീങ്ങിയതും. പാഠപുസ്തകങ്ങളും കുട്ടികൾക്കുള്ള യൂണിഫോമുകളും വരെ തയാറാണ്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ നിർദേശം വരുന്നതനുസരിച്ച് ഏത് സമയത്തും ക്ലാസ് ആരംഭിക്കാൻ വിദ്യാഭ്യാസ വകുപ്പ് റെഡി.

സർക്കാരിനെ അനുമോദിച്ചു

മഞ്ചേരി: കോവിഡ് 19 രോഗ വ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺ കാരണം ജോലിചെയ്യാൻ സാധിക്കാത്ത വക്കീൽ ഗുമസ്ഥർക്ക് 3000 രൂപ ധനസഹായം അനുവദിച്ച സംസ്ഥാന സർക്കാരിനെ കേരളാ അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി അനുമോദിച്ചു. അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിൽ അംഗങ്ങളായ വക്കീൽ ഗുമസ്ഥന്മാർക്കാണ് ക്ഷേമനിധിചട്ടം ഭേദഗതി ചെയ്ത് 3000 രൂപയുടെ ധന സഹായം നൽകാൻ നടപടി സ്വീകരിച്ചത്. അനുമോദന യോഗം ജില്ലാ പ്രസിഡന്റ് കെ.പി സുബ്രഹ്മണ്യൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കെ അബൂബക്കർ അദ്ധ്യക്ഷത വഹിച്ചു.

ഫെയ്സ്ബുക്ക് പോസ്റ്റ്: യുവാവിനെതിരേ കേസ്

തേഞ്ഞിപ്പലം : വള്ളിക്കുന്ന് നിയോജക മണ്ഡലം എംഎൽഎ പി. അബ്ദുൾ ഹമീദിനെതിരേ ഫെയ്സ്ബുക്ക് പോസ്റ്റിട്ട യുവാവിനെതിരേ പൊലീസ് കേസെടുത്തു. പള്ളിക്കൽ സ്വദേശി അക്ബർ സാദിഖിനെതിരേയാണ് സൈബർ കുറ്റ പ്രകാരം തേഞ്ഞിപ്പലം പൊലീസ് കേസെടുത്തത്. കൊവിഡ് - 19 - ന്റെ പശ്ചാത്തലത്തിൽ സന്നദ്ധ പ്രവർത്തനവുമായ് എംഎൽഎ നൽകിയ നിർദ്ദേശങ്ങളെ മോശമായി ചിത്രീകരിച്ച് ഫെയ്സ്ബുക്ക് പോസ്റ്റിട്ടതിനാണ് കേസെന്ന് പൊലീസ് വ്യക്തമാക്കി. ഇയാൾ ഇപ്പോൾ വിദേശത്താണ് ചേലമ്പ്ര പള്ളിയാളിൽ അൻവർ സാദിഖിന്റെ പരാതി പ്രകാര മാണ് പൊലീസ് കേസടുത്തത്.

സൗജന്യ കുടിവെള്ള വിതരണം നടത്തി സേവാഭാരതി

തേഞ്ഞിപ്പലം:കൊവിഡ്- 19 ന്റെ നിലനിൽക്കുന്ന സാഹചര്യത്തിൽ വള്ളിക്കുന്ന് പഞ്ചായത്തിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ സേവാഭാരതി സൗജന്യ കുടിവെള്ള വിതരണം നടത്തി.യുവമോർച്ച വള്ളിക്കുന്ന് നിയോജക മണ്ഡലം മുൻ അ ദ്ധ്യക്ഷൻ അർജ്ജുൻ മേച്ചേരി ഉദ്ഘാടനം ചെയ്തു.സേവ ഭാരതി പ്രവർത്തകരായ സനൽ രവിമംഗലം, സുനിൽ വള്ളിക്കുന്ന്, ശ്യാം ജിത് വള്ളിക്കുന്ന്, വിജേഷ് വിടി എന്നിവർ നേതൃത്വം നൽകി.

അവശ്യസാധന കിറ്റുകൾ വിതരണം ചെയ്തു

തിരൂരങ്ങാടി: മൂന്നിയൂർ, ആലിൻ ചുവട് ടൗൺ കോൺഗ്രസ് കമ്മറ്റി നൂറോളം പാവപ്പെട്ട കുടുംബങ്ങൾക്ക് അവശ്യ സാധന കിറ്റുകൾ വിതരണം ചെയ്തു, മണ്ഡലം കമ്മറ്റിയുടെ ആഹ്വാന പ്രകാരം മണ്ഡലത്തിന്റെ വിവിധ മൊഭാഗങ്ങളിൽ നടന്ന് വരുന്ന കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം മണ്ഡലം പ്രസിഡന്റ് കെ.മൊയ്തീൻ കുട്ടി നിർവ്വഹിച്ചു, ഡിസിസി മെമ്പർ കെ. വിജയൻ.മണ്ഡലം സെക്രട്ടറിമാരായ മൊയ്തീൻ മൂന്നിയൂർ, കെ. പി .മുഹമ്മദ്, ചാനേത്ത് അബ്ദു, ' സേവാദൾ മണ്ഡലം ചീഫ് എ.പി.ആഷിർ, മുഹമ്മദ് പിച്ചൻ വീടൻ, ഷാഹുൽ ഹമീദ് പരാടൻ എന്നിവർ പങ്കെടുത്തു.

കതിരൂർ ബാങ്ക് 35.80 ലക്ഷം നൽകി

തലശേരി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കതിരൂർ സർവീസ് സഹകരണ ബാങ്ക്35.80 ലക്ഷം രൂപ നൽകി. ബാങ്കിന്റെ പൊതു നന്മ ഫണ്ടിൽ നിന്നും 10 ലക്ഷവും ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം 25.57 ലക്ഷവും പ്രസിഡന്റിന്റെ ഓണറേറിയവും ഡയറക്റ്റർമാരുടെ ഒരു മാസത്തെ സിറ്റിങ് ഫീസും ഉൾപ്പെടുന്നതാണ് തുക.

കോഴിക്കോട് നഗരത്തിലെ തെരുവുനായകൾക്ക് യുവാവ് ഭക്ഷണം നൽകുന്നു. സൗത്ത് ബീച്ചിൽ നിന്നുള്ള കാഴ്ച. -വിമിത്ത് ഷാൽ

ജില്ലയിലെ ഫിഷ് ലാൻഡിങ് ഇന്നുമുതൽ ഹാർബറുകളിൽ മാത്രം

മത്സ്യ ലേലം അനുവദിക്കില്ല

സ്വന്തംലേഖകൻ

കോഴിക്കോട്: ജില്ലയിലെ എല്ലാ ചെറുകിട/പരമ്പരാഗത മത്സ്യബന്ധന ബോട്ടുകളും ഇന്നുമുതൽ ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ എന്നീ ഫിഷിങ് ഹാർബറുകളിൽ മാത്രമേ എത്താനും ലാൻഡ് ചെയ്യാനും പാടുള്ളൂ എന്ന് ജില്ലാകലക്റ്റർ എസ്.സാംബശിവ റാവു ഉത്തരവിട്ടു. മറ്റ് ഫിഷ് ലാൻഡിങ് സെന്ററുകളായ കൊയിലാണ്ടി ബീച്ച്, തിക്കോടി, കൈനാട്ടി, പള്ളിതാഴം, ബേപ്പൂർ, ചാലിയം, പുതിയാപ്പ എന്നിവിടങ്ങളിൽ ഇന്ന് മുതൽ ഫിഷ് ലാൻഡിങ് അനുവദിക്കില്ല. ഇക്കാര്യം ഉറപ്പുവരുത്താനായി ആവശ്യമായ പൊലീസ് സംഘത്തെ ജില്ലാ പൊലീസ് മേധാവികൾ നിയോഗിക്കണമെന്നു കലക്റ്റർ നിർദ്ദേശിച്ചു.ലോക്ക് ഡൗണിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ വലിയ ബോട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ചെറുകിട മത്സ്യബന്ധനം മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ചെറുകിട മൽസ്യബന്ധന ബോട്ടുകൾ നിലവിലെ ഫിഷ് ലാൻഡിങ് സെന്ററുകളിൽ മത്സ്യം എത്തിച്ച് വിപണനം നടത്തുന്നത് വൻ ജനത്തിരക്കിന് കാരണമാവുന്നുണ്ട്. ഇവിടങ്ങളിലെ ജനത്തിരക്ക് നിയന്ത്രിക്കേണ്ടത് കൊറോണ വ്യാപനം തടയുന്നതിന് അനിവാര്യമാണ്. ബോട്ടുകളിൽ നിന്ന് നേരിട്ട് ചെറുകിട കച്ചവടക്കാർക്കാണ് ഫിഷിങ് ഹാർബറുകളിൽ നിന്നും മത്സ്യം നൽക്കുക. ടോക്കൺ വ്യവസ്ഥയിലാണ് ഹാർബറിലേക്കുള്ള പ്രവേശനം. മത്സ്യത്തിന്റെ വില ഹാർബർ മാനേജ്മെന്റ് കമ്മിറ്റിയുമായി ചർച്ചചെയ്ത് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്റ്റർ തീരുമാനിക്കുന്ന നിരക്കിലായിരിക്കും. ഇവിടെ നിന്ന് മത്സ്യം എടുക്കുന്ന കച്ചവടക്കാർ ചില്ലറ മർക്കറ്റിൽ മത്സ്യം ലഭ്യമാക്കണം.മത്സ്യബന്ധനത്തിന് പുറപ്പെടുന്ന പരമ്പരാഗത മത്സ്യ തൊഴിലാളികൾ അവരുടെ യാനങ്ങളുടെ വിവരം ബേപ്പൂർ ഫിഷറീസ് കൺട്രോൾ റൂമിൽ അറിയിക്കണം. ഇതനുസരിച്ചുള്ള മുൻഗണനാ ടോക്കൺ ബന്ധപ്പെട്ട ഹാർബറുകളിൽ ലഭിക്കും. കൺട്രോൾറൂം നമ്പർ: 0495 2414074. ഈ കാര്യങ്ങൾ ഏകോപിപ്പിക്കുന്ന ഉദ്യോഗസ്ഥനുള്ള സൗകര്യങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ലഭ്യമാക്കും. മത്സ്യഫെഡിന്റെ ജില്ലയിലെ ഔട്ട്ലെറ്റ് ഇന്ന് മുതൽ തുറന്ന് പ്രവർത്തിക്കും. ജില്ലയിൽ ഒരിടത്തും മത്സ്യ ലേലം അനുവദിക്കില്ല. എല്ലാ ഹാർബറുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യമായ പൊലീസിനെ ജില്ലാ പൊലീസ് മേധാവികൾ നിയോഗിക്കും.ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്താനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഹെൽത്ത് ഓഫീസർമാരും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരും ഉറപ്പുവരുത്തണമെന്ന് കലക്റ്റർ നിർദ്ദേശിച്ചു. കൊറോണ പ്രതിരോധപ്രവർത്തനങ്ങൾക്കായി താലൂക്കടിസ്ഥാനത്തിൽ നിയോഗിച്ച നോഡൽ ഓഫീസർമാർക്കായിക്കും മേൽ പറഞ്ഞ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതലയെന്നും കലക്റ്റർ അറിയിച്ചു.

കുടിവെള്ളത്തിന് കഷ്ടപ്പെടുന്നവർക്ക് കൈത്താങ്ങുമായി സിപിഎം

തിരൂരങ്ങാടി: കൊവിഡ് കാലത്ത് കുടിവെള്ളത്തിനായി കഷ്ടപ്പെടുന്നവർക്ക് സഹായമായി കരുമ്പിൽ ഇഎംഎസ് കുടിവെള്ള പദ്ധതി. നാലു വർഷമായി തുടർച്ചയായി നടക്കുന്ന കുടിവെള്ള വിതരണം അക്കാലത്തേക്കാളെറെ ഇപ്പോഴാണ് വിലമതിപ്പുള്ളതായി മാറുന്നത്. മറ്റ് സംവിധാനങ്ങളൊക്കെ കൊറോണ വ്യാപന നിരോധനശ്രമത്തിൽ വ്യാപൃതരാകുമ്പോൾ പദ്ധതിയിലൂടെയെത്തുന്ന വെള്ളം നാട്ടുകാർക്ക് ഏറെ സഹായകമാകുകയാണ്. നാല് വർഷങ്ങൾക്ക് മുമ്പ് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്. കരിമ്പിൽ പ്രദേശത്തെ 150 ഓളം കുടുംബങ്ങൾക്കാണ് ദാഹമകറ്റാൻ നിലവിൽ പദ്ധതി താങ്ങാകുന്നത്.ആറ് ലക്ഷത്തോളം രൂപ ചെലവഴിച്ചണ് പദ്ധതി പൂർത്തീകരിച്ചത്. മുകളിലൂടെ സ്ഥാപിച്ച പൈപ്പ് ലൈനുകളിലൂടെയാണ് വീടുകളി

ഇഎംഎസ് കുടിവെള്ള പദ്ധതി വീടുകളിലെത്തി വിതരണം ചെയ്യുന്ന ഡിവൈഎഫ്ഐ, സിപിഎം പ്രവർത്തകർ

ലേക്ക് ദിവസവും ആവിശ്യമുള്ള വെള്ളം എത്തിക്കുന്നത്. ഇതിനായി കാളങ്ങാട് പാടത്ത് വലിയ കിണറും ഉണ്ട്. സി പി ഐ എം കരിമ്പിൽ ബ്രാഞ്ച് കമ്മിറ്റി അംഗം കാളങ്ങാട്ട് കുട്ടൻ സൗജന്യമായി നൽകിയ സ്ഥലത്താണ് കിണർ കുഴിച്ചത്. പ്രദേശത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ സിപിഐ എം കരിമ്പിൽ ബ്രാഞ്ചും ഡി വൈ എഫ് ഐ കരിമ്പിൽ യൂണിറ്റുമാണ് നാട്ടുകാർക്കായി ഈ മികച്ച മാതൃകയൊരുക്കിയത്. പ്രദേശത്തെ പ്രവാസികളുടെ ശക്തമായ സാമ്പത്തിക പിന്തുണ ലഭിച്ച പദ്ധതി കൂടിയാണിത്. കോറോണയുടെ പേരിൽ പ്രവാസികളെ സാമൂഹിക മാധ്യമങ്ങളിലൂടെ അധിക്ഷേപിക്കുന്നവർക്കുള്ള മറുപടി കൂടിയാണ് അവിരുടെ സഹായം കൂടി ലഭിച്ച് പ്രാവർത്തികമാക്കിയ കരുമ്പിലെ കുടിവെള്ള പദ്ധതി.

യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഭക്ഷണ വസ്തുക്കളുമായി വീടുകളിലേക്ക്

ഭക്ഷ്യവസ്തുക്കളുമായി യൂത്ത് കോൺഗ്രസ് വീടുകളിലേക്ക്

കുറ്റ്യാടി: കൊറോണാമഹാമാരിയിൽ രാജ്യം ഞെട്ടിവിറയ്ക്കുമ്പോൾ കുറ്റ്യാടിയിലെ ഒരു കൂട്ടം യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രദേശത്തെ വീടുകളിൽ ഭക്ഷ്യവസ്തുക്കൾ അടങ്ങിയ സഞ്ചിയുമായി എത്തുകയാണ്. സ്വന്തം വാഹനവും, പണവും ആദ്യമെടുത്ത് അടുത്ത കൂട്ടുകാരിൽ നിന്നും ലഭിച്ച പണവും ഉപയോഗിച്ചാണ് ആവശ്യമായ ഭക്ഷണ വസ്തുക്കൾ വീടുകളിൽ എത്തിക്കുന്നത്. അരി, വെളിച്ചണ, കടല, ഉപ്പ്, പരിപ്പ് തുടങ്ങിയ അവശ്യവസ്തുക്കളാണ് കിറ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വളയന്നൂർ, ഊരത്ത്, കമ്മനതാഴ, തുടങ്ങിയ പ്രദേശങ്ങിലാണ് ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നത്. കോറോണാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പൂർണ സുരക്ഷിതത്ത്വം പുലർത്തിയാണ് ഭക്ഷണ വിതരണം ക്രമികരിച്ചിരിക്കുന്നതെന്നും, പ്രത്യേക സാഹചര്യത്തിന്റെ ഭീകരാവസ്ഥ മനസിലാക്കി സർക്കാറിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശങ്ങൾ ജനങ്ങൾ പാലിക്കണമെന്ന സന്ദേശം പ്രചരിപ്പിക്കുക കൂടിയാണ് ലക്ഷ്യമെന്നും ഭക്ഷ്യവസ്തു വിതരണത്തിന് ചുക്കാൻ പിടിച്ചു കൊണ്ട് യൂത്ത് കോൺഗ്രസ് വടകര പാർലിമെന്റ് ഉപാധ്യക്ഷൻ ശ്രീജേഷ് ഊരത്ത്, നിയോജക മണ്ഡലം ജന: സിക്രട്ടറിമാരായ അസ്ഹർ കുറ്റ്യാടി, ജിതിൻ കെ.കെ.എന്നിവർ പറഞ്ഞു.

കർഷകർ ഹാപ്പി; കൊയ്ത്ത് യന്ത്രം എത്തി

ചെറുമുക്ക് പാടത്ത് കൊയ്ത്ത് ആരംഭിച്ചപ്പോൾ

തിരൂരങ്ങാടി: ജില്ലയിൽ തന്നെ ഏക്കറ കണക്കിന് വ്യാപിച്ചു കിടക്കുന്ന നെൽ കൃഷി കൊയ്ത്തിന് തെയ്യാറായിട്ട് ഇരുപത് ദിവസത്തോളമായിരുന്നു. കൊവിഡ് 19 ആശങ്കയിൽ കൊയ്ത്ത് മെഷീൻ ഡ്രൈവർമാർ ചെറുമുക്ക് വയലിൽ ഉപേക്ഷിച്ച് ഡ്രൈവർമാർ തമിൽനാട്ടിലേക്ക് പോയതോടെ നെല്ല് നഷ്ടപെടുമോ എന്ന ആശങ്കയിലായിരുന്നു ഇവിടത്തേ കർഷകർ, കർഷകരോട് ഉടൻ പരിഹാരം കാണാമെന്ന് പ്രദേശത്തേ ചെറുമുക്ക് നാട്ടുകാര്യം കൂട്ടായ്മ ഭാരവാഹികൾ തുണയായി. കൃഷി മന്ത്രി, ജില്ല കലക്റ്റർ, ജില്ലാ കൃഷി ഓഫീസർ എന്നിവരുടെ ശ്രദ്ധയിൽ പെടുത്തുകയും ഇതിനോരു പരിഹാരം ഉടൻ തരാമെന്ന് ഉദ്യോഗസ്ഥർ ഉറപ്പ് നൽകുകയും ചെയ്തു. കർഷകരും കുട്ടാഴ്മമ പ്രവത്തകരുടെയും നിരന്തര ശ്രമഫലമായി ഇന്നലെ രാവിലെ മുന്ന് കൊയ്ത്ത് യന്ത്രം പ്രദേശത്ത് എത്തുകയും ചെയ്തു, വേനൽമഴ വന്നു കഴിഞ്ഞാൽ നെൽകൃഷിയിൽ വെള്ളം എത്തിയാൽ മെഷീൻ ഉപയോഗിച്ച് കൊയ്ത് എടുക്കാൻ പ്രയാസമാണ്, അങ്ങനെ വന്നാൽ ഏക്കറ കണക്കിന് നെൻകൃഷിയാകും ചെറുമുക്ക്, തിരൂരങ്ങാടി, കടുവള്ളൂർ, ചെമ്മാട്, കക്കാട് ഭാഗങ്ങളിൽ നശിക്കുക, ജില്ലാ കൃഷി വകുപ്പിന്റെ കാർഷിക എൻജിനീയർ വിഭാഗമായ ആനക്കയത്ത് നാലു കൊയ്ത്ത് മെഷീനാണ് ഉള്ളത്, അത് കൊണ്ടാണ് അന്യസംസ്ഥാനത്ത് നിന്ന് മെഷീനുകൾ ഇവിടെ എത്തുന്നത്, തൃശൂരിലാണ് കൊയ്ത്ത് മെഷീൻ കൂടുതൽ ഉള്ളത് അവിടെ നിന്ന് എപ്രിൽ 15ന് കൂടുതൽ മെഷീൻ ജില്ലയിൽ എത്തുമെന്നും ജില്ലാ കൃഷി ഓഫീസർ ജമാലുദ്ധീൻ പറഞ്ഞു.

എൻജിഒ അസോസിയേഷൻ സംസ്ഥാന സമിതി അംഗം വി.എം. ചന്ദ്രൻ കുറ്റ്യാടി പൊലീസ് സ്റ്റേഷനിൽ മുഖാവരണങ്ങൾ കൈമാറുന്നു.

മുഖാവരണങ്ങൾ കൈമാറി

കുറ്റ്യാടി: കോവിഡ്.19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കുറ്റ്യാടി പൊലീസ് സ്റ്റേഷനിൽ എൻ.ജി.ഒ. അസോസിയേഷൻ ത്രിലയർ മാസ്ക്കുകൾ നൽകി. സംസ്ഥാന സമിതി അംഗം വി. എം. ചന്ദ്രൻ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് കൈമാറി.
സംസ്ഥാന കമ്മിറ്റി അംഗം സിജു.കെ.നായർ, കെ.ജി.ഒ യു നേതാവു. എ.സുബൈർ എന്നിവർ പങ്കെടുത്തു. ഇക്കഴിഞ്ഞ ദിവസങ്ങളിൽ നാദാപുരം കുറ്റാടി മേഖലകളിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലും എൻ.ജി.ഒ. അസോസിയേഷൻ മാസ്കുകൾ വിതരണം ചെയ്തിരുന്നു.

നിരോധനം ലംഘിച്ച് എം സാന്റ് കടത്തിയവർ പിടിയിൽ

തേഞ്ഞിപ്പലം : ചേലേമ്പ്രയിൽ കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ നിരോധനം ലംഘിച്ച് എം സാന്റ് കടത്തിയ ഗുഡ്സ് ഓട്ടൊയും ഡ്രൈവറും പിടിയിൽ. ചേലേമ്പ്ര ഇടിമുഴിക്കൽ ഭാഗത്ത്നിന്ന് പനയപുറം ഭാഗത്തേക്ക് എം സാന്റ് കടത്തിയ ഗുഡ്സ് ഓട്ടോറിക്ഷയാണ് പൊലീസ് ഇന്നലെ പിടിച്ചെടുത്തത്. വിലക്ക് ലംഘിച്ച് അനധികൃതമായി വാഹനം ഓടിച്ച ഡ്രൈവർക്കെതിരേയും പൊലീസ് കേസെടുത്തു. കാലിക്കറ്റ് യൂണിവേഴ്സിറ്റി കൊടക്കാട്ടകത്ത് മുഹമ്മദീഷയുടെ മകൻ കെ അബ്ദുൾ സലാം (40) നെ തിരേയാണ് പൊലീസ് കേസെടുത്തത്.

അനധികൃതമായ് ചായക്കട നടത്തിയവർക്കെതിരേ കേസ്

തേഞ്ഞിപ്പലം: പൊലീസ് സ്റ്റേഷൻ പരിധിയിൽ വിവിധയിടങ്ങളിൽ വിലക്കുകൾ മറികടന്ന് അനധികൃതമായി ചായക്കട നടത്തിയ നാല് കടക്കാർക്കെതിരേ പൊലീസ് കേസെടുത്തു. ചേലേമ്പ്ര സ്വദേശികളായ പൈങ്ങോട്ടൂർ - കോങ്ങാട്ട് വീട്ടിൽ സൈതാലിയുടെ മകൻ കെ ടി ബീരാൻകുട്ടി (60), പൈങ്ങോട്ടൂർ ചാപ്രത്തയിൽ മമ്മാലി മകൻ എം സി മുഹമ്മദ് (65), പള്ളിക്കൽ സ്വദേശികളായ പരുത്തിക്കോട് ചാലോട്ടി വീട്ടിൽ അബൂബക്കർ മകൻ മുഹമ്മദ് ബഷീർ (47), പള്ളിക്കൽ ബസാർ കോഴിപ്പുറം ഇമ്പിച്ചി കോയതങ്ങൾ മകൻ മുത്തുകോയതങ്ങൾ (55) എന്നിവർക്കെതിരേയാണ് കേസ് .നിരോധനം ലംഘിച്ച് ചായക്കട തുറന്ന് പ്രവർത്തിച്ചതായ് പൊലീസ് വ്യക്തമാക്കിയത്.

കുറ്റ്യാടി പുതിയ ബസ് സ്റ്റാൻഡിൽ തെരുവ് നായ്ക്കളുടെ പ്രകടിപ്പിച്ച കരവിരുത്

തെരുവ് നായ്ക്കളുടെ കരവിരുത് കൗതുകമാകുന്നു

സി.പി. രഘുനാഥ്

കുറ്റ്യാടി: ആയിരകണക്കിനാളുകൾ എത്തുന്ന കുറ്റ്യാടി പുതിയ ബസ് സ്റ്റാൻഡിലെ ഗുഹ മുഖങ്ങൾ കൗതുകമാവുകയാണ്. ബസ് സ്റ്റാന്റ് നിർമ്മാണ പ്രവർത്തനങ്ങൾ ക്കായി നിക്ഷേപിച്ച മണൽ കൂന മാന്തി എടുത്ത് ഗുഹ മുഖ രൂപമാക്കിയിരിക്കുകയാണ് തെരുവ് നായ്ക്കൾ. കൊറോണ പ്രതിരോധ നടപടികളുടെ ഭാഗമായി ബസ് സ്റ്റാൻഡിൽ വാഹനങ്ങളുടെ വരവ് നിലച്ച് ആള നക്കമില്ലാത്ത അവസ്ഥയിലാണ് തെരുവ് നായ്ക്കൾ മണൽ കൂനയിൽ തങ്ങളുടെ കരവിരുത് പ്രകടമാക്കിയത്.

ബാലുശേരിയിൽ വൻ വ്യാജമദ്യ വേട്ട

ബാലുശേരി: എക്സൈസ് റെയ്ഞ്ച് പാർട്ടിയും കോഴിക്കോട് ഇന്റലിജന്റ്സ് ബ്യൂറോയും സംയുക്തമായി നടുവണ്ണൂർ- മന്ദങ്കാവ് ഭാഗങ്ങളിൽ നടത്തിയ റെയ്ഡിൽ 200 ലിറ്റർ വാഷ് കണ്ടെത്തി നശിപ്പിച്ചു. രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു.കഴിഞ്ഞ ദിവസം മന്ദങ്കാവിൽ വച്ച് 300 ലിറ്റർ വാഷ് എക്സൈസ് കണ്ടെത്തിയിരുന്നു. റെയ്ഡിൽ പ്രിവന്റീവ് ഓഫീസർമാരായ സി.ശശി, വി. പ്രജിത്ത്., സിവിൽ എക്സൈസ് ഓഫീസർമാരായ നൈജീഷ്.ടി, ഷിജു.ടി, വനിത സിഇഒ സുജ, ഡ്രൈവർ പ്രജീഷ് എന്നിവർ പങ്കെടുത്തു. സ്ഥലത്ത് പട്രോളിങ് ശക്തിപ്പെടുത്തുമെന്ന് എക്സൈസ് ഇൻസ്പെക്റ്റർ മനോജ് പടിക്കത്ത് അറിയിച്ചു.

സന്നദ്ധ പ്രവർത്തകർക്ക് പരിരക്ഷയുമായി ലയൺസ് ക്ലബ്

മാസ്കും സാനിറ്റൈസറും ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സി രാജേഷ് ലയൺസ് ക്ലബ് ഭാരവാഹികളിൽ നിന്ന് ഏറ്റുവാങ്ങുന്നു

തേഞ്ഞിപ്പലം: ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റി ലയൺസ് ക്ലബ് ഹാൻഡ് സാനിറ്റൈസറും മാസ്ക്കുകളും നൽകി. ദേവകി അമ്മ മെമ്മോറിയൽ ഫാർമസി കോളെജുമായി സഹകരിച്ചാണ് സാനിറ്റൈസറും മാസ്ക്കുകളും തയ്യാറാക്കിയത്. പഞ്ചായത്തിലെ 60 സന്നദ്ധ പ്രവർത്തക വളണ്ടിയർമാർക്കാണ് മാസ്കും സാനിറ്റൈസറും വിതരണം ചെയ്തത്. നേരത്തെ ലയൺസ് ക്ലബ് പഞ്ചായത്തുമായി സഹകരിച്ച് കോറോണ ബോധവത് കരണ ക്ലാസും സംഘടിപ്പിച്ചിരുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. രാജേഷ് - ലയൺസ് ക്ലബ് സെക്രട്ടറി ചാൾസ് പി ചാണ്ടിയിൽ നിന്നും ഏറ്റുവാങ്ങി. പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ സി. ശിവദാസൻ, വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ അസീസ് പാറയിൽ, ലയൺസ് ക്ലബ് പ്രസിഡന്റ് എം. നാരായണൻ, ട്രഷറർ ബി. പ്രേംജി, ലയൺസ് ക്ലബ് ജി. എസ്. ടി. കോർഡിനേറ്റർ സജിമോൻ പി. നായർ എന്നിവർ.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 95 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

സുഹാനയുടെ പരീക്ഷണങ്ങൾ

ഷാരൂഖ് ഖാന്റെ മകൾ സുഹാന ഖാൻ സാധാരണയായി സോഷ്യൽ മീഡിയിയിൽ നിന്നും അകലം പാലിക്കുന്ന പെൺകുട്ടിയാണ്. എന്നാൽ താരം പങ്കുവെക്കുന്ന ചിത്രങ്ങൾ പെട്ടന്ന് ആരാധകർ ഏറ്റെടുക്കാറുണ്ട്. കഴിഞ്ഞ ദിവസം താരം പങ്കുവെച്ച് രണ്ട് ചിത്രങ്ങളാണ് ആരാധകരെ ഞെട്ടിച്ചിരിക്കുന്നത്. ഇൻസ്റ്റഗ്രാമിൽ താരം തന്നെ പങ്കുവെച്ച സെൽഫികളാണ് ശ്രദ്ധേയമാകുന്നത്.

മുഖം പാതിവെളിച്ചത്തിൽ നിൽക്കുന്ന സുഹാനയുടെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ വൈറലാണ്. നീട്ടി കണ്ണുകൾ എഴുതിയിരിക്കുന്ന സുഹാന പോണിടെയിലായാണ് ആണ് മുടി കെട്ടിയിരിക്കുന്നത്. തിളക്കമുള്ള കമ്മലും ചെറിയ മാലയും ധരിച്ചിട്ടുണ്ട്. സ്ലീവ് ലസ്സിൽ നിൽക്കുന്ന താരത്തിന്റെ ചിത്രങ്ങൾക്ക് താഴെ നിരവധി ആരാധകരാണ് കമന്റുമായി എത്തിയിരിക്കുന്നത്.

സുഹാന അടുത്തിടെയാണ് തന്റെ ഇൻസ്റ്റാഗ്രാം അക്കൗണ്ട് പരസ്യമാക്കിയത്. ഇൻസ്റ്റഗ്രാം പേജിൽ ഏകദേശം 500,000 ഫോളോവേഴ്സ് ഉണ്ട്. അതിൽ ആലിയ ഭട്ട്, കത്രീന കൈഫ് തുടങ്ങിയ താരങ്ങൾ ഉൾപ്പെടുന്നു.സുഹാന കുടുംബത്തോടൊപ്പം ഇന്ത്യയിലാണ് താമസിക്കുന്നത്. ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ ഫിലിം മേക്കിങ് വിദ്യാർഥിയാണ് സുഹാന.

കുച്ചിപ്പുടിയുമായി മഞ്ജു

കൊറോണ കാലത്ത് വീട്ടു വിശേഷങ്ങളെല്ലാം പങ്കുവെച്ച് സിനിമാ താരങ്ങളും എത്തുകയാണ്. 21 ദിവസത്തെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിന് പിന്നാലെ വീട്ടിൽ തന്നെയാണ് അധികപേരും. അപ്രതീക്ഷിതമായി കിട്ടിയ ഒഴിവുവേളകൾ ആസ്വദിക്കുകയാണ് എല്ലാവരും. ഒപ്പം ഈ സമയത്ത് ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് സഹായ ഹസ്തവുമായി എത്തുന്നുമുണ്ട് താരങ്ങൾ. നടി മഞ്ജു വാര്യർ അടക്കമുള്ളവർ നേരത്തെ സഹായവുമായി എത്തിയിരുന്നു. മറ്റു താരങ്ങളെ പോലെ മഞ്ജുവും ലോക്ക് ഡൗൺ സമയത്ത് സോഷ്യൽ മീഡിയയിൽ സജീവമാണ്. കൊറോണ ബോധവൽക്കരണവുമായി നടിയും രംഗത്തെത്തുന്നുണ്ട്. ഇപ്പോൾ മഞ്ജു വാര്യരുടെതായി വന്ന പുതിയ ഇൻസ്റ്റഗ്രാം വീഡിയോ സോഷ്യൽ മീഡിയയിൽ വൈറലായി മാറിയിരിക്കുന്നു.

ഏറെക്കാലത്തിന് ശേഷം ഇത്തവണ ഒരു ഡാൻസ് വീഡിയോ ആണ് മഞ്ജു പങ്കുവെച്ചിരിക്കുന്നത്. സിനിമകൾക്കൊപ്പം നൃത്തവും ഒരേപോലെ കൊണ്ടു പോവുന്ന താരമാണ് മഞ്ജു വാര്യർ. കുച്ചുപ്പുടിയുടെ ചുവടുകൾ വെച്ചാണ് മഞ്ജു വാര്യർ എത്തിയിരിക്കുന്നത്. ആ പഴയ കലാതിലകത്തെ വീണ്ടും തിരഞ്ഞ് കണ്ടുപിടിച്ചു കൊണ്ടുവരിയാണ് നടി. മഞ്ജുവിന്റെ വീഡിയോയ്ക്ക് പിന്നാലെ ലൈക്കും കമന്റുകളുമായി ആരാധകർ ഒന്നടങ്കം എത്തിയിട്ടുണ്ട്. അധികപേരും കുറെ കാലത്തിന് ശേഷം നടിയുടെ ഡാൻസ് കണ്ടതിന്റെ സന്തോഷമാണ് പങ്കുവെച്ചത്

മഞ്ജു വാര്യരെ അഭിനന്ദിച്ച് ഭാവന, മുരളി ഗോപി, പേളി മാണി, സാനിയ അയ്യപ്പൻ, റിമി ടോമി, പൂർണിമ ഇന്ദ്രജിത്ത്, നീരജ് മാധവ്, നേഹ സക്സേന, ജ്യോത്സന രാധാകൃഷ്ണൻ, രചന നാരായണൻക്കുട്ടി, ദിവ്യപ്രഭ തുടങ്ങിയ താരങ്ങളും എത്തിയിരുന്നു. നടിയുടെ പുതിയ ഡാൻസ് വീഡിയോ ആരാധകർ ഒന്നടങ്കം ഏറ്റെടുത്തിരിക്കുകയാണ്. മലയാളത്തിൽ പ്രതി പൂവൻ കോഴിയാണ് മഞ്ജു വാര്യരുടെതായി ഒടുവിൽ പുറത്തിറങ്ങിയ സിനിമ. റോഷൻ ആൻഡ്രൂസ് സംവിധാനം ചെയ്ത ചിത്രം ശ്രദ്ധിക്കപ്പെട്ടിരുന്നു. കഴിഞ്ഞ വർഷം ലൂസിഫർ, അസുരൻ തുടങ്ങിയ സിനിമകളും നടിയുടെതായി വലിയ വിജയം നേടിയിരുന്നു.

ഹിന്ദിയിൽ പാട്ടെഴുതി ഉണ്ണി മുകുന്ദൻ

ലോക് ഡൗൺ കാലത്ത് വീട്ടിലിരിക്കുന്ന സമയം കൃത്യമായി വിനിയോഗിക്കുകയാണ് നടൻ ഉണ്ണി മുകുന്ദൻ. മരട് ഫ്ളാറ്റ് പൊളിക്കലിനെ പ്രമേയമാക്കി കണ്ണൻ താമരക്കുളം സംവിധാനം ചെയ്യുന്ന 'മരട് 357' ചിത്രത്തിന് ഹിന്ദിയിൽ ഗാനം എഴുതുകയാണ് താരം. ചിത്രത്തിന്റെ ക്ലൈമാക്സ് രംഗത്തിനടുത്തു വരുന്ന ഗാനമാണ് ഉണ്ണി ഒരുക്കുന്നത്.

മൂന്ന് മിനിറ്റു ദൈർഘ്യം വരുന്ന പശ്ചാത്തല സംഗീതമായാണ് ഹിന്ദി പാട്ട് ചിട്ടപ്പെടുത്തിയിരിക്കുന്നത്. കണ്ണൻ താമരക്കുളത്തിന്റെ കഴിഞ്ഞ വർഷത്തെ ഹിറ്റ് ചിത്രം 'പട്ടാഭിരാമന്' പശ്ചാത്തല സംഗീതം ഒരുക്കിയ സാനന്ദ് ജോർജ് ഗ്രേസ് തന്നെയാണ് മരടിനും പശ്ചാത്തല സംഗീതം ഒരുക്കുന്നത്.

അച്ചായൻസ് എന്ന സിനിമയിലൂടയാണ് ഉണ്ണി മുകുന്ദൻ പിന്നണി ഗായകനാകുന്നത്. "അനുരാഗം പുതു മഴ പോലെ" എന്ന ഗാനമാണ് ഉണ്ണി ആദ്യം ആലപിച്ച ഗാനം. താരത്തിന് വളരെയധികം പ്രശംസ നേടി കൊടുത്ത ആ ഗാനത്തിന്റെ രചനയും ഉണ്ണി തന്നെ ആയിരുന്നു. മമ്മൂട്ടി ചിത്രം 'കുട്ടനാടൻ ബ്ലോഗ്' എന്ന സിനിമയിലെ ഉണ്ണി പാടിയ "ചാരത്തു നീ വന്ന നേരം" എന്ന ഗാനവും ആരാധകർ ഇരുകൈയും നീട്ടി സ്വീകരിച്ചിരുന്നു. കൂടാതെ മമ്മൂട്ടിയുടെ 'ഷൈലോക്കി'ലെ "എക്താ ബോസ്" എന്ന ഗാനവും ഉണ്ണിയാണ് പാടിയത്.

ദിനേശ് പള്ളത്ത് തിരക്കഥ ഒരുക്കുന്ന മരട് 357 നിർമിക്കുന്നത് അബാം മൂവീസിന്റെ ബാനറിൽ അബ്രഹാം മാത്യുവും സ്വർണലയ സിനിമാസിന്റെ ബാനറിൽ സുദർശനൻ കാഞ്ഞിരക്കുളവും ചേർന്നാണ്. അനൂപ് മേനോൻ, ധർമജൻ, മനോജ് കെ ജയൻ, ഷീലു എബ്രഹാം, നൂറിൻ ഷെരീഫ് ,ബൈജു സന്തോഷ്, സാജിൽ, സെന്തിൽ കൃഷ്ണ എന്നിവർ ചിത്രത്തിലെ പ്രധാന താരങ്ങൾ.

ആസിഫ് പറയുന്നത്

കൊറോണ വൈറസ് വ്യാപനം തടയുന്നതിന് വേണ്ടി നമുക്ക് വീട്ടിൽ തന്നെയിരിക്കാം എന്ന സന്ദേശവുമായി നടൻ ആസിഫ് അലി. ഫെയ്സ്ബുക്കിൽ പങ്കുവെച്ച വീഡിയോയിൽ ആണ് താരം ഈ കാര്യം വ്യക്തമാക്കുന്നത്. നമ്മൾക്ക് വേണ്ടി കഷ്ടപ്പെടുന്ന ഒരുപാട് പേർക്ക് വേണ്ടി നമുക്ക് വീട്ടിൽ കഴിയാമെന്ന് താരം വീഡിയോയിൽ പറയുന്നു.

രാജസ്ഥാനിൽ നിന്നും തിരിച്ചെത്തിയ താരം ഇപ്പോൾ ക്വാറന്റൈനിൽ കഴിയുകയാണ്. വീട്ടിൽ പോകാൻ സാധിച്ചില്ലെന്നും ദിവസങ്ങളായി ഇവിടെ തുടരുകയാണ്. എനിക്കറിയാം നിങ്ങൾ എല്ലാവരും വീടുകളിൽ തന്നെയായിരിക്കും. നല്ലൊരു നാളെക്കായി നമുക്ക് വീട്ടിൽ തന്നെയിരിക്കാമെന്ന് വീഡിയോയിൽ പറയുന്നു.

പൊലീസ്, ആരോഗ്യ പ്രവർത്തകർ, എല്ലാവരും നമുക്ക് വേണ്ടിയാണ് കഷ്ടപെടുന്നത്. സമൂഹ വ്യാപനം ഇല്ലാതിരിക്കാൻ നമ്മൾ എല്ലാവരും വീട്ടിൽ തന്നെ തുടരണമെന്നും. കൈയിൽ നിന്ന് പോയാൽ പിടിച്ചാൽ കിട്ടാത്ത ഒന്നായി മാറും ഈ വൈറസ് അത്

കൊണ്ട് എല്ലാവരും വീട്ടിൽ തന്നെ ഇരിക്കണമെന്നും താരം പറയുന്നു. നമ്മളെ സ്നേഹിക്കുന്നവർക്കുവേണ്ടി നമ്മൾ അത് ചെയ്യണമെന്നും പറഞ്ഞാണ് താരം വീഡിയോ അവസാനിപ്പിക്കുന്നത്.

ടെലിവിഷൻ റേറ്റിങ്ങിൽ ചരിത്രമായി രാമായണത്തിന്റെ പുനഃസംപ്രേഷണം

രാമായണം പുനഃസംപ്രേഷണം ചെയ്ത ആദ്യ രണ്ട് ദിനങ്ങളെ (ശനി, ഞായർ) അടിസ്ഥാനമാക്കിയുള്ളതാണ് കണക്ക്. ശനിയാഴ്ച്ച രാവിലെ പരിപാടിയുടെ ആദ്യ എപ്പിസോഡ് സംപ്രേഷണം ചെയ്തപ്പോൾ 3.4 കോടി കാഴ്ച്ചക്കാരെയാണ് ലഭിച്ചതെങ്കിൽ ഞായറാഴ്ച്ച വൈകിട്ടോടെ അത് 5.1 കോടി ആയി ഉയർന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ഷോ ആരംഭിച്ചത് മുതലുള്ള ഡിഡി നാഷണലിന്റെ കാഴ്ച്ചക്കാരുടെ നിരക്കിലുള്ള വളർച്ചയെ പ്രതിഫലിപ്പിക്കുന്ന വ്യൂവർഷിപ്പ് കണക്കുകൾ അടുത്ത ആഴ്ച ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിൽ പുറത്തിറക്കും.ലോക്ക്ഡൗൺ പ്രഖ്യാപിച്ച് രാജ്യം മുഴുവൻ വീട്ടിലിരിക്കുന്ന സമയത്താണ്, 1980-കളിൽ ദൂർദർശനിൽ സംപ്രേഷണം ചെയ്തിരുന്ന രാമായണം, മഹാഭാരതം തുടങ്ങിയ പരമ്പരകൾ പുനഃസംപ്രേഷണം ചെയ്യാൻ തീരുമാനിച്ചത്.

വൈറസ് പട നയിച്ച് തമിഴ് സിനിമ

വൈറസും സിനിമയും

സുധീർ നാഥ്

ഇന്ത്യയിൽ വൈറസ് വിഷയമായി ഒരു ഡസനിലേറെ സിനിമകൾ ഇറങ്ങിയിട്ടുണ്ട്. തമിഴ് സിനിമകളാണ് കൂടുതലും. രണ്ടാമതായി തെലുങ്ക് സിനിമയും. റയ്സ് ഓഫ് ദി സോംബി എന്ന ഇന്ത്യൻ സിനിമയിൽ ഒരു വന്യജീവി ഫോട്ടോഗ്രാഫറെ ഒരു മൃഗം കടിക്കുകയും വൈറസ് ബാധ ഉണ്ടാകുകയും ചെയ്യുന്നു. വൈറസ് ബാധയുടെ ഭീകരതയാണ് സിനിമയെ മുന്നോട്ട് നയിക്കുന്നത്. അസാൻ എന്ന മറ്റൊരു ഇന്ത്യൻ സിനിമ പറയുന്നത് വൈറസിന്റെ ബയോളജിക്കൽ ആയുധമാക്കിയുള്ള ആക്രമണത്തെ കുറിച്ചാണ്. ഗോ ഗോവ ഗോ എന്ന സിനിമ ഗോവയിൽ വിനോദത്തിനെത്തുന്ന യുവാക്കൾക്ക് വൈറസ് ബാധ ഏൽക്കുന്നതാണ്. ദി ഡെഡ് പാർട്ട് ടു പൂർണമായും ഇന്ത്യൻ സിനിമയല്ലെങ്കിലും കഥ നടക്കുന്നത് ഇന്ത്യയിലാണ്. സൊമാലിയയിൽ നിന്ന് ഇന്ത്യയിലെത്തുന്ന വൈറസ് പടരുന്നതും, അത് തിരിച്ചറിഞ്ഞ രാജസ്ഥാനിലെ ഒരു എൻജിനിയർ വൈറസ് ബാധ ഏറ്റവരെ ഇല്ലായ്മ ചെയ്ത് മറ്റുള്ളവരെ രക്ഷിക്കുന്നതുമാണ് ഇതിവൃത്തം.

2014 ൽ തമിഴിൽ പുറത്തിറങ്ങിയ വായ് മൂടി പേശവും എന്ന ബാലാജി മോഹൻ സംവിധാനം ചെയ്ത സിനിമ പറയുന്നതും വൈറസ് കഥയാണ്. സംസാരം ആരോഗ്യത്തിന് ഹാനികരം എന്ന പേരിൽ ഈ സിനിമ മലയാളത്തിലും നിർമിച്ചിട്ടുണ്ട്. മ്യൂട്ട് ഫ്ലൂ എന്ന രോഗം വൈറസ് മൂലം പടർന്ന് ജനങ്ങളിൽ സംസാരശേഷി നഷ്ടപ്പെടുത്തുന്നതാണ് കഥ. പട്ടണത്തിൽ ആരും സംസാരിക്കരുതെന്ന നിയമം വരുന്നതും, വൈറസിനെ തുരത്തുന്ന പ്രതിരോധ മരുന്ന് കണ്ടുപിടിക്കുന്നതുമാണ് കഥ.

2015ൽ പ്രശസ്ത തമിഴ് സംവിധായകൻ ശങ്കറിന്റെ ഐ എന്ന സിനിമ വൈറസിനെ വിഷയമാക്കിയതാണ്. വിക്രമാണ് ഈ സിനിമയിൽ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചത്. ഒരു പകരുന്ന വൈറസ് മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നതും പ്രായമായവരെപ്പോലെ യുവാക്കളെ മാറ്റുന്നതുമാണ് കഥാതന്തു. മിരുഗം എന്ന തമിഴ് സിനിമയും ദശാവതാരം എന്ന കമലാഹാസൻ സിനിമയും വൈറസ് കേന്ദ്രീകരിച്ചാണ് കഥ പറയുന്നത്. ഗോസ്റ്റ് സ്റ്റോറി എന്ന സിനിമയിൽ നാല് കഥകളാണ് ഉള്ളത്. അതിൽ ഒരു കഥ വൈറസിനെ കുറിച്ചാണ്.

ഏഴാം അറിവ് (സെവൻത് സെൻസ്) എന്ന തമിഴ് ചിത്രം എറെ ചർച്ച ചെയ്യപ്പെട്ട സിനിമയാണ്. ഇതിന്റെ മലയാള പരിഭാഷാ ചിത്രവും പുറത്തിറങ്ങിയിട്ടുണ്ട്. എ.ആർ. മുരുകദാസ് സംവിധാനം ചെയ്ത ചിത്രത്തിൽ നടൻ സൂര്യയാണ് മുഖ്യ കഥാപാത്രമായി എത്തുന്നത്. ആയുധവിദ്യയിലും ഔഷധ ശാസ്ത്രത്തിലും നിപുണനായ ബോധിധർമൻ എന്ന കഥാപാത്രം ഗുരുമാതാവിന്റെ ആവശ്യപ്രകാരം മൂന്ന് വർഷത്തെ പ്രയാണം കൊണ്ട് ചൈനയിലെ നാൻ എന്ന ഗ്രാമത്തിൽ എത്തി ചേരുന്നു.

ചൈനയിലെ ഈ ഗ്രാമത്തിലെ ആപത്തിന് രക്ഷകനായാണ് ഗുരുമാതാവ് ബോധിധർമനെ അയയ്ക്കുന്നത്. ഒരു അപൂർവ വൈറസ് ജനങ്ങളെ കൊന്നൊടുക്കുകയാണ്. മൃഗങ്ങളെപ്പോലെ ആക്രമണ സ്വഭാവമുള്ള മനുഷ്യരിൽ നിന്നും ബോധിധർമൻ ഗ്രാമീണരെ രക്ഷിക്കുന്നതാണ് ചിത്രത്തിൽ. സൂര്യ ചിത്രത്തിൽ ആധുനിക കാലഘട്ടത്തെ കൂടി പ്രതിനിധാനം ചെയ്യുന്നു. ചൈന ഇന്ത്യയ്ക്ക് നേരെ ബയോളജിക്കൽ യുദ്ധം പദ്ധതി ഇടുന്നതും ചിത്രത്തിൽ വിഷയമാക്കിയിട്ടുണ്ട്. കൊവിഡ് കാലത്തിനു സമാനമായ സാഹചര്യങ്ങളാണ് സിനിമയിലും കാണുവാൻ സാധിക്കുന്നത്. ഖയാമത്ത്, ദി റോക്ക് എന്നീ ഇന്ത്യൻ ചിത്രങ്ങളും വൈറസ് വിഷയമാക്കിയാണ് ആവിഷ്കരിച്ചിരിക്കുന്നത്.

2019ൽ പുറത്തിറങ്ങിയ മലയാളത്തിൽ വൈറസ് എന്ന പേരിൽ പുറത്തിറങ്ങിയ സിനിമ ഏറെ ശ്രദ്ധ

പിടിച്ചു പറ്റിയ ഒന്നായിരുന്നു. ആഷിഖ് അബു സംവിധാനം ചെയ്ത സിനിമ 2018ലെ നീപ്പ വൈറസാണ് വിഷയമാക്കിയിരിക്കുന്നത്.

യഥാർഥ സംഭവമാണ് ചിത്രീകരിച്ചിരിക്കുന്നത് എന്നത് സിനിമയെ വേറിട്ട് നിർത്തുന്നു. രാഷ്ട്രീയ, സാമൂഹ്യ, ആരോഗ്യ രംഗത്തുള്ള സേവന സന്നദ്ധരായവർ നീപ്പ വൈറസിനെ തടയുവാൻ നടത്തുന്ന ശ്രമമാണ് സിനിമയിൽ പറയുന്നത്. മന്ത്രിയും, കലക്റ്ററും, നഴ്സും, ഡോക്റ്ററും ഇതിൽ കഥാപാത്രങ്ങളാകുന്നു.

ലോക് ഡൗൺ കാലത്തെ നല്ല കാര്യങ്ങൾ

കൊറോണ വൈറസ് പടരുന്ന സാഹചര്യത്തിൽ പ്രതിരോധത്തിന്റെ ഭാഗമായി രാജ്യം മുഴുവൻ ലോക്ഡൗണിലാണ്. സിനിമ ഷൂട്ടിങ്, സ്റ്റേജ് ഷോകൾ എന്നിവ നിർത്തിവെച്ചിരിക്കുകയാണ്. ലോക്ഡൗൺ കാലത്ത് ആരാധകർക്കായി താരങ്ങൾ വിശേഷങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. എന്നാൽ ഇപ്പോഴിതാ ലോക്ഡൗൺ കാലയളവിൽ സംഭവിച്ച രസകരമായ ഒരു കാര്യത്തെക്കുറിച്ച് വെളിപ്പെടുത്തൽ നടത്തിയിരിക്കുകയാണ് സംഗീത സംവിധായകൻ ഗോപി സുന്ദർ.

മൃഗങ്ങളോട് കരുണ കാണിക്കാൻ തുടങ്ങി എന്നതാണ് ലോക്ഡൗണിൽ സംഭവിച്ച നല്ല കാര്യമെന്ന് ഗോപി സുന്ദർ ഇൻസ്റ്റയിൽ കുറിച്ചു. ഒരു നല്ല കാര്യം ആരാധകരുമായി പങ്കുവെക്കാനുണ്ടെന്നും മൃഗങ്ങളോട് അല്പം കരുണ കാണിക്കാൻ തുടങ്ങി എന്നുമായിരുന്നു താരത്തിന്റെ പോസ്റ്റ്. അഭയ ഹിരൺമയിക്കൊപ്പം ആടിനെ ചേർത്തു പിടിച്ചുകൊണ്ട് നിൽക്കുന്ന ചിത്രം പങ്കുവെച്ചാണ് ഗോപി സുന്ദർ കുറിപ്പെഴുതിയിരിക്കുന്നത്.

മൃഗങ്ങളോട് അല്പം കരുണ കാണിക്കാൻ തുടങ്ങി എന്നതാണ് ലോക് ഡൗണിൽ സംഭവിച്ച ഏറ്റവും നല്ല കാര്യം. അവർക്ക് ഭക്ഷണം നൽകാനും അവരെ ശ്രദ്ധിക്കാനും തുടങ്ങി. ഒന്നും നിർബന്ധപൂർവം ആകരുത്. എത്രയോ ഭക്ഷണവും വെള്ളവും ബാക്കി വരുന്നു. ചെയ്യാനുള്ള കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുക. അവസാനം നമ്മൾ തിരിച്ചറിയും പ്രകൃതിയാണ് യഥാർഥ ദൈവമെന്ന്' ഗോപി സുന്ദർ കുറിച്ചു.സോഷ്യൽ മീഡിയയിൽ ഏറെ ആരാധകരുള്ള താര

മാണ് ഗോപി സുന്ദർ. ഗോപി സുന്ദറിന്റെ പോസ്റ്റ് ഇതിനോടകം സോഷ്യൽ മീഡിയയിൽ ശ്രദ്ധ നേടികഴിഞ്ഞു. നിരവധി കമന്റുകളാണ് താരത്തെ പിന്തുണച്ച് എത്തിയിരിക്കുന്നത്.

ഒരു വർഷത്തെ ശമ്പളം നൽകി ഏക്ത കപൂർ

ജോലിക്കാർക്ക് ഒരു വർഷത്തെ തന്റെ ശമ്പളം നൽകി സിനിമാ, ടിവി നിർമാതാവ് ഏക്ത കപൂർ. ഒരു വർഷത്തത്തെ ശമ്പള തുകയായ രണ്ടര കോടി രൂപയാണ് ഏക്ത കപൂർ ജോലിക്കാർക്ക് നൽകിയിരിക്കുന്നത്. ഏക്തയുടെ ഉടമസ്ഥതയിലുള്ള ടെലിവിഷൻ കമ്പനിയായ ബാലാജി ടെലിഫിലിംസിലെ ജോലിക്കാർക്ക് ആണ് പണം കൈമാറിയത്. ലോക്ഡൗൺ പ്രഖ്യാപിക്കുന്നതിനു മുമ്പ് തന്നെ സിനിമാ, ടെലിവിഷൻ സീരിയൽ പ്രൊഡക്ഷൻ പരിപാടികൾ നിർത്തിവെച്ചിരുന്നു. ഏക്ത കപൂറിന്റെ തീരുമാനത്തെ നിറഞ്ഞ കൈയടിയോടെയാണ് സോഷ്യൽ മീഡിയ വരവേറ്റിരിക്കുന്നത്.

ഹിന്ദിയിൽ ടിആർപി റേറ്റിങ് കൂടുതലുള്ള സീരിയലുകൾ നിർമിക്കുന്ന കമ്പനി കൂടിയാണ് ബാലാജി ടെലിഫിലിംസ്. സിനിമ പ്രവർത്തകരെ ഈ ഘട്ടത്തിൽ സഹായിക്കണമെന്നും മുന്നിലുള്ള ഏക വഴി ഒരുമിച്ച് നിൽക്കുക മാത്രമാണെന്നും ഏക്ത കപൂർ ട്വിറ്ററിൽ കുറിച്ചു. കഴിഞ്ഞ വർഷം വാടക ഗർഭപാത്രത്തിലൂടെ ആൺ കുഞ്ഞ് പിറന്ന വി

വരം ഏക്ത സാമൂഹിക മാധ്യമങ്ങളിലൂടെ പങ്കുവെച്ചത് വലിയ വാർത്തയായിരുന്നു.

മാസ്റ്ററിലെ പുതിയ ഗാനം

വിജയിയും മക്കൾ സെൽവൻ വിജയ് സേതുപതിയും ഒന്നിച്ചെത്തുന്ന ചിത്രം മാസ്റ്ററിനായുള്ള കാത്തിരിപ്പിലാണ് അധികൃതർ. ചിത്രത്തിലെ ഓരോ പാട്ടുകളും ആരാധകർ ഇതിനോടകം നെഞ്ചേറ്റിക്കഴിഞ്ഞു. ഇപ്പോഴിത ചിത്രത്തിലെ ഏറ്റവും പുതിയ ഗാനമായ പോളക്കട്ടും പറ പറയുടെ ലിറിക്കൽ വിഡിയോ പുറത്തിറങ്ങിയിരിക്കുകയാണ്.

വിജയ് സേതുപതിയാണ് വിഡിയോയിൽ നിറഞ്ഞു നിൽക്കുന്നത്. വിഷ്ണു എടവന്റെ വരികൾക്ക് അനിരുദ്ധാണ് സംഗീതം നൽകിയിരിക്കുന്നത്. സംഗീത സംവിധായകൻ സന്തോഷ് നാരായണനാണ് പാട്ട് പാടിയിരിക്കുന്നത്.

ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ മാളവിക മോഹനനും പ്രധാനവേഷത്തിലെത്തുന്നുണ്ട്

കുട്ടിക്കാലത്തെ കളിചിരികൾ

കെ.വി. തോമസ്

കൊവിഡ് മഹാവ്യാധി തട്ടിയെടുത്തത് കുട്ടികളുടെ അവധിക്കാല ആഘോഷങ്ങളുടെ ആഹ്ലാദം കൂടിയാണ്. വാർഷിക പരീക്ഷ കഴിഞ്ഞുകിട്ടുന്ന രണ്ടു മാസം അവർ തിമിർത്തുല്ലസിക്കുന്ന സമയം കൂടിയാണ്. കുമ്പളങ്ങിയിലെ എന്റെ കുട്ടിക്കാലവും സ്കൂൾ അവധിക്കാലവും ഇന്നും ഓർമകളിലുണ്ട്.

ഇന്നത്തെപ്പോലെയുള്ള അവധിക്കാല പാക്കെജ് പരിപാടികൾ ഒന്നും ഇല്ലാതിരുന്ന അക്കാലത്ത് കുമ്പളങ്ങിയുടെ പാടങ്ങളിലും വരമ്പുകളിലും പുഴയിറമ്പുകളിലും വെളിമ്പറമ്പുകളിലും കുളത്തിലും കുറ്റിക്കാടുകളിലുമൊക്കെ വിവിധ തരം കളികളും കൂട്ടുചേരലുകളുമായി നടന്ന ആനന്ദത്തിന്റെ വ്യാപ്തി എത്രയായിരുന്നുവെന്ന് തെല്ലു ദുഃഖത്തോടെ തിരിച്ചറിയുന്ന സമയം കൂടിയാണ് ഈ കൊവിഡ് കാലം.

കുമ്പളങ്ങിയിലെ പ്രധാന ഫലവൃക്ഷങ്ങളിലൊന്നായിരുന്നു കശുമാവ്. മിക്കവാറും എല്ലാ വീടുകളിലും പറമ്പിലും കശുമാവ് ഉണ്ടായിരുന്നതിനാൽ കശുമാങ്ങയും കശുവണ്ടിയും ധാരാളം ലഭിക്കുമായിരുന്നു. കശുവണ്ടിക്കളി ഒരു പ്രധാന വിനോദമായിരുന്നു. ഒരു നിശ്ചിത ദൂരത്തിൽ കുഴിയുണ്ടാക്കി കശുവണ്ടികൾ കുഴിയിലേക്കു എറിഞ്ഞിടുന്നയാൾക്ക് സഹകളിക്കാർ തങ്ങളുടെ പക്കൽ നിന്ന് കുറച്ചെണ്ണം കശുവണ്ടികൾ നൽകണം. കുഴിയിൽ വീഴാതെ കിടക്കുന്ന കശുവണ്ടിയിൽ അടുത്തയാൾ എറിഞ്ഞു കൊള്ളിക്കുന്നതോ, തള്ളവിരൽ മുതൽ ചൂണ്ടുവിരൽ വരെയുള്ള ദൂരത്തിൽ കിടക്കുന്നതോ ആയ കശുവണ്ടികൾ അയാളുടേതാകും.

മറ്റൊന്നാണ് വളരെ വാശിയേറിയ അരിയാസ് എന്നു വിളിക്കുന്ന വട്ടുകളി. സേവികളി എന്നും ഇതിനു പേരുണ്ട്. കളിസ്ഥലത്ത് തയാറാക്കിയ മൂന്ന് ചെറിയ കുഴികളിലേക്ക് തന്റെയും എതിർ കളിക്കാരന്റെയും ഒരു സെറ്റ് വട്ട് ഉള്ളംകൈയിലിട്ട് കശക്കി നീട്ടിയെറിയണം.

കുഴികളിൽ വീഴുന്ന മുഴുവൻ വട്ടുകളും ആദ്യ കളിക്കാരനുള്ളതാണ്. ബാക്കി വട്ടുകളുമായി അടുത്തയാൾ കളി തുടരും. ഒടുവിൽ കളിച്ച് കാലിയാകുന്നയാളുടെ മുഷ്ടി കുഴിക്കു മുന്നിൽ ചുരുട്ടിവയ്ക്കും. കുറച്ചു ദൂരെ നിന്ന് ഒരു വട്ട് ജയിച്ചയാളുടെ നടുവിരലിൽ കവണി പോലെ ചേർത്ത് വച്ച് തോറ്റയാളുടെ ചുരുട്ടി വച്ച മുഷ്ടിയിലേക്കു പായിക്കും. തോക്കിൻ കുഴലിലെന്ന പോലെ വളരെ വേഗത്തിൽ പാഞ്ഞു വരുന്ന അരിയാസ് അഥവാ വട്ട് മുഷ്ടിയിൽ ഇടിക്കും. നല്ല വേദന ഉറപ്പാണ്.

വള്ളികളിൽ തൂങ്ങിയുള്ള ഊഞ്ഞാലാട്ടം, കമ്പോട് കളി, ഉപ്പു വച്ചു കളി, കിളി കളി, കൊന്തിക്കളി, ഞാട്ടകളി, തേക്കൂട്ടം കളി, കുഴിപ്പന്തുകളി, കക്ക കളി...... അങ്ങനെയങ്ങനെ ഇനിയൊരിക്കലും തിരിച്ചു വരാത്ത ഒരു നൂറ് കൂട്ടം നാടൻ വിനോദങ്ങളുടെ സന്തോഷ സമൃദ്ധിയുള്ളതായിരുന്നു ചെറുപ്പകാലത്തെ എന്റെ കുമ്പളങ്ങിയിലെ ഗ്രാമജീവിതം.

വളരെ രസകരമായ മറ്റൊരു സംഭവം ഓർമ വരുകയാണ്. കളികളെല്ലാം കഴിഞ്ഞ് കുട്ടുകാർ എല്ലാവരും കൂടി വേലി കെട്ടിയതുപോലെ ഒറ്റ വരിയായി നിൽക്കും, മൂത്രം ഒഴിക്കാൻ. അത് ഒരു പതിവ് ഇനമായിരുന്നു. ഏറ്റവും കൂടുതൽ ദൂരത്തിൽ മൂത്രമൊഴിച്ച് എത്തിക്കുന്നയാളായിരിക്കും കൂട്ടത്തിലെ ഹീറോ. പതിവായി ഹീറോയാകുന്ന ഒരുവനുണ്ടായിരുന്നു അന്നു ഞങ്ങളുടെ കൂട്ടത്തിൽ. എന്താണിതിന്റെ രഹസ്യമെന്നറിയാനായി കൂട്ടുകാരിൽ ഒരാൾ അവനോട് കാര്യമന്വേഷിച്ചു.

' ഒന്നുമില്ലെടാ, കളിയൊക്കെ കഴിഞ്ഞ് വീട്ടിൽ ചെല്ലുമ്പോൾ അമ്മ സ്ഥിരമായി കപ്പലണ്ടി വറുത്തു തരും. അതു തിന്നു പച്ചോള്ളോം കുടിക്കും.'

' അത്രേള്ളോ....?'

അന്നൊക്കെ ഹോർലിക്സ് പോലെയുള്ള ആരോഗ്യപാനിയങ്ങളൊന്നും സർവസാധാരണയായി ലഭിക്കുന്ന കാലമല്ല.

ഏതായാലും ഞങ്ങളുടെ ഹീറോയുടെ കപ്പലണ്ടി കഥയും കേട്ട് വൈകിട്ട് വീട്ടിൽ ചെന്ന ഒരു കൂട്ടുകാരൻ അമ്മയോട് പറഞ്ഞു.

'അമ്മേ....എനിക്കൊരു ചക്രം വേണം...'

ചക്രവും അണയുമൊക്കെയാണ് അക്കാലത്തെ വിനിമയ കണക്ക്.

'എന്തിനാടാ ചെറുക്കാ നിനക്കു കാശ്.....?'

' കപ്പലണ്ടി മേടിക്കാനാണ്....'

തുടർന്ന് ഉണ്ടായ കാര്യമൊക്കെ അവൻ അമ്മയെ പറഞ്ഞു കേൾപ്പിച്ചു.

കാര്യം മനസ്സിലായ അമ്മ പത്ത് ചക്രം എടുത്ത് ചെക്കന്റെ കൈയിൽ കൊടുത്തിട്ടു ചിരിച്ചു കൊണ്ട് പറഞ്ഞു.

'എടാ ചെക്കാ എന്നാ നീ ഒരു കാര്യം ചെയ്യ്... ഇതിനു മുഴുവൻ വാങ്ങിക്കോ.... ഒരു ചക്രത്തിനുള്ളത് നിനക്കും, ബാക്കി നിന്റപ്പനും കൊടുക്കാമല്ലൊ...?'

മോഹൻലാലിന്റെ കൂടെ പാരീസിൽ പോയ ഓർമ്മ

മുരളി തുമ്മാരുകുടി

ഇന്നത്തെ കഥ മോഹൻലാലിനെ പറ്റിയല്ലേ ?

അതെ, മോഹൻ ലാലിനെ പ്പറ്റി തന്നെയാണ്. മോഹൻ ലാലിനോടൊപ്പം പാരീസിൽ പോയ കഥയാണ്.

ഞാൻ കോതമംഗലത്ത് എഞ്ചിനീയറിങ്ങിന് പഠിക്കാൻ ചെല്ലുന്ന കാലത്ത് ശ്രീ മോഹൻലാൽ ഇപ്പോഴത്തെപ്പോലെ ലാലേട്ടനോ, പദ്മശ്രീയോ ഒന്നുമായിട്ടില്ല. 1981 ലാണ് ഞാൻ എൻജിനീയറിങ്ങിന് ചേരുന്നത്, മോഹൻലാലിനെ പ്രസിദ്ധനാക്കിയ മഞ്ഞിൽ വിരിഞ്ഞ പൂക്കൾ റിലീസ് ചെയ്യുന്നത് 1980 ലാണ്.

എന്റെ ക്ലാസിൽ അന്ന് പെരുമ്പാവൂരിൽ നിന്ന് ഒരു മോഹൻലാൽ ഉണ്ട്. അന്നും ഇന്നും എന്റെ സുഹൃത്താണ്. എൻജിനീയറിങ്ങ് കഴിഞ്ഞ് ഞാൻ കേരളത്തിന് പുറത്തേക്ക് പോയി. മോഹൻലാൽ കേരള സർക്കാരിൽ ഉദ്യോഗസ്ഥനുമായി. പിന്നെ ഞങ്ങൾ അധികം കണ്ടില്ല.

1999 ലാണ് ഞാൻ മസ്കറ്റിൽ ജോലിക്കെത്തുന്നത്. അടുത്ത വർഷം മോഹൻലാലും അവിടെ എത്തി (എന്റെ സുഹൃത്തായ എൻജിനീയർ മോഹൻലാൽ, ശ്രദ്ധിക്കുക, മാറിപ്പോവരുത്). ഒരു ദിവസം വൈകീട്ട് അദ്ദേഹം വീട്ടിൽ ഡിന്നറിനു വന്നു. ഞങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോഴാണ് വീട്ടിൽ നിന്നും ചേച്ചി വിളിക്കുന്നത്. വിവരം പറഞ്ഞ കൂട്ടത്തിൽ ഞാൻ 'മോഹൻലാൽ ഡിന്നറിന് വന്നിട്ടുണ്ട്' എന്ന് പറഞ്ഞു. മോഹൻലാൽ ഡിന്നറിനു വന്നു എന്ന് പറഞ്ഞതും ഫോൺ കട്ടായി.

അന്ന് ഇതുപോലെ എല്ലാ ദിവസവും ഫോൺ വിളിക്കുന്ന കാലമൊന്നുമല്ല, വാട്ട്സ്ആപ്പ് ഇല്ല, സ്മാർട്ട് ഫോൺ ഇല്ല. അടുത്ത ആഴ്ച അമ്മയെ വിളിച്ചപ്പോൾ അമ്മ ചോദിച്ചു.

'കഴിഞ്ഞ ആഴ്ച മോഹൻലാൽ വന്നിരുന്നു അല്ലേ'. അമ്മ (എൻജിനീയർ) മോഹൻലാലിനെ അറിയുകയൊന്നുമില്ല, ഞാൻ അമ്മയോട് പറഞ്ഞതുമില്ല. പിന്നെ എങ്ങനെയാണ് അമ്മ ഈ വിവരമറിഞ്ഞത്?

അങ്ങനെയാണ് ഞാൻ ആ ഞെട്ടിക്കുന്ന സത്യം മനസിലാക്കിയത്, അമ്മ മാത്രമല്ല എന്റെ വീട്ടുകാരും, ബന്ധുക്കളും, ചേച്ചിയുടെ ഓഫീസിൽ ഉള്ളവരും, അത്യാവശ്യം നാട്ടുകാരും മോഹൻലാൽ എന്റെ വീട്ടിൽ ഡിന്നറിന് വന്ന കഥ അറിഞ്ഞിട്ടുണ്ട്. അന്ന് സ്മാർട്ട് ഫോൺ ഇല്ലത്തത് കൊണ്ട് ആരും സെൽഫി എവിടെ എന്നൊന്നും ചോദിച്ചില്ല. ഞാൻ പിന്നെ അത് തിരുത്താനൊന്നും പോയില്ല. അതങ്ങനെ കഴിഞ്ഞു.

പത്തുവർഷം കഴിഞ്ഞ് പുള്ളുക്കഥകൾ എഴുതിത്തുടങ്ങിയ സമയത്ത് ഞാൻ ഈ കഥ ഒന്ന് മാറ്റിപ്പിടിച്ചു. മോഹൻലാൽ യൂറോപ്യൻ സന്ദർശനത്തിന് വന്നതും എന്റെ വീട്ടിൽ താമസിച്ചതും ഞാൻ എഴുതി. സംഗതി സത്യമാണ്. എന്റെ സുഹൃത്തായ (എൻജിനീയർ) മോഹൻലാൽ യൂറോപ്യൻ സന്ദർശനത്തിന് വന്നു, എന്റെ വീട്ടിൽ താമസിച്ചു, ഞാൻ യൂറോപ്പൊക്കെ ആവുന്നത് പോലെ കൊണ്ടുനടന്നു കാണിച്ചു. എന്റെ വീട്ടിൽ വന്നത് അപ്പോഴേക്കും സൂപ്പർ സ്റ്റാർ ആയിക്കഴിഞ്ഞ മലയാളികളുടെ ലാലേട്ടനാണെന്ന് ഞാൻ പ്രത്യേകിച്ച് പറഞ്ഞില്ല.

'അശ്വഥാമാ ഹത:' എന്ന് പറഞ്ഞ യുധിഷ്ഠിരന്റെ സത്യസന്ധത ഞാൻ പാലിച്ചു.

ഇനിയാണ് സാക്ഷാൽ ലാലേട്ടൻ കഥ.

എന്റെ വായനക്കാർക്ക് പൊതുവെ എന്നിൽ അതിയായ വിശ്വാസമുണ്ട്, ഞാൻ പറയുന്ന കാര്യങ്ങൾ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കുന്നുണ്ടെന്നും എനിക്ക് വ്യാപകമായ ബന്ധങ്ങൾ ഉണ്ടെന്നും. അത്രയ്ക്കൊന്നും വേണ്ട, ഫേസ്ബുക്കിൽ ചിലർ പറയുന്നത് പോലെ ഞാൻ ഗജഫ്രോഡാണെന്ന് എന്നെല്ലാം പറയാറുണ്ടെങ്കിലും ആളുകളുട വിശ്വാസത്തിൽ വലിയ ഇടിവ് വന്നിട്ടില്ല.

ഇങ്ങനെ എന്നെ നല്ല വിശ്വാസമുള്ള എന്റെ വായനക്കാരിൽ ഒരാൾ (പേരെനിക്കറിയാം, പറയുന്നില്ല) ഒരിക്കൽ ഒരു ഷൂട്ടിങ്ങ് ലൊക്കേഷനിൽ വച്ച് ദി കംപ്ലീറ്റ് ആക്ടർ ആയ മോഹൻ ലാലിനെ കണ്ടു. ഷൂട്ടിങ്ങിനിടയിൽ ലാലേട്ടൻ വിശ്രമിക്കുമ്പോൾ അടുത്തുപോയി അദ്ദേഹത്തോട് പറഞ്ഞു.

'ഞാൻ മുരളി തുമ്മാരുകുടിയുടെ സുഹൃത്താണ്'

'ആണോ'

'സാർ യൂറോപ്പിൽ പോയപ്പോൾ മുരളിച്ചേട്ടന്റെ അടുത്ത് പോയത് അദ്ദേഹം പറഞ്ഞിരുന്നു'

മോഹൻ ലാൽ ഒരു നിമിഷം ഒന്ന് ചിന്തിച്ചു. എന്നിട്ട് പറഞ്ഞുവത്രേ, 'ശരിയാണ്, ഞാൻ ഓർക്കുന്നു'

ലാലേട്ടൻ എന്റെ കൂടെ താമസിക്കുന്നത് പോയിട്ട് ഞാൻ അദ്ദേഹത്തെ നേരിട്ട് കണ്ടിട്ട് കൂടിയില്ല. അദ്ദേഹം അന്നെന്നെപ്പറ്റി കേട്ടിട്ടുണ്ടോ എന്നും എനിക്കറിയില്ല. പക്ഷെ അനവധി പ്രാവശ്യം യൂറോപ്പിൽ പോയിട്ടുള്ളതുകൊണ്ടും നൂറുകണക്കിന് ആളുകളെ അവിടെ വച്ച് കണ്ടിട്ടുള്ളതുകൊണ്ടും ഇനി അതിൽ ആരെങ്കിലുമാകാം എന്നോർത്തിട്ടാകണം അദ്ദേഹം അങ്ങനെ പറഞ്ഞത്.

'ആരാണീ മുരളി തുമ്മാരുകുടി' എന്നെങ്ങാനും അദ്ദേഹം ചോദിച്ചിരുന്നവെങ്കിൽ എന്റെ ആപ്പീസ് പൂട്ടിപ്പോയേനെ.

നന്ദി ലാലേട്ടാ നന്ദി! അറിഞ്ഞു ചെയ്ത ഉപകാരത്തിന് അറിയാത്ത ഈ ആരാധകന്റെ ഒരായിരം നന്ദി.

(പറഞ്ഞ കൂട്ടത്തിൽ പറയണമല്ലോ, പ്രളയകാലത്ത് എന്റെ പോസ്റ്റുകൾ അദ്ദേഹവും ഷെയർ ചെയ്തിരുന്നു. അതിനുള്ള നന്ദി വേറെയും ഉണ്ട്).

മോഹൻ ലാലിന്റെ യൂറോപ്യൻ സന്ദർശനത്തിന്റെ കഥ ഇവിടെ അവസാനിക്കുന്നു.

കൊവിഡുകാലം കടന്നുപോകും; കൃഷിയുടെ കാലം തിരിച്ചു വരണം

വി.എസ്. സുനിൽ കുമാർ, കൃഷിമന്ത്രി.

കൊവിഡ് 19 ചൈനയിൽ തുടങ്ങി ലോകമാകെ വ്യാപിച്ചുകൊണ്ടിരിക്കുകയാണല്ലോ. അതിനെതിരെ സാമൂഹ്യ അകലം പാലിച്ചു കൊണ്ട് മാനസിക ഐക്യത്തോടെ നാമെല്ലാം വീടുകളിൽ തന്നെ കഴിഞ്ഞു വരികയുമാണല്ലോ. വീടുകളിൽ തുടരുന്ന ഈ കാലയളവിൽ ആരോഗ്യവും മാനസികോല്ലാസവും ഉണ്ടാകുന്നതിന് ഏറ്റവും നല്ല മാർഗം ചെറിയ ചെറിയ കൃഷിപ്പണികളിൽ ഏർപ്പെടുക എന്നുള്ളതാണ്. മുഖ്യമന്ത്രി തന്നെ ഇത്തരമൊരു നിർദ്ദേശം കഴിഞ്ഞ ദിവസം മുന്നോട്ടു വയ്ക്കുകയുണ്ടായി. അദ്ദേഹം കുടുംബങ്ങളിൽ കൃഷി ചെയ്യുന്നതിനെപ്പറ്റി നിരന്തരം ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനോടകം നിരവധി കുടുംബങ്ങൾ ആ നിർദ്ദേശം ഏറ്റെടുത്തിട്ടുണ്ട്. അവരെ ഹൃദയപൂർവ്വം ഞാൻ അഭിനന്ദിക്കുന്നു.

അലോട്ട്മെന്റ് ഗാർഡൻ

ഐക്യരാഷ്ട്രസഭ പരിസ്ഥിതി കാര്യാലയത്തിൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ വിഭാഗം ചീഫ് ഡോ.മുരളി തുമ്മാരുകുടിയുടെ ഒരു ഫെയ്സ് ബുക്ക് പോസ്റ്റ് ഈ ദിവസങ്ങളിൽ വായിക്കാൻ ഇടയായി. സ്വിറ്റ്സർലൻഡിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കി വരുന്നഅലോട്ടുമെന്റ് ഗാർഡൻ എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള ആ പോസ്റ്റിൽ പുതുമയുള്ളതും ഹൃദയസ്പർശിയുമായ ഒരു ആശയമാണ് മുരളി തുമ്മാരുകുടി പങ്കുവച്ചത്. യുദ്ധകാലത്ത് അതിരൂക്ഷമായ ഭക്ഷ്യക്ഷാമം ആ ദേശത്തെ ഞെരുക്കിയ സന്ദർഭത്തിൽ ജനങ്ങൾക്ക് റേഷൻ അനുവദിച്ച കൂട്ടത്തിൽ ഭരണകൂടം ഓരോ കുടുംബത്തിനും ഒന്നര സെന്റ് ഭൂമി വീതം അനുവദിച്ചു. അവരവർക്ക് ലഭിച്ച ഒന്നര സെന്റിൽ അവർ കൃഷി ചെയ്തു, കോഴിയെ വളർത്തി, പശുവിനെയും പന്നിയെയുമൊക്ക പരിപാലിച്ചു. വീട്ടിലേക്കാവശ്യമായ പച്ചക്കറിയെ അവിടെ നിന്ന് ഉത്പാദിപ്പിച്ചു.

അലോട്ട്മെന്റ് ഗാർഡൻ എന്ന ആശയം വളരെ നല്ല നിലയിൽ അവിടെ സ്വീകരിക്കപ്പെട്ടു എന്നു മാത്രമല്ല ഓരോ വീടും ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിന് അത് ഇടയാക്കുകയും ചെയ്തു. ഇതുപോലെ വിക്റ്ററി ഗാർഡൻ, കമ്മ്യൂണിറ്റി ഗാർഡൻ, ഹോം ഗാർഡൻ, ഗാർഡൻസ് ഓഫ് ദി പുവർ തുടങ്ങിയ പേരുകളിൽ സമാനമായ ആശയങ്ങൾ മറ്റു പല രാജ്യങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാന ഘടകം കുടുംബം ആണുതാനും. ലളിതമാണെങ്കിലും അത് ഉയർത്തുന്ന സ്വധീനം വലുതാണ്.

കോവിഡ് കാലത്ത് അതിർത്തികൾ മണ്ണിട്ട് അടയ്ക്കാൻ നമ്മുടെ സഹോദര സംസ്ഥാനങ്ങൾ തിടുക്കം കാട്ടിയത് നാം കണ്ടല്ലോ. അതിർത്തികൾ നാളെയും മണ്ണിട്ട് അടച്ചുകെട്ടിയെന്നു വരാം. നമുക്കാവശ്യമുള്ള ഭക്ഷ്യവസ്തുകൾക്കും പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾക്കും വേണ്ടി അതിർത്തി കടന്നെത്തുന്ന ചരക്കുലോറികൾക്കായി നാം കാത്തിരിക്കാതെ നമ്മുടെ സ്വന്തം മണ്ണിൽ വിത്തിറക്കി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയാണ് വേണ്ടത്.

തായറെടുക്കണം നാം

ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കായി ഇപ്പോഴേ തയാറെടുക്കണം, അതാണ് വേണ്ടത്. ഇവിടെ നമുക്ക് നല്ല മണ്ണുണ്ട്, നല്ല വെള്ളമുണ്ട്, മനോഹരമായ കാലാവസ്ഥയുണ്ട്, നാളികേരത്തിന്റെ ഈ നാട്ടിൽ വിളയാത്ത ഏതു വിളയാണുള്ളത്? ആരൊക്കെ അതിർത്തികൾ മണ്ണിട്ട് അടച്ചാലും നമുക്കാവശ്യമുള്ള പച്ചക്കറികൾ നമ്മുടെ മണ്ണിൽ തന്നെ ഉത്പാദിപ്പിക്കുക എന്നതാണ് പ്രധാനം. അങ്ങനെ വരുമ്പോൾ കൃഷിയെന്നത് മലയാളിയുടെ ആത്മബോധത്തിന്റെയും ആത്മാഭിമാനത്തിന്റെയും അടിത്തറയായി മാറും.

വിപണിയെ വളരെ കുറച്ചു മാത്രം ആശ്രയിച്ചിരുന്ന ഒരു തലമുറ നമുക്ക് മുമ്പ് ഇവിടെ ജീവിച്ചിരുന്നു. സ്വന്തം വീട്ടുവളപ്പിൽ, അല്ലെങ്കിൽ, പാട്ടത്തിനെടുത്ത സ്ഥലത്ത് അവശ്യം വേണ്ട പച്ചക്കറികളെല്ലാം അവർ ഉത്പാദിപ്പിച്ചിരുന്നു. ഓരോ കാലത്തും വീട്ടുവളപ്പിൽ നിന്ന് ലഭിച്ചിരുന്ന കാർഷിക വിഭവങ്ങൾ അവരുടെ ഭക്ഷണത്തിന്റെ പ്രധാന ഭാഗവുമായിരുന്നു. രാവിലെ കഞ്ഞി കുടിച്ച് പാടത്തേക്കോ പറമ്പിലേക്കോ ഇറങ്ങിയാൽ രാത്രിവരെ അവിടെ പണിയെടുത്ത് മണ്ണിനെ പൊന്നാക്കിയവരുടെ പിൻമുറക്കാരാണ് നമ്മൾ.

വേനൽമഴ കിട്ടിക്കഴിഞ്ഞാൽ കിഴങ്ങു വർഗ്ഗങ്ങൾ നടുന്നു, പറമ്പ് കിളച്ച് പൊലികൂട്ടിയിരുന്നു, തെങ്ങിന് തടം തുറന്നിരുന്നു, കൂടാതെ അവർ വെള്ളം കരുതലോടെ ഉപയോഗിച്ചിരുന്നു, അങ്ങനെയാണവർ ഇവിടെ ജീവിച്ചിരുന്നത്. സൗകര്യങ്ങൾ കൂടുന്നതോടെ പ്രകൃതിയിൽ നിന്നും, മണ്ണിൽ നിന്നും പതുക്കെ അകലാനാണ് നമ്മൾ തിടുക്കം കാണിച്ചത്. അതോടെ ജീവിത ശൈലീരോഗങ്ങൾ നമ്മെ കടന്നാക്രമിക്കാനും തുടങ്ങി. ഉണ്ണിപ്പിണ്ടിയും വാഴക്കുടപ്പനും ചേമ്പും താളും ഉൾപ്പെടെയുള്ള നാടൻ വിഭവങ്ങൾ ഈ കൊറോണക്കാലത്ത് നമ്മുടെ തീൻമേശകളിലേക്ക് മടങ്ങിയെത്തിയിരിക്കുന്നു വളരെ സന്തോഷം പകരുന്ന കാര്യവുമാണത്. സ്വന്തമായി കൃഷി ചെയ്ത് ഉണ്ടാക്കുന്ന വിഭവങ്ങൾ കഴിക്കുമ്പോൾ നാവിനും മനസ്സിനും ഉണ്ടാകുന്ന അനുഭൂതി വിശേഷത്തിന് പകരം വയ്ക്കാവുന്ന മറ്റൊന്നും തന്നെയില്ല. നമ്മൾ ഒരു വിത്തു നടുന്നു അത് മുളച്ച് വളർന്ന്, വലുതായി, അതിൽ പൂ വരുന്നു, കായ് ഉണ്ടാകുന്നു, മൂപ്പെത്തുമ്പോൾ അത് ഭക്ഷണത്തിന്റെ ഭാഗമാകുന്നു. ഈ പ്രക്രിയ നമ്മുടെ ദൈനംദിന ജീവിതത്തിൽ ഉണ്ടാക്കുന്ന സ്വാധീനം വളരെ വലുതാണ്. അതൊരു അനുഭവമാണ്. കേരളത്തിന്റെ തനത് കാർഷിക അനുഭവം. ഇതാണ് പുതിയ തലമുറയിലേക്ക് പകർന്നു നൽകേണ്ടത്.

നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം

മലയാളി സമൂഹത്തെ നല്ല ആരോഗ്യവും ശാരീരികക്ഷമതയും ഉള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ജീവനി - നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം എന്ന ബൃഹത്തായ പദ്ധതിക്ക് കൃഷിവകുപ്പ് രൂപം നൽകിയത്. ആരോഗ്യവകുപ്പിന്റെ കൂടി സഹകരണത്തോടെ ഓരോ പ്രദേശത്തിനും അനുയോജ്യമായ ഭക്ഷണതളിക തയ്യാറാക്കി, തളികയിലേക്ക് ആവശ്യമായ പഴങ്ങളും പച്ചക്കറികളും ജനകീയ പങ്കളിത്തത്തോടെ വീട്ടുവളപ്പിൽ തന്നെ വിളയിച്ചെടുക്കുക എന്നതാണ് ജീവനിയുടെ രീതിശാസ്ത്രം. 2020 ജനുവരി 1 മുതൽ 2020 ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഈ കാർഷിക കർമ്മപരിപാടി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. ഇതോടൊപ്പം കൃഷി പാഠശാല എന്ന പേരിൽ പൊതുജനങ്ങളെ ശാസ്ത്രീയമായി കൃഷി പഠിപ്പിക്കുന്ന പരിപാടിയ്ക്കും തുടക്കം കുറിച്ചിട്ടുണ്ട്. 2020 ജനുവരി 4 ന് ഈ പദ്ധതി ബഹു മുഖ്യമന്ത്രി തൃശ്ശൂരിൽ ഉൽഘാടനം ചെയ്തു. പദ്ധതി നല്ല നിലയിൽ നടപ്പാക്കി വരുന്നതിനിടയിലാണ് കൊവിഡ് 19 രോഗ വ്യാപനം ഉണ്ടായത്. അതിന്റെ ഭാഗമായി ലോക്ക് ഡൗൺ കൂടി വന്നതോടെ നടീൽ വസ്തുകളുടെയും വിത്തുകളുടെയും വിതരണം തടസ്സപ്പെട്ടു. എങ്കിലും നമ്മുടെ മുന്നിൽ സാധ്യതകളുടെ പുതിയവാതിലുകൾ തുറന്നു തന്നെയാണ് കിടക്കുന്നത്. നിലവിൽ വീടുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് അവ പരിപാലിക്കാൻ കൂടുതൽ സമയം ലഭിക്കുന്നുണ്ട്. കൃഷി ചെയ്യാൻ സ്ഥമില്ലെന്നും സൗകര്യമില്ലെന്നുമൊക്കെ പറയുന്നവരുണ്ട്. അവരോട് പറയാനുള്ളത്, കൃഷി ചെയ്യാൻ ആദ്യം വേണ്ടത് സ്ഥലമോ സൗകര്യമോ അല്ല, കൃഷി ചെയ്യാനുള്ള മനസ്സാണ്. മനസുണ്ടെങ്കിൽ മാർഗ്ഗവുമുണ്ട്.

വേണം പച്ചക്കറികൾ

കൃഷി ചെയ്യുക എന്നത് ഒരു നിലപാടാണ് സാമൂഹ്യ ഉത്തരവാദിത്വം നിറവേറ്റാനുള്ള വ്യക്തികളുടെ നിലപാട്. കൃഷി എന്നത് നമ്മുടെ സാമൂഹ്യ ഉത്തരവാദിത്വമാണ്. നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വമാണ് എന്നതു പോലെ തന്നെയാണ് കൃഷിയും. നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം, നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം എന്നതാണ് മാറിയകാലത്തിന്റെ മുദ്രാവാക്യം. ഭക്ഷണ മേശയിൽ വിളമ്പുന്നത് വിഷമാണോ വിഷരഹിതമായ സുരക്ഷിത ഭക്ഷണമാണോ എന്ന് തീരുമാനിക്കേണ്ടതും നമ്മൾ തന്നെയാണ്. നാടൻ ഇനങ്ങൾ കൂടുതലായി കൃഷി ചെയ്യേണ്ടത് അനിവാര്യമാണ്. നല്ല ആരോഗ്യത്തിന് നല്ല ഭക്ഷണം ആവശ്യമാണല്ലോ നല്ല ഭക്ഷണം വഴി ഉയർന്ന രോഗ പ്രതിരോധശേഷിയും ആരോഗ്യവും കൈവരിക്കാൻ നമുക്ക് കഴിയും.

ഹോർട്ടിതെറാപ്പി

ഇന്ന് ലോകത്താകെ ഹോർട്ടിതെറാപ്പി എന്ന ഒരു പുതിയ ആരോഗ്യ ശാസ്ത്രശാഖ വളർന്നു വരുന്നുണ്ട്. പ്രധാനമായും ജീവിത ശൈലീരോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട മേഖലയിലാണ് ഹോർട്ടിതെറാപ്പി ഉപയോഗിക്കുന്നത്. ശരീരത്തിനും മനസിനും അതുവഴി ജീവിതത്തിനും ആരോഗ്യവും ഉന്മേഷവും പകർന്നു നൽകുക എന്നതാണ് ഹോർട്ടിതെറാപ്പിയുടെ തത്വം. ഈ ദിശയിലാണ് കൃഷി വകുപ്പും പദ്ധതികൾ തയാറാക്കുന്നത്. പച്ചക്കറികളുടെ മാത്രമല്ല, ഇലക്കറികളുടെയും കിഴങ്ങുവർഗങ്ങളുടെയും വൈവിധ്യം കൊണ്ട് സമ്പന്നമാണ് കേരളം. പരമ്പരാഗത വിത്തിനങ്ങളുടെയും കാർഷിക ജൈവ വൈവിധ്യത്തിന്റെയും സംരക്ഷണം ഭക്ഷ്യ സുരക്ഷയുടെ കാതലായ ഘടകമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ നേരിടുന്നതിന് നമ്മുടെ ജനിതക സമ്പത്ത് ഉതകുമെന്നത് ഇവയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. തലമുറകളുടെ അനുഭവ സമ്പത്തും നിരീക്ഷണ പാടവവും സമന്വയിപ്പിച്ചു കൊണ്ടാണ് ഓരോ പരമ്പരാഗത വിത്തും ഉരുത്തിരിയുന്നത്. ഇത്തരം വിത്തുകൾ സംരക്ഷിക്കുന്നതിനും കൂടുതൽ പ്രദേശങ്ങളിൽ അവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും സംസ്ഥാന കൃഷിവകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

തിരിയാം കാർഷിക വൃത്തിയിലേക്ക്

അത്യസാധാരണ സാഹചര്യത്തിരൂടെയാണ് നാം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. സാധാരണ നിലയിൽ വീടുകളിൽ തന്നെ കഴിഞ്ഞു കൂടുന്ന ഒരു രീതി മലയാളികൾക്ക് പൊതുവേ കുറവുമാണ്. പക്ഷെ, കോവിഡ് 19 ന്റെ സമൂഹ വ്യാപനം ഒഴിവാക്കുന്നതിന് നാം വീടുകളിൽ തന്നെ കഴിയേണ്ടത് അനിവാര്യവുമാണല്ലോ?. വീടുകളിൽ മുഴുവൻ സമയവും ചെലവഴിക്കേണ്ടി വരുമ്പോൾ മാനസിക സംഘർഷവും അസ്വസ്ഥതകളും ഉണ്ടായേക്കാം. അതുകൊണ്ടാണ് മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിനും ആരോഗ്യപരിരക്ഷയ്ക്കും സഹായകമായ വിധത്തിൽ കാർഷികവൃത്തിയിലേക്ക് തിരിയണമെന്ന് നാം പറയുന്നത്. കാരണം, മനസിന് സന്തോഷം പകരുന്നതിനും അതുവഴി നഷ്ടപ്പെട്ടുപോയ ആരോഗ്യം വീണ്ടെടുക്കുന്നതിനും കൃഷിയ്ക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. ഗ്രാമ പ്രദേശങ്ങളിലുള്ളവർ വീട്ടുവളപ്പിൽ തന്നെ ലഭ്യമായ സ്ഥലത്ത് ഏതെങ്കിലും തരം കൃഷി ആരംഭിക്കണം. നഗരങ്ങളിൽ കഴിയുന്നവർക്ക് ബാൽക്കണിയോ, ടെറസിന്റെ റൂഫോ പ്രയോജനപ്പെടുത്താവുന്നതാണ്.

കവറുകളോ, ചാക്കുകളോ, അത്തരത്തിലുള്ള പാഴ് വസ്തുക്കൾ ചെടികൾ നടുന്നതിന് ഉപയോഗപ്പെടുത്താം. ഒരുതരത്തിലും കൃഷി ചെയ്യാൻ സാധിക്കാത്തവർ, മൈക്രോ ഗ്രീൻ കൃഷിയെങ്കിലും ചെയ്യാൻ തയ്യാറാകണം. ചെറിയ ട്രേയിൽ കടലാസോ ടിഷ്യൂ പേപ്പറോ നനച്ചിട്ട് അതിൽ ചെറു പയൽ പോലെയുള്ള ധാന്യങ്ങൾ മുളപ്പിച്ചെടുക്കുകയും അവ വളർന്ന് വലുതാകുന്നതിനു മുമ്പുതന്നെ കറിവെയ്ക്കുകയും ചെയ്യുന്നതാണ് മൈക്രോ ഗ്രീൻ സമ്പ്രദായം.

ഇപ്പോൾ, കൃഷി ഒരു സംസ്കാരമായി വളർത്തിക്കൊണ്ടു വന്നു കഴിഞ്ഞാൽ, കൊറോണക്കാലത്തിനു ശേഷം കൂടുതൽ സ്ഥലത്ത് കൂടുതൽ മികച്ച നിലയിലേക്ക് അത് വ്യാപിപ്പിക്കുന്നതിന് നമുക്ക് സാധിക്കും.

സാമൂഹ്യ അകലം പാലിച്ചും മാനസികമായ അടുപ്പം കാത്തു സൂക്ഷിച്ചും നാം ഒറ്റക്കെട്ടായി കോവിഡ് 19 നെ പ്രതിരോധിച്ചുകൊണ്ടിരിക്കുമ്പോൾ ലോകമാകെ കേരള മാതൃക ചർച്ച ചെയ്യുമ്പോൾ, കാർഷിക രംഗത്തും നമുക്കൊരു കേരള മാതൃക മുന്നോട്ടുവയ്ക്കാൻ കഴിയേണ്ടതുണ്ട്. അതുകൊണ്ട്, ലഭ്യമായ സ്ഥലത്ത് ലഭ്യമായ സാമഗ്രികൾ ഉപയോഗപ്പെടുത്തി, നമുക്ക് കൃഷി ആരംഭിക്കാം. അങ്ങനെ അരോഗ്യദൃഢഗാത്രരാകട്ടെ മലയാളികൾ. വിഷ രഹിതമാകട്ടെ മണ്ണും മനസ്സും. കോവിഡുകാലം കടന്നുപോകും കൃഷിയുടെ കാലം തിരിച്ചു വരണം.

ഉറപ്പിക്കാം കൊവിഡ് 19 എത്തിയത് ജീവികളിൽ നിന്ന്

ആശിഷ് ജോസ് അമ്പാട്ട്

കൊറോണ വൈറസുകൾ ACE2 സ്വീകരണിയിൽ പറ്റിപിടിക്കാൻ അവയുടെ പ്രോട്ടീൻ ആവരണത്തിൽ ഉള്ള Receptor Binding Domain (RBD) ആണ് സഹായിക്കുന്നത്. സാർസ് രോഗം ഉണ്ടാക്കുന്ന SARS-CoV-1യിൽ നിന്നും വ്യത്യസ്തമായൊരു ജനിതക കോഡാണ് കൊവിഡ്-19 രോഗം ഉണ്ടാക്കുന്ന SARS-CoV-2 വൈറസുകളിൽ, ഇത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ACE2 സ്വീകരണിയുമായി പറ്റിപ്പിടിച്ചിരിക്കാൻ സഹായിക്കുന്നു. ഇനാംപേച്ചികളിൽ കാണുന്ന കൊറോണ വൈറസുകളുടെ RBDയുടെ ഘടനയുമായിട്ടാണ് കൊറോണ വൈറസുകളുടെ ഈ ഭാഗത്തിനു സാമ്യം. ഇനാംപേച്ചികളിൽ ഉള്ള കൊറോണ വൈറസുകളുമായി 99% സാമ്യം വരെ സ്വീകൻസിംഗ് പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. കോവിഡ്-19 കാരണമായ വൈറസിന് കോശങ്ങളുടെയുള്ളിൽ കയറാൻ സഹായിക്കാവുന്ന ക്ളിവേജ് സൈറ്റും മനുഷ്യരെ ബാധിക്കുന്നതായി മുൻപ് കണ്ടെത്തിയ കൊറോണ വൈറസുകളുടെ പോലെയല്ല.

കോവിഡ്-19 രോഗത്തിനു കാരണമായ SARS-CoV-2 ലാബിൽ കൃത്രിമം ആയിട്ടു ഉണ്ടാക്കിയത് ആണെങ്കിൽ മനുഷ്യരെ ബാധിക്കുന്നതായി അറിവുള്ള ഒരു കൊറോണ വൈറസിന്റെ ജനിതകഘടനയെ അടിസ്ഥാനമാക്കി ആയിരിക്കും നിർമ്മിക്കുക പക്ഷെ അങ്ങനെയല്ല SARS-CoV-2 യിന്റെ കാര്യം. കോവിഡ്-19 ഉണ്ടാക്കുന്ന വൈറസുകൾ സാർസ് രോഗം ഉണ്ടാക്കിയ SARS-CoV-1 വൈറസുകളുടെ പൂർവിക-കൊറോണ വൈറസുകളിൽ നിന്നും പ്രകൃത്രി നിർദ്ധാരണം വഴി വേർതിരിഞ്ഞുപോയ ഒരു ലീനേജ് ആണെന്നും, പിന്നീടു ഇനാംപേച്ചികളെ ബാധിച്ചു അവരിൽ നിന്നും മനുഷ്യരിൽ എത്തിയത് ആകാമെന്നതും കണക്ക് കൂട്ടുന്നു. SARS-CoV-2 -നു മനുഷ്യരുടെ കോശങ്ങളിലെ ACE2 സ്വീകരണിയിൽ പറ്റിപിടിക്കാൻ സഹായിക്കുന്ന receptor-binding domainയിലെ ഏറ്റവും പ്രധാനപ്പെട്ട ആറു അമിനോ ആസിഡുകളും (പ്രോട്ടീൻ അമിനോ ആസിഡുകൾ കൊണ്ടാണ് നിർമിക്കുന്നത്) ഇനാംപേച്ചികളിൽ കാണുന്ന കൊറോണ വൈറസുകളിൽ ഉള്ളത് തന്നെയാണ്.

കൊവിഡ്-19 കാരണമായ കൊറോണ വൈറസുകൾ ഒന്നെങ്കിൽ മനുഷ്യരിൽ രോഗം ഉണ്ടാക്കാവുന്ന രൂപത്തിൽ തന്നെ ജന്തുകളിൽ നിന്നും, മിക്കവാറും വവ്വാലുകളിൽ നിന്നും ഇനാംപേച്ചി വഴി മനുഷ്യരിൽ എത്തിയത് ആകാം. അല്ലെങ്കിൽ രോഗലക്ഷണങ്ങൾ അധികം കാണിക്കാത്ത രൂപത്തിൽ ജന്തുകളിൽ നിന്നും മനുഷ്യരിൽ എത്തി ശേഷം ജനിതകമാറ്റം വഴി മാരക പകർച്ചവ്യാധിയായി മാറിയത് ആകാം.

ഇങ്ങനെ അല്ലാതെ ലാബിൽ കൃത്രിമമായി SARS-CoV-2യിനെ ഉണ്ടാക്കി എന്ന ധാരണ ശാസ്ത്രീയമായി ശരിയല്ല. മനുഷ്യരിൽ ബാധിക്കുന്നതായി മുൻപ് അറിയാവുന്ന കൊറോണ വൈറസുകളുടെ ജനിതകഘടന template ആയി ഉപയോഗിക്കപ്പെട്ടില്ല എന്നതും,SARS-CoV-2യിന്റെ ക്ളിവേജ് സൈറ്റ് പോലെ ഒന്നു ലാബ് കൾച്ചറുകളിലൂടെ സൃഷ്ടിക്കുക ദുഷ്കരം ആണെതും കാരണങ്ങളാണ്. ചുരുക്കിപ്പറഞ്ഞാൽ കൊവിഡ്-19 രോഗം ലാബിൽ ആരും ഉണ്ടാക്കിയതല്ല, മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്കു ആകസ്മികമായി നടന്ന കൈമാറ്റത്തിലൂടെ ഈ വൈറസ് മനുഷ്യരിൽ എത്തിയതാണ്.

(അവസാനിച്ചു)

ലോക് ഡൗണിൽ കുടുങ്ങിയ 112 ഫ്രഞ്ച് പൗരന്മാർ മടങ്ങി

കൊച്ചി: ലോക് ഡൗണിൽ കുടുങ്ങിയ 112 ഫ്രഞ്ച് പൗരൻമാരുമായി പ്രത്യേക വിമാനം ഇന്നലെ രാവിലെ നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നു പാരീസിലേക്ക് പുറപ്പെട്ടു. കേരളത്തിലും തമിഴ്നാട്ടിലുമായി കുടുങ്ങിയവരെ ഫ്രഞ്ച് എംബസിയുടെ ആവശ്യപ്രകാരം വിനോദ സഞ്ചാര വകുപ്പ് 24 മണിക്കൂറിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി കൊച്ചിയിലെത്തിച്ചു കയറ്റി വിടുകയായിരുന്നു.

ടൂറിസ്റ്റ് വിസയിൽ മാർച്ച് 11നു മുൻപു സംസ്ഥാനത്തെത്തിയവരിൽ മൂന്നു വയസുകാരൻ മുതൽ 85 വയസുള്ളവർ വരെയുണ്ട്. വിനോദ സഞ്ചാരത്തിനും ആയുർവേദ ചികിത്സയ്ക്കുമെത്തിയവരുമാണ് എല്ലാവരും. ഫ്രഞ്ച് എംബസി ചാർട്ടർ ചെയ്ത എയർ ഇന്ത്യ വിമാനത്തിൽ മുംബൈ വഴിയാണ് ഇവർ പാരീസിലേക്ക് തിരിച്ചത്.

സുരക്ഷിത യാത്ര ഒരുക്കിയതിനു പോണ്ടിച്ചേരിയിലെ ഫ്രഞ്ച് കോൺസുലേറ്റ് ജനറൽ കാതറിൻ കേരള സർക്കാരിനും വിനോദ സഞ്ചാര വകുപ്പിനും നന്ദി രേഖപ്പെടുത്തി. കൊവിഡ് പടർന്ന് 5,300 പേർ മരിച്ച ഫ്രാൻസിനെക്കാൾ ഇവിടം സുരക്ഷിതമാണെന്നു കരുതി നാട്ടിലേക്കു മടങ്ങാത്ത ഫ്രഞ്ച് പൗരൻമാർ ഇനിയും കേരളത്തിലുണ്ട്. യുകെ, യുഎസ് രാജ്യങ്ങളുടെ 200ഓളം പൗരന്മാരും റഷ്യയിൽ നിന്നുള്ള നൂറോളം പേരും സംസ്ഥാനത്തുണ്ട്.

രണ്ടു ദിവസത്തിനുള്ളിൽ കൊവിഡ് ചികിത്സാ കേന്ദ്രം, നിർമാണം ദ്രുതഗതിയിൽ

സ്വന്തം ലേഖകൻ

കാസർഗോഡ്: കൊവിഡ് 19 പടർന്നു പിടക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ ഉക്കിനടുക്കയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളെജ് നിർമാണം ദ്രുതഗതിയിൽ പുരോഗമിക്കുന്നു. മെഡിക്കൽ കോളെജ് അഡ്മിനിസ്ട്രേഷൻ ബ്ലോക്കിൽ നൂതന കോവിഡ് ചികിത്സാ കേന്ദ്രം ഒരുക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

ഇതിനായി 200 കിടക്കകളും 90 കട്ടിലും തീവ്രപരിചരണവിഭാഗത്തിലേക്കുള്ള 12 കട്ടിലുകളും എത്തിക്കഴിഞ്ഞു. ഐസലേഷൻ വാർഡുകളും തീവ്ര പരിചരണ വിഭാഗങ്ങളുമാണ് ആദ്യഘട്ടത്തിൽ ഒരുക്കുന്നത്. ആശുപത്രി ഉപകരണങ്ങൾ, കിടക്കകൾ, ഫർണിച്ചർ, മരുന്നുകൾ എന്നിവയ്ക്കായി ഏഴ് കോടി രൂപയുടെ അനുമതി ലഭിച്ചിരുന്നു. നാലു നിലയുള്ള കെട്ടിടത്തിൽ ഒന്നാമത്തെ നിലയിലെ വാർഡുകളിൽ കട്ടിലുകളും തീവ്ര പരിചരണ വിഭാഗം യൂണിറ്റിലേക്കുള്ള ഉപകരണങ്ങളും സജ്ജീകരിക്കുന്ന ജോലിയാണ് ഇപ്പോൾ തകൃതിയായി നടന്നുവരുന്നത്.

രണ്ടു ദിവസത്തിനുള്ളിൽ മെഡിക്കൽ കോളെജിനെ കൊവിഡ് ചികിത്സാ കേന്ദ്രമാക്കി മാറ്റാമെന്നാണ് കരുതുന്നത്. രണ്ടാമത്തെ നിലയിൽ ഡോക്റ്റർമാർക്കും ഉദ്യോഗസ്ഥർക്കും വിശ്രമിക്കാനുമുള്ള ഇടമാണ് തയാറാക്കുന്നത്. മെഡിക്കൽ കോളെജിൽ ഒ.പി തുടങ്ങാൻ നേരത്തെ തീരുമാനിച്ചിരുന്നതിനാൽ വിവിധ വിഭാഗങ്ങൾക്ക് മുറികൾ സജ്ജീകരിച്ചിരുന്നു. കൊവിഡ് രോഗികളെയും നിരീക്ഷണത്തിലുള്ളവരെയും പാർപ്പിക്കുന്നതിനു ജില്ലയിലെ വിവിധ ആശുപത്രികളിൽ 870 കിടക്കകൾ സജ്ജീകരിക്കുന്നതിൽ 300 കിടക്കകളും ഇവിടെയാണ് ക്രമീകരിച്ചിരിക്കുന്ന-ത്

ഓൺലൈൻ വിൽപ്പന: കൺസ്യൂമർ ഫെഡ് വെബ്സൈറ്റ് ലോഞ്ച് ചെയ്തു

കൊച്ചി: കൺസ്യൂമർ ഫെഡിന്റെ ഓൺലൈൻ വിൽപ്പനയ്ക്കുള്ള വെബ്സൈറ്റ് ചെയർമാൻ എം. മെഹബൂബ് ലോഞ്ച് ചെയ്തു. 499 രൂപയുടെ കനിവ് കിറ്റ്, 799 രൂപയുടെ കാരുണ്യം കിറ്റ്, 999 രൂപയുടെ കരുതൽ കിറ്റ് എന്നിങ്ങനെയുള്ളവയാണ് ഓൺലൈൻ ബുക്കിങ് വഴി നൽകുക.

എറണാകുളം ജില്ലയിലാണ് കൺസ്യൂമർ ഫെഡ് വെബ്സൈറ്റ് വഴി ഓൺലൈൻ ബുക്കിങ് ആദ്യം തുടങ്ങുക. അധികം വൈകാതെ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലും ബുക്കിങ് ആരംഭിക്കും.

ഇടുക്കി ഒഴികെ എല്ലാ ജില്ലകളിലും അവശ്യസാധനങ്ങളുടെ ഹോം ഡെലിവറി കൺസ്യൂമർ ഫെഡ് ആരംഭിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ 997 നീതി മെഡിക്കൽ സ്റ്റോറുകൾ വഴി ആവശ്യമായ മരുന്ന് വീടുകളിലെത്തിക്കാമെന്ന് കൺസ്യൂമർ ഫെഡ് അറിയിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു.

ബാങ്ക് ജീവനക്കാരെ തടസപ്പെടുത്താൻ പാടില്ലെന്ന് ഡിജിപി

തിരുവനന്തപുരം: ബാങ്കിങ് മേഖലയെ അടച്ചുപൂട്ടലിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാർക്ക് ബാങ്കിൽ വരുന്നതിനും പോകുന്നതിനും തടസമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഡിജിപി ലോക്നാഥ് ബെഹ്റ ജില്ലാ പൊലീസ് മേധാവിമാർക്കു നിർദേശം നൽകി.

ചില ബാങ്കുകളിൽ ധാരാളം ജീവനക്കാരെ നിയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ലോക് ഡൗൺ സംബന്ധിച്ച മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണ്. ഇക്കാര്യം ബാങ്ക് മാനെജർമാരോടോ മുതിർന്ന ഓഫിസർമാരോടോ സംസാരിച്ചു ബാങ്ക് പ്രവർത്തനത്തിന് ആവശ്യമായ മിനിമം ജീവനക്കാരെ മാത്രം നിയോഗിക്കാൻ ആവശ്യപ്പെടണം. ഇങ്ങനെ നിയോഗിക്കപ്പെടുന്ന ജീവനക്കാരുടെ പട്ടിക ബാങ്കിൽ നിന്ന് ലഭ്യമാക്കി അവർക്കു സുരക്ഷിതമായി യാത്ര ചെയ്യാൻ അവസരം ഒരുക്കണമെന്നും ഡിജിപി നിർദേശിച്ചു.

അതേസമയം നിരോധനം ലംഘിച്ചു യാത്ര ചെയ്തതിന് സംസ്ഥാനത്തൊട്ടാകെ ഇന്നലെ 2,047 പേർക്കെതിരെ കേസെടുത്തു. 1,962 പേർ അറസ്റ്റിലായപ്പോൾ 1,481 വാഹനങ്ങൾ പിടിച്ചെടുത്തു.

പാൽ സംഭരണം പുനഃസ്ഥാപിച്ച് മിൽമ

പി.ബി. ബിച്ചു

തിരുവനന്തപുരം: മലബാർ മേഖലയിലെ പ്രതിസന്ധികൾ പൂർണമായി നീങ്ങിയതോടെ ക്ഷീരകർഷകരിൽ നിന്നും വീണ്ടും പാൽ സംഭരിച്ച് മിൽമ. പാൽപ്പൊടി നിർമാണത്തിന് തമിഴ്നാട്ടിലേക്കും വിതരണത്തിനായി മറ്റു മേഖലകളിലേക്കുമെല്ലാം പാൽ ലോഡുകൾ പോകാൻ തുടങ്ങിയതോടെയാണ് സംഭരണം പുനരാരംഭിക്കാനായത്.

പാൽപ്പൊടി നിർമാണത്തിനായി 50,000 ലിറ്റർ പാൽ നിത്യേന ഈറോഡിലേക്ക് അയക്കാനും, ബാക്കി വരുന്ന പാലും പാലുത്പന്നങ്ങളും കൺസ്യൂമർഫെഡ് വഴിയും ആംഗൻവാടികൾ വഴിയും വിതരണം ചെയ്യാനുമാണ് സർക്കാർ തീരുമാനം. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാംപുകളിലും പാൽ നൽകും. ഇതിനാവശ്യമായ തുക ദുരന്ത നിവാരണ ഫണ്ടിൽ നിന്നാണ് അനുവദിക്കും.

കൊവിഡ് ഭീതിയിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതോടെ വിപണനം പകുതിയായി കുറഞ്ഞതും തമിഴ്നാട് പാൽ വാങ്ങില്ലെന്ന് അറിയിച്ചതുമാണ് മിൽമയ്ക്ക് തിരിച്ചടിയായത്. ഇതോടെ മൂന്ന് മേഖലകളിലായി പാൽ സംഭരിക്കുന്ന മിൽമ, മലബാർ മേഖലയിൽ നിയന്ത്രണങ്ങളും ഏർപ്പെടുത്തി. മലബാർ മേഖലയിൽ ദിവസവും ആറുലക്ഷം ലിറ്റർ പാലാണ് സംഭരിക്കുന്നത്. ലോക്ഡൗൺ വന്നതോടെ വിപണനം മൂന്നുലക്ഷം ലിറ്ററായി കുറഞ്ഞു. ബാക്കി പാൽ എന്തു ചെയ്യണമെന്നറിയാതെ ആശങ്കയിലായ യൂണിയൻ ഒരുദിവസം സംഭരണം നിർത്തിവച്ചു. തുടർന്ന് ക്ഷീരകർഷകർ പ്രതിഷേധിച്ച് പാൽ ഒഴുക്കിക്കളഞ്ഞു.

പ്രതിസന്ധി രൂക്ഷമായതോടെ സർക്കാർ ഇടപെടുകയും തമിഴ്നാടുമായി ചർച്ച നടത്തി വീണ്ടും പാൽപ്പൊടി നിർമാണത്തിന് അനുമതി നേടുകയും ചെയ്തു. മലബാർ മേഖലയിൽ അധികമായി വരുന്ന പാൽ എറണാകുളം, തിരുവനന്തപുരം മേഖലകൾക്കു നൽകാനും തീരുമാനിച്ചു. പ്രതിസന്ധി പൂർണമായി പരിഹരിച്ചെന്നും തിരുവനന്തപുരം, എറണാകുളം മേഖലകളിൽ വിൽപന കഴിഞ്ഞ ദിവസങ്ങളിൽ കൂടിയിട്ടുണ്ടെന്നും മിൽമ മലബാർ മേഖലാ യൂണിയൻ ചെയർമാൻ കെ.എസ്. മണി മെട്രൊ വാർത്തയോടു പറഞ്ഞു. ആംഗൻവാടികളിലും ഇതര സംസ്ഥാന തൊഴിലാളി ക്യാംപുകളിലും വിതരണം ആരംഭിക്കുന്നതോടെ വീണ്ടും ട്രാക്കിലാകുമെന്നും കൂടുതൽ പാൽ സംഭരിക്കാനാവുമെന്നും മിൽമ കണക്കുകൂട്ടുന്നു.

"പാൽ സംഭരണം പഴയ സ്ഥിതിയിലെത്തി. വിതരണത്തിൽ ഏതെങ്കിലും തരത്തിൽ പ്രതിസന്ധിയുണ്ടായാൽ 1.3 ലക്ഷം ലിറ്റർ ആന്ധ്രയിലേക്കു കൊണ്ടുപോകാനും തീരുമാനിച്ചിട്ടുണ്ട്. അതിനാൽ ഇനി പ്രശ്നങ്ങൾ ഉണ്ടാവില്ല".

പി.എ. ബാലൻ,
ചെയർമാൻ, മിൽമ

യുഡിഎഫിന്റേത് ഭിന്നിപ്പിക്കൽ രാഷ്ട്രീയം: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: രാജ്യമൊന്നാകെ കൊറോണ മഹാമാരിക്കെതിരെ യുദ്ധം പ്രഖ്യാപിച്ച് ഒന്നിച്ചു നീങ്ങുമ്പോൾ കേരളത്തിൽ യുഡിഎഫ് നേതാക്കൾ ജനങ്ങളെ ഭിന്നിപ്പിക്കുന്ന നയമാണ് സ്വീകരിക്കുന്നതെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ.

രോഗ പ്രതിരോധത്തിന് സർക്കാരുകൾ സ്വീകരിക്കുന്ന നടപടികളെ ജനങ്ങളാകെ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യുഡിഎഫ് നേതാക്കൾ രാഷ്ട്രീയ തിമിരം ബാധിച്ച് എന്തിനെയും ഏതിനെയും എതിർക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

പ്രധാനമന്ത്രി പ്രഖ്യാപിച്ച ജനതാ കർഫ്യൂവും ആരോഗ്യ പ്രവർത്തകരെ ആദരിക്കലും ലോക്ക് ഡൗണും എല്ലാം രാജ്യമാകെ ഏറ്റെടുക്കുകയുണ്ടായി. ഞായറാഴ്ച രാത്രി ഒൻപതു മണിക്ക് ദീപം തെളിക്കണമെന്ന ആഹ്വാനവും ജനങ്ങൾ ഏറ്റെടുക്കുക തന്നെ ചെയ്യും. ജനങ്ങളിൽ ആത്മവിശ്വാസം വളർത്താനും രാജ്യമൊറ്റക്കെട്ടാണെന്ന ബോധം ഉറപ്പാക്കാനുമാണ് ഇത്തരം പ്രവർത്തനങ്ങൾ.

സംസ്ഥാന സർക്കാർ ഉൾപ്പടെ പ്രധാനമന്ത്രിയുടെ ആഹ്വാനം നടപ്പിലാക്കാൻ തയാറെടുക്കുമ്പോഴാണ് കേരളത്തിലെ യുഡിഎഫ് നേതാക്കൾ അവഹേളനവുമായി രംഗത്തെത്തിയിരിക്കുന്നത്. രാജ്യത്തിന്റെ പൊതു താത്പര്യങ്ങൾക്ക് വിരുദ്ധമായ നിലപാടാണവർ സ്വീകരിക്കുന്നത്. ഈ നിലപാട് അവർ തിരുത്തിയില്ലങ്കിൽ ജനങ്ങളിൽ നിന്ന് ഇപ്പോൾ ഉള്ളതിനെക്കാൾ കൂടുതൽ അവർ ഒറ്റപ്പെടുമെന്ന് സുരേന്ദ്രൻ പറഞ്ഞു.

വിഷു ദിനം പ്രാർഥനാദിനമായി ആചരിക്കണം: വെള്ളാപ്പള്ളി

- ഇന്നു രാത്രി വീടുകളിൽ ഒൻപത് മിനിറ്റ് ദീപം തെളിക്കണം

ചേർത്തല: ലോകമൊട്ടാകെ കൊവിഡ് മഹാമാരിയുടെ കരവലയത്തിൽ അകപ്പെട്ട് തകർന്നിരിക്കുന്ന കാലഘട്ടത്തിൽ ഈ വർഷത്തെ വിഷുദിനം പ്രാർഥനാദിനമായി ആചരിക്കുമെന്ന് എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. ലോകശാന്തിക്കും സമാധാനത്തിനും വേണ്ടിയും, രോഗദുരിതങ്ങളിൽ നിന്ന് മാനവരാശിയെ രക്ഷിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുമാണ് പ്രാർഥന നടത്തുന്നത്.

14ന് രാവിലെ 7നും 8നും ഇടയ്ക്ക് എല്ലാ ഭവനങ്ങളിലും ഗുരുദേവ ചിത്രം അലങ്കരിച്ച് അഞ്ചു തിരിയിട്ട നിലവിളക്ക് കൊളുത്തി സുഗന്ധദ്രവ്യങ്ങൾ പുകച്ച് കുടുംബാംഗങ്ങൾ എല്ലാവരും ഒന്നിച്ചിരുന്ന് പ്രാർഥിക്കണം. ഗുരുസ്മരണ, ഗുരുഷഡ്ഗം, ഗുരുസ്തവം എന്നിവയും ഗുരുദേവൻ അരുൾചെയ്ത ഭദ്രകാളൃഷ്ടകം, പിണ്ഡനന്ദി, ദൈവദശകം, ഗദ്യപ്രാർഥന എന്നിവയുമാണ് ചൊല്ലേണ്ടത്. പ്രാർഥന സംബന്ധിച്ച വിശദവിവരങ്ങൾ ശ്രീനാരായണ വൈദിക സമിതി പിന്നാലെ അറിയിക്കും. എല്ലാ കുടുംബങ്ങളിലും നിശ്ചിത സമയത്ത് പ്രാർഥനാ ചടങ്ങ് നടക്കുമെന്ന വിവരം കുടുംബ യൂണിറ്റ്, ശാഖാ ഭാരവാഹികൾ വഴി യൂണിയൻ സെക്രട്ടറിമാർ ഉറപ്പുവരുത്തണം.

കൊവിഡ് സൃഷ്ടിച്ച ഇരുട്ടിനെ വെളിച്ചത്തിന്റെ ശക്തി കൊണ്ട് നേരിടാൻ എല്ലാവരും ഇന്നു രാത്രി 9 മണിക്ക് 9 മിനിട്ട് വീടുകളിൽ ദീപം തെളിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഹ്വാനം ജനങ്ങൾ പൂർണ മനസോടെ ഉൾക്കൊണ്ട് പ്രാവർത്തികമാക്കണം. ഇതോടെ ഇന്ത്യയിലെ 130 കോടി ജനങ്ങൾ ഏക മനസോടെയാണ് കോവിഡിനെ നേരിടുന്നതെന്ന സന്ദേശം ലോകത്തിന് പകർന്ന് നൽകാനാകുമെന്നും വെള്ളാപ്പള്ളി പറഞ്ഞു.

മലയാളികളുടെ ചികിത്സ: ഉത്തരവ് പിൻവലിച്ച് കർണാടക

കാസർഗോഡ്: കേരളത്തിൽ നിന്നുള്ള രോഗികളെ പ്രവേശിപ്പിക്കരുതെന്ന് മംഗളൂരുവിലെ ആശുപത്രികൾക്ക് നൽകിയ ഉത്തരവ് കർണാടക സർക്കാർ പിൻവലിച്ചു.

മംഗളൂരുവിലെ എട്ട് മെഡിക്കൽ കോളെജുകൾക്കാണ് ആരോഗ്യ കുടുംബക്ഷേമ ഓഫീസറുടെ പേരിൽ നോട്ടീസ് ലഭിച്ചത്. ഏപ്രിൽ ഒന്നിനാണ് വിവാദ ഉത്തരവ് പുറത്തുവന്നത്.ഇതിനു പിന്നാലെയാണ് ഈ ഉത്തരവ് പിൻവലിച്ചതായി ആരോഗ്യ കുടുംബക്ഷേമ ഓഫീസറുടെ പേരിൽ തന്നെ നോട്ടീസ് ആശുപത്രികൾക്ക് ലഭിച്ചത്.

കേരളത്തിൽ നിന്നുള്ള ഒരു രോഗിയെയും ചികിത്സിക്കരുത്, അവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കരുത് എന്ന നിർദേശമായിരുന്നു ഉത്തരവിലുണ്ടായിരുന്നത്. നിലവിൽ നിരവധി മലയാളികൾ മംഗളുരുവിലെ വിവിധ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്. ഉത്തരവിനെ തുടർന്ന് ഈ രോഗികളെ നിർബന്ധപൂർവം ഡിസ്ചാർജ് ചെയ്യേണ്ടിവരുമോ എന്ന ആശങ്കയും ഉയർന്നിരുന്നു അത് പിൻവലിച്ചതോടെ ഈ രോഗികൾക്ക് ആശ്വാസമായിട്ടുണ്ട്. നിലവിൽ കർണാടക അതിർത്തി അടച്ചിട്ടിരിക്കുന്നതിനാൽ കേരളത്തിൽ നിന്നുള്ള ഒരു രോഗിയും മംഗളൂരുവിലേക്ക് പോകുന്നില്ല.

ആരോഗ്യ പ്രവർത്തകരെയും കർണാടക വഴിയിൽ തടയുന്നു

സ്വന്തം ലേഖകൻ

കാസർഗോഡ്: എല്ലാ റോഡുകളും മണ്ണ് കൂട്ടിയിട്ട് അടച്ചതിന് പിന്നാലെ കേരളത്തിലേക്ക് ജോലിക്കായി എത്തുന്ന ആരോഗ്യ പ്രവർത്തകരെയും കർണാടക പൊലിസ് വഴിയിൽ തടയുന്നു. അഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പാലിയേറ്റീവ് നഴ്സിനെയാണ് ചെക്ക് പോസ്റ്റിൽ ഇന്നലെ തടഞ്ഞുവച്ചത്. അതിർത്തി പ്രദേശമായ ദേലംപാടി പഞ്ചായത്തിലുള്ളവർക്ക് പുറത്തിറങ്ങണമെങ്കിൽ തന്നെ കർണാടകയുമായി ബന്ധമുള്ള റോഡിൽ കൂടി മാത്രമാണ് വഴിയുള്ളത്. രാവിലെ ഭർത്താവിനൊപ്പം ജോലിക്കായി ആശുപത്രിയിലേക്ക് പുറപ്പെട്ട പാലിയേറ്റീവ് നഴ്സായ ചേതനയെ കർണാടക അതിർത്തി പ്രദേശമായ മുഡൂരിൽ ചെക്ക്പോസ്റ്റിനടുത്ത് കർണാടക പൊലിസ് തടഞ്ഞുവെക്കുകയായിരുന്നു. ചേതന പിഎച്ച്സിയിലെ മെഡിക്കൽ ഓഫിസർ ഡോ. സരളയെ ഫോണിൽ വിളിച്ച് പൊലിസ് തടഞ്ഞുവെച്ച വിവരം അറിയിക്കുകയായിരുന്നു. ഇതേ തുടർന്ന് മെഡിക്കൽ ഓഫീസറും ഹെൽത്ത് ഇൻസ്പെക്ടർ ഇൻ ചാർജ് കെ. സുരേഷ് കുമാറും പാലിയേറ്റീവ് വാഹനത്തിൽ കർണാടക സർക്കാർ റോഡ് മണ്ണിട്ട് ഗതാഗതം തടസപ്പെടുത്തിയ മുഡൂർ പ്രദേശത്ത് എത്തുകയും അവിടെ നിന്ന് കിലോമീറ്ററുകളോളം നടന്ന് ചെക്ക് പോസ്റ്റിൽ എത്തി പൊലിസ് ഓഫിസറുമായി സംസാരിച്ച് പാലിയേറ്റീവ് നഴ്സിന് അഡൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എത്താനും തിരിച്ച് വീട്ടിൽ എത്താനുമുള്ള അധികൃതരുടെ അനുമതി വാങ്ങിയതോടെയാണ് ഇവരെ ചെക്ക്പോസ്റ്റ് കടത്തിവിട്ടത്. ദിവസവും കർണാടക പൊലീസിന്റെ കർശന തടസങ്ങൾ താണ്ടിയായിരുന്നു ഇവർ ജോലിക്ക് എത്തിയിരുന്നത്. കിലോമീറ്ററോളം നടന്ന് കേരള അതിർത്തിയിൽ എത്തുകയും അവിടെ നിന്ന് പിഎച്ച്സിയുടെ പാലിയേറ്റീവ് വാഹനത്തിൽ ആശുപത്രിയിൽ എത്തുകയുമാണ് ചെയ്തിരുന്നത്.

തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നവരുടെ ചിത്രം പ്രസിദ്ധീകരിക്കും

തിരുവനന്തപുരം: കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ വ്യാജവാർത്തകൾ നിർമിക്കുകയും സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരേ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ. രണ്ടോ അതിലധികമോ തവണ ഇത്തരം കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരുടെ ചിത്രം മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കും. ഇത്തരക്കാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യും.

സാമൂഹിക മാധ്യമങ്ങളിൽ ഇത്തരം വാർത്തകൾ തയാറാക്കി പ്രചരിപ്പിക്കുന്നവരെ കണ്ടെത്താൻ ഹൈടെക് ക്രൈം എൻക്വയറി സെൽ, സൈബർ ഡോം, സൈബർ ക്രൈം പൊലീസ് സ്റ്റേഷൻ എന്നിവയ്ക്ക് നിർദേശം നൽകി. സാമൂഹിക മാധ്യമങ്ങളിലൂടെയും ഓൺലൈൻ മാധ്യമങ്ങളിലൂടെയും മറ്റും തെറ്റായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് ജനങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്ന സാഹചര്യത്തിലാണ് ഈ നടപടി.

അശാസ്ത്രീയവും അബദ്ധങ്ങൾ നിറഞ്ഞതുമായ ഇത്തരം സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നത് ഡിസാസ്റ്റർ മാനെജ്മെന്റ് നിയമപ്രകാരം കുറ്റകരമാണ്. ഇത്തരം വ്യാജസന്ദേശങ്ങൾ നിർമിക്കുന്നവർ മാത്രമല്ല, പ്രചരിപ്പിക്കുന്നവരും കുറ്റക്കാരാണ്. ഇവ പ്രചരിപ്പിക്കുന്നവരെ കണ്ടെത്താൻ വിവര സാങ്കേതികവിദ്യാ വകുപ്പ്, ആരോഗ്യവകുപ്പ്, പൊലീസ് എന്നിവരുടെ സഹകരണത്തോടെ സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വ്യാജസന്ദേശങ്ങൾ നിർമിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്ന് ഡിജിപി അഭ്യർഥിച്ചു.

മാധ്യമപ്രവർത്തകർക്കെതിരേ പ്രതിഭ എംഎൽഎ

- വ്യാപക പ്രതിഷേധം, പ്രതിഭയെ തള്ളി സിപിഎം
- തെറ്റിദ്ധാരണ സംഭവിച്ചതിൽ ഖേദമെന്ന് എംഎൽഎ

സ്വന്തം പ്രതിനിധി

ആലപ്പുഴ: തനിക്കെതിരേ വാർത്തകൾ നൽകിയ മാധ്യമപ്രവർത്തകരെ അധിക്ഷേപിച്ച് കായംകുളം എംഎൽഎ യു. പ്രതിഭ. 'ആണായാലും പെണ്ണായാലും നിങ്ങൾക്ക് ശരീരം വിറ്റു ജീവിച്ചുകൂടേ' എന്നാണ് ഫെയ്സ്ബുക്ക് ലൈവ് വീഡിയോയിലൂടെ സിപിഎം എംഎൽഎ പൊട്ടിത്തെറിച്ചത്. സംഭവം വലിയ പ്രതിഷേധമുയർത്തിയതോടെ, വിവാദ പരാമർശം പിൻവലിക്കാതെ വിശദീകരണവുമായി എംഎൽഎ ഇന്നലെ വൈകിട്ടു രംഗത്തെത്തി.

കൊവിഡ് കാലത്തെ എംഎൽഎയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഡിവൈഎഫ്ഐ നേതാക്കൾ തന്നെ വിമർശനം ഉന്നയിക്കുകയും സിപിഎം ജില്ലാ നേതൃത്വം ഇടപെടുകയും ചെയ്തിരുന്നു. ഇതു വാർത്തയാക്കിയതാണ് എംഎൽഎയെ പ്രകോപിപ്പിച്ചത്. വർക്ക് അറ്റ് ഹോം സ്റ്റാറ്റസുമായി പ്രതിഭ ഫെയ്സ്ബുക്കിൽ പ്രത്യക്ഷപ്പെട്ടിരുന്നു. തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട അവർ തന്റെ എംഎൽഎ ഓഫിസ് പൂട്ടി വീട്ടിലിരിക്കുന്നത് ഡിവൈഎഫ്ഐ പ്രവർത്തകർ തന്നെ വിവാദമാക്കി ഫെയ്സ്ബുക്കിൽ പോസ്റ്റു ചെയ്തു. ഇതിനു മറുപടിയുമായി പ്രതിഭ ഫേസ്ബുക്കിലൂടെ രംഗത്തെത്തി. പ്രതിരോധ കാലത്ത് കൊവിഡിനെക്കാൾ വലിയ വിഷ വൈറസുകൾ രംഗത്തെത്തിയിട്ടുണ്ടെന്നായിരുന്നു മറുപടി. ലോക് ഡൗൺ കാലം കഴിഞ്ഞ് വാവാ സുരേഷിനെ ഇറക്കുമെന്നും പ്രതിഭ പരിഹസിച്ചു.

ഇതോടെ തമ്മിലടി മാധ്യമങ്ങളിൽ വാർത്തയായി. എംഎൽഎയ്ക്കെതിരെയുള്ള പോസ്റ്റ് ഷെയർ ചെയ്യണമെന്ന ഡിവൈഎഫ്ഐ ബ്ലോക്ക് സെക്രട്ടറിയുടെ ഓഡിയോ സന്ദേശം കൂടി പുറത്തുവന്നതോടെ സിപിഎം നേതൃത്വം ഇടപെടുകയും ഡിവൈഎഫ്ഐ പ്രവർത്തകർക്കെതിരെ നടപടിയെടുക്കുമെന്ന് സിപിഎം ജില്ലാ സെക്രട്ടറി ആർ. നാസർ മാധ്യമങ്ങളോട് വ്യക്തമാക്കുകയും ചെയ്തു.

ഇതോടെയാണ് ഫെയ്സ് ബുക്ക് ലൈവുമായി വീണ്ടും പ്രതിഭ രംഗത്തെത്തി. തനിക്കെതിരേ മാധ്യമപ്രവർത്തകർ വാർത്തകൾ സൃഷ്ടിക്കുകയാണെന്നും, ഇതിലും ഭേദം ആണാണെങ്കിലും പെണ്ണാണെങ്കിലും ശരീരം വിറ്റു ജീവിച്ചുകൂടേ എന്നുമാണ് പ്രതിഭ പറഞ്ഞത്. തനിക്കെതിരേ വാർത്ത നൽകുന്ന മാധ്യമപ്രവർത്തകർ ശരീരം വിറ്റ് ജീവിക്കുന്ന സ്ത്രീകളുടെ കാല് കഴുകി വെള്ളം കുടിക്കണമെന്നും അവർ പരിഹസിച്ചു.

ഇതോടെ സിപിഎം ജില്ലാ സെക്രട്ടറി ആർ. നാസർ അവർക്കെതിരേ രംഗത്തെത്തി. "പൊതു പ്രവർത്തകർക്ക് ചേരാത്ത പരാമർശമാണ് എംഎൽഎയുടെ ഭാഗത്തു നിന്നുണ്ടായത്. പറയേണ്ടത് പാർട്ടിയിൽ പറയണം. സാമൂഹിക മാധ്യമങ്ങളെ ഉപയോഗിക്കരുത്. എംഎൽഎയോട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെടും- നാസർ പറഞ്ഞു. എംഎൽഎയുടെ പരാമർശത്തെ കേരള പത്രപ്രവർത്തക യൂണിയൻ, സിപിഐ ജില്ലാ സെക്രട്ടറി ടി.ജെ. ആഞ്ചലോസ്,ഷാനിമോൾ ഉസ്മാൻ എംഎൽഎ, കോൺഗ്രസ്, ബിജെപി, മുസ്ലിം ലീഗ് എന്നിവരെല്ലാം വിമർശിച്ചിരുന്നു.

സംഭവം വിവാദമായതോടെ മാധ്യമപ്രവർത്തകർക്കെതിരായ പരാമർശം പിൻവലിക്കാതെ വിശദീകരണവുമായി പ്രതിഭ വീണ്ടും രംഗത്തെത്തി. "അതിഥി തൊഴിലാളികളോടുള്ള മര്യാദ പോലും ചില മാധ്യമപ്രവർത്തകർ എന്നോടു കാണിച്ചില്ല. അപമാനിക്കാനും വ്യക്തിഹത്യ നടത്താനും ശ്രമമുണ്ടായി. നിരന്തരം വേട്ടയാടപ്പെടുന്ന സാധുജീവികൾ സ്വയരക്ഷയ്ക്കു വേണ്ടി ചിലപ്പോഴെങ്കിലും വായ തുറക്കും. അത്രയേ ഞാനും ചെയ്തുള്ളൂ. അത് എല്ലാ മാധ്യമപ്രവർത്തകരെയും ഉദ്ദേശിച്ചല്ല. വാർത്ത ഓർഗനൈസ്ഡ് ഗോസിപ്പ് ആക്കുന്നവരോടാണു പ്രതികരിച്ചത്. മാധ്യമപ്രവർത്തകരെ ഒന്നടങ്കം വിമർശിക്കാനോ അപമാനിക്കാനോ ശ്രമിച്ചിട്ടില്ല. അത്തരം തെറ്റിദ്ധാരണ ഉണ്ടായതിൽ ഖേദം പ്രകടിപ്പിക്കുന്നു"- ഫെയ്സ്ബുക്ക് പോസ്റ്റിൽ എംഎൽഎ പറഞ്ഞു.

ഡിജിപിക്ക് പരാതിയുമായി യൂത്ത് കോൺഗ്രസ്

തിരുവനന്തപുരം: യു. പ്രതിഭ എംഎൽഎയുടെ പരാമർശത്തിനെതിരേ യൂത്ത് കോൺഗ്രസ് സംസ്ഥാന സെക്രട്ടറി അഡ്വ. എ.എം. രോഹിത് ഡിജിപി ലോക്നാഥ് ബെഹ്റയ്ക്ക് പരാതി നൽകി. മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, സംസ്ഥാന വനിതാ കമ്മിഷൻ എന്നിവർക്കും പരാതിയുടെ കോപ്പി നൽകി. സ്ത്രീത്വത്തെ അപമാനിക്കുന്നതിനും മാധ്യമപ്രവർത്തനത്തെ ഇകഴ്ത്തി കാണിക്കുക്കാൻ മനഃപൂർവം ലക്ഷ്യംവച്ചുമാണ് അവർ അത്തരം പരാമർശം നടത്തിയത്. അതിനാൽ ഇന്ത്യൻ ശിക്ഷാ നിയമം അനുസരിച്ച് കേസെടുക്കണം- രോഹിത് പരാതിയിൽ പറയുന്നു.

പ്രമുഖ പ്രവാസി മലയാളികളുമായി മുഖ്യമന്ത്രി ഇന്ന് സംവദിക്കും

തിരുവനന്തപുരം: പ്രമുഖ പ്രവാസി മലയാളികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഞായറാഴ്ച വൈകിട്ട് വീഡിയോ കോൺഫറൻസ് നടത്തും. കൊവിഡ് -19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് ലോക കേരള സഭ അംഗങ്ങൾ ഉൾപ്പെടെയുള്ള പ്രവാസികളുമായി മുഖ്യമന്ത്രി സംവദിക്കുന്നത്. സംസ്ഥാനത്തെ സ്ഥിതിഗതികൾ അവരെ അറിയിക്കുന്നതോടൊപ്പം ലോകത്തിന്റെ നാനാഭാഗത്തും ഉള്ള മലയാളികളുടെ പ്രശ്നങ്ങളും ചർച്ച ചെയ്യും.

കറൻസിയിൽ തുപ്പി; യുവാവ് അറസ്റ്റിൽ

നാസിക്ക്: കറൻസി നോട്ടിൽ തുപ്പുകയും നോട്ടുകൊണ്ടു മൂക്കു തുടയ്ക്കുകയും ചെയ്ത് ദൃശ്യം ടിക് ടോക്കിൽ പോസ്റ്റ് ചെയ്ത നാസിക് സ്വദേശി അറസ്റ്റിൽ. രാജ്യം കൊവിഡ് 19നെ പ്രതിരോധിക്കാൻ ശ്രമിക്കുന്നതിനിടെ ഇത്തരം പ്രവർത്തനങ്ങളെ പരിഹസിച്ച് വിഡിയൊ പോസ്റ്റ് ചെയ്ത സയ്യിദ് മീൽ സയ്യദ് ബാബു എന്ന മുപ്പത്തെട്ടുകാരനെയാണ് മലെഗാവിൽ നിന്നു കസ്റ്റഡിയിലെടുത്തത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ ഏപ്രിൽ ഏഴു വരെ റിമാൻഡ് ചെയ്തു.

മരണം 1000 കടന്ന് 10 രാജ്യങ്ങൾ

വാഷിങ്ടൺ: കൊവിഡ് ബാധിച്ചു മരിച്ചവർ ആയിരം കടന്ന രാജ്യങ്ങൾ പത്ത്. ഇറ്റലി (14,681), സ്പെയ്ൻ((11,744), അമെരിക്ക (7,403), ഫ്രാൻസ് (6,507), യുകെ (3,605), ഇറാൻ (3,452), ചൈന (3,326), നെതർലൻഡ്സ് (1,651), ബെൽജിയം (1,283), ജർമനി (1,275) എന്നിങ്ങനെയാണ് ഈ രാജ്യങ്ങൾ. രോഗബാധിതരുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്ത് അമെരിക്കയും രണ്ടാമതു സ്പെയിനും മൂന്നാമത് ഇറ്റലിയും. അമെരിക്കയിൽ രോഗബാധിതർ മൂന്നു ലക്ഷത്തിലേക്ക് അടുക്കുമ്പോൾ സ്പെയിനിലും ഇറ്റലിയിലും ഒന്നേകാൽ ലക്ഷത്തിനടുത്താണ് കൊവിഡ് ബാധിതർ. 90,000 പിന്നിട്ടു ജർമനിയിലെ രോഗികൾ. മൊത്തം മരണം 60,000 പിന്നിട്ടപ്പോൾ മൂന്നിൽ രണ്ടു ഭാഗവും യൂറോപ്പിലാണ്.

രോഗബാധിതർ
11,55,148

മരണം
61,718

ഭേദമായവർ
2,40,330

1500 പേരുടെ സദ്യ, ആതിഥേയന് കൊവിഡ്

മൊറേന: മധ്യപ്രദേശിലെ മൊറേനയിൽ 1500 പേരെ പങ്കെടുപ്പിച്ച് അമ്മയുടെ മരണാനന്തരച്ചടങ്ങുകൾ നടത്തിയ ആൾക്കു കൊവിഡ് 19.ദുബായ്‌യിൽ നിന്നു മടങ്ങിയെത്തിയ ഇയാളുടെ വീട്ടിലെ 11 പേർക്കും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് ഇയാൾ താമസിച്ചിരുന്ന കോളനി ആരോഗ്യ വകുപ്പ് അടച്ചു. മുഴുവൻ പേർക്കും സമ്പർക്ക വിലക്ക് ഏർപ്പെടുത്തി.

ദുബായ്‌യിൽ ഹോട്ടലിൽ ജോലി ചെയ്യുന്ന സുരേഷ് എന്ന യുവാവിന്റെ കുടുംബത്തിനാണു കൊവിഡ് സ്ഥിരീകരിച്ചത്. 17ന് തിരിച്ചെത്തിയ ഇയാൾ 20ന് വലിയ ചടങ്ങ് സംഘടിപ്പിക്കുകയായിരുന്നു. 25ന് ഇയാൾക്കു പനിയുടെ ലക്ഷണങ്ങൾ കണ്ടെങ്കിലും നാലു ദിവസത്തിനുശേഷമാണ് ആശുപത്രി സന്ദർശിച്ചത്. തുടർന്ന് ഇയാളെയും ഭാര്യയെയും സമ്പർക്കവിലക്കിലാക്കി.

അടുത്ത ബന്ധുക്കളായ 24 പേരെ പരിശോധിച്ചതിൽ 11 പേർക്കു രോഗം കണ്ടെതതി. ഇവരിൽ എട്ടു സ്ത്രീകൾ.

ദുബായ്‌യിൽ നിന്നു മടങ്ങും മുൻപ് സുരേഷിന് അവിടെ പരിശോധന നടത്തിയിരുന്നു. അന്നു നെഗറ്റിവ് ആയിരുന്നെന്നും ഇതേത്തുടർന്നാണു നാട്ടിലേക്കു വന്നതെന്നും സുരേഷ്. അതേസമയം, ഭാര്യയ്ക്ക് അന്നു സുഖമില്ലായിരുന്നെന്നും സുരേഷ് പറഞ്ഞു.

പ്രതീക്ഷ പകർന്ന് 'ഐവർമെക്റ്റിൻ'

കൊറോണയെ കൊല്ലുമെന്ന് ഗവേഷകർ ലാബ് പരീക്ഷണം വിജയം,

മെൽബൺ: ലോകമെമ്പാടും ഉപയോഗത്തിലുള്ള ആന്റി പരാസിറ്റിക് മരുന്ന് 'ഐവർമെക്റ്റിൻ' കൊറോണ വൈറസിനെ കൊല്ലാൻ ഉപകരിച്ചേക്കുമെന്ന് ഓസ്ട്രേലിയൻ ഗവേഷകർ. ഒരു ഡോസ് 'ഐവർമെക്റ്റിൻ' കൊണ്ടുതന്നെ സെൽ കൾച്ചറിൽ വളരുന്ന സാർസ് കോവ്-2 വൈറസിനെ നശിപ്പിക്കാൻ കഴിയുമെന്ന് അവർ തെളിയിച്ചു. ലാബിലെ പരീക്ഷണം വിജയിച്ചതു പ്രതീക്ഷ നൽകുന്നുണ്ടെന്ന് അവർ. ഒരൊറ്റ ഡോസ് തന്നെ എല്ലാ വൈറൽ ആർഎൻഎയെയും 48 മണിക്കൂറിനുള്ളിൽ നശിപ്പിക്കുന്നത് ഞങ്ങൾ കണ്ടെത്തി. 24 മണിക്കൂറിനുള്ളിൽ തന്നെ വലിയ തോതിൽ വൈറസിനെ കുറയ്ക്കും- ഗവേഷകർ അവരുടെ ജേർണലിൽ അവകാശപ്പെടുന്നു.

കൊവിഡ് 19ന് മരുന്നു കണ്ടുപിടിക്കാനുള്ള നെട്ടോട്ടത്തിനിടെ ശാസ്ത്ര ലോകത്തിന് പുതിയ പ്രതീക്ഷകൾ നൽകുന്നുണ്ട് ഈ വെളിപ്പെടുത്തൽ. എന്നാൽ, പരീക്ഷണം ശരീരത്തിനു പുറത്തു മാത്രമേ ആയിട്ടുള്ളൂ. മനുഷ്യരിൽ ഇതു പരീക്ഷിച്ചു ഫലം അറിയേണ്ടതുണ്ടെന്ന് ഗവേഷണങ്ങൾക്കു നേതൃത്വം നൽകിയവരിൽ ഉൾപ്പെട്ട മൊണാഷ് യൂണിവേഴ്സിറ്റിയിലെ കെയ് ലി വാഗ്സ്റ്റാഫ് പറഞ്ഞു. ഓസ്ട്രേലിയയിലെ പൊതുഗവേഷണ സർവകലാശാലയാണ് മൊണാഷ്.

എച്ച്ഐവി, ഡെങ്കി, ഇൻഫ്ലുവൻസ, സിക വൈറസ് എന്നിവക്കെതിരേയും ലാബിൽ വളർത്തിയ സെല്ലുകളിൽ 'ഐവർമെക്റ്റിൻ' ഫലപ്രദമെന്നു തെളിഞ്ഞിട്ടുണ്ടെന്ന് ഇവർ അവകാശപ്പെട്ടു. വ്യാപകമായി ഉപയോഗിക്കുന്ന സുരക്ഷിത മരുന്നാണ് 'ഐവർമെക്റ്റിൻ'. അത് കൊറോണക്ക് മനുഷ്യനിൽ ഉപയോഗിക്കാമോ, എത്ര ഡോസ് വേണം എന്നതൊക്കെ അടുത്ത ഘട്ടമായി പരീക്ഷിക്കേണ്ടതാണെന്ന് വാഗ്സ്റ്റാഫ് പറയുന്നു. ആഗോള മഹാമാരിയുടെ നടുവിലാണു നാം. അംഗീകൃതമായ ചികിത്സയുമില്ല. സുലഭമായൊരു മരുന്ന് ഫലപ്രദമാവുമെങ്കിൽ അതു ജനങ്ങളെ സഹായിക്കും- അവർ പറഞ്ഞു.

ശരീരത്തിലെ സെല്ലുകളോടുള്ള വൈറസിന്റെ പോരാട്ടവീര്യം നശിപ്പിക്കുകയാണ് ഐവർമെക്റ്റിൻ ചെയ്യുന്നതെന്നാണു കരുതുന്നത്. എന്നാൽ, ഇതു സംബന്ധിച്ച് കൂടുതൽ ഗവേഷണങ്ങൾ വേണ്ടിവരുമെന്ന് ശാസ്ത്രജ്ഞർ ചൂണ്ടിക്കാട്ടുന്നു.

പുറത്തിറങ്ങാൻ മാസ്ക് ധരിക്കണം

- മാർഗനിർദേശവുമായി ആരോഗ്യ മന്ത്രാലയം
- വീട്ടിൽ നിർമിക്കുന്ന മാസ്കുകൾ ധരിക്കാം

ന്യൂഡൽഹി: വീട്ടിൽ നിന്നു പുറത്തിറങ്ങുന്നവർ നിർബന്ധമായും മാസ്ക് ധരിക്കണമെന്ന നിർദേശവുമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം. വീട്ടിലുണ്ടാക്കുന്നതും പുനരുപയോഗിക്കാവുന്നതുമായ മാസ്കുകൾ ധരിക്കാം. ഇവ ധരിക്കുന്നതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളും മന്ത്രാലയം പുറത്തിറക്കിയിട്ടുണ്ട്.

രോഗികളും രോഗികളെ പരിചരിക്കുന്നവരും മാത്രം മാസ്ക് ധരിച്ചാൽ മതിയെന്നായിരുന്നു നേരത്തേ കേന്ദ്രം നിർദേശിച്ചിരുന്നത്. ആരോഗ്യപ്രവർത്തകർ എൻ 95/ ത്രീ ലെയർ സർജിക്കൽ മാസ്ക് ധരിക്കണമെന്നായിരുന്നു നിർദേശം. മറ്റുള്ളവർ മാസ്ക് ഉപയോഗിക്കുന്നത് പൊതു വിപണിയിൽ മാസ്കിനു ക്ഷാമമുണ്ടാക്കുമെന്നും ചൂണ്ടിക്കാട്ടിയിരുന്നു. എല്ലാവരും മാസ്ക് ധരിക്കാൻ പുതിയ നിർദേശം പുറപ്പെടുവിട്ടതിനു കാരണം വ്യക്തമല്ല.

മന്ത്രാലയത്തിന്റെ നിർദേശത്തിൽ പറയുന്നത് ഇങ്ങനെ

- പൊതുസ്ഥലത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കുന്നതു ഫലപ്രദമെന്ന് ചിലരാജ്യങ്ങൾ പറയുന്നു. വീട്ടിലുണ്ടാക്കുന്ന ഇത്തരം മാസ്കുകൾ വ്യക്തിശുചിത്വം നിലനിർത്തുന്നതിൽ സുപ്രധാനമാണ്. പൊതുവായ ശുചിത്വ നിലവാരമുയർത്തുന്നതിനും ഇതു സഹായിക്കും.
- രോഗബാധിതരോ ശ്വാസകോശ സംബന്ധമായ രോഗമുള്ളവരോ ആണെങ്കിൽ വീട്ടിൽ ഉണ്ടാക്കിയ മാസ്ക് ധരിക്കരുത്. കൊവിഡ് രോഗികളുമായി ഇടപഴകുന്നവരും സുരക്ഷാക്രമീകരണങ്ങളുള്ള മാസ്കുകൾ തന്നെ ധരിക്കണം.
- രോഗമോ, രോഗലക്ഷണങ്ങളോ, രോഗികളുമായി ഇടപഴകാത്തവരോ ആയവർക്കാണ് വീട്ടിൽ ഉണ്ടാക്കിയ മാസ്കുകൾ ധരിക്കാവുന്നത്. വൃത്തിയുള്ള തുണി കൊണ്ടായിരിക്കണം മാസ്കുകൾ ഉണ്ടാക്കേണ്ടത്.
- മൂക്കും വായും ശരിയായി മറയ്ക്കുന്ന വിധത്തിലായിരിക്കണം മാസ്ക് ഉപയോഗിക്കേണ്ടത്. വീടിനു പുറത്തിറങ്ങുന്നവർ മാസ്ക് ഉപയോഗിക്കണം.
- ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലേക്ക് പോകുന്നവരാണെങ്കിൽ നിർബന്ധമായും ധരിച്ചിരിക്കണം.
- ഒരേ വീട്ടിലുള്ളവരാണെങ്കിലും ഒരാൾ ഉപയോഗിച്ച മാസ്ക് മറ്റൊരാൾ ഉപയോഗിക്കരുത്. എല്ലാവരും വെവ്വേറെ മാസ്കുകൾ തന്നെ ഉപയോഗിക്കണം.
- ഒരാൾക്കു കുറഞ്ഞതു രണ്ടു മാസ്കുകളെങ്കിലും തയാറാക്കുക. ഉപയോഗശേഷം സോപ്പുലായനിയിൽ കഴുകി അണുവിമുക്തമാക്കി വെയിലിൽ ഉണക്കി വീണ്ടും ഉപയോഗിക്കാം.

കരിഞ്ചന്ത തടയാൻ ഹെൽപ്പ് ലൈൻ

മാസ്കുകളുടെയും സാനിറ്റൈസറുകളുടെയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ നടപടിയെടുക്കുമെന്നു കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു. ഇവയുടെ വില സംബന്ധിച്ച വിജ്ഞാപനങ്ങളെക്കുറിച്ച് വിശദീകരിക്കാൻ ഹെൽപ്പ്ലൈൻ നമ്പരുകൾ പരസ്യപ്പെടുത്തുമെന്നം കേന്ദ്രം അറിയിച്ചു.

ജസ്റ്റിസ് ഫൊർ റൈറ്റ്സ് ഫൗണ്ടേഷൻ എന്ന സംഘടനയുടെ പൊതുതാത്പര്യ ഹർജി വിഡിയൊ കോൺഫറൻസിങ്ങിലൂടെ പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി. മാസ്ക്, ഹാൻഡ് സാനിറ്റൈസർ, ലിക്വിഡ് സോപ്പ് എന്നിവയുടെ ശരിയായ വിതരണം ഉറപ്പാക്കാനും കരിഞ്ചന്ത തടയാനും നടപടി ആവശ്യപ്പെട്ടാണു സംഘടന കോടതിയെ സമീപിച്ചത്. സർക്കാർ നടപടിയെടുക്കുന്നുണ്ടെങ്കിലും ഇവ ഇപ്പോഴും പൂഴ്ത്തിവയ്ക്കപ്പെടുന്നുണ്ടെന്നാണു ഹർജിക്കാർ ചൂണ്ടിക്കാട്ടിയത്.

ട്രെയ്ൻ സർവീസ് പുനരാരംഭിക്കൽ: തീരുമാനമായില്ലെന്നു റെയ്ൽവേ

ന്യൂഡൽഹി: അടച്ചുപൂട്ടൽ അവസാനിക്കുന്നതോടെ 15 ന് ട്രെയ്ൻ സർവീസുകൾ പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടില്ലെന്നു റെയ്ൽവേ. ഇക്കാര്യത്തിൽ വരും ദിവസങ്ങളിലേ തീരുമാനമുണ്ടാകൂ എന്നു റെയ്ൽവേ ബോർഡ് പത്രക്കുറിപ്പിൽ അറിയിച്ചു.

"റെയ്ൽവേ ബോർഡിൽ നിന്ന് വ്യക്തമായ അനുമതി ലഭിച്ചശേഷമേ ഓരോ സർവീസും പുനരാരംഭിക്കൂ. ഓരോ ഘട്ടത്തിലേക്കുമുള്ള നിർദേശങ്ങളും റെയ്ൽവേ ബോർഡ് നൽകും. വെള്ളിയാഴ്ച റെയ്ൽ മന്ത്രി പീയൂഷ് ഗോയലിന്റെ നേതൃത്വത്തിൽ മുതിർന്ന ഉദ്യോഗസ്ഥരുടെ വിഡിയൊ കോൺഫറൻസ് ചേർന്നിരുന്നു. അതിൽ എല്ലാ കാര്യങ്ങളും ചർച്ച ചെയ്തു. സർവീസ് പുനരാരംഭിക്കാൻ മന്ത്രിസഭാ സമിതിയുടെ അനുമതിയും ലഭിക്കേണ്ടതുണ്ട്"- റെയ്ൽവേ വൃത്തങ്ങൾ അറിയിച്ചു.

ഏതൊക്കെ ട്രെയ്നുകളാണ് പുനരാരംഭിക്കേണ്ടതെന്നും റേക്കുകളുടെ ലഭ്യതയെങ്ങനെയെന്നും പരിശോധിക്കാൻ റെയ്ൽവേ ബോർഡ 17 സോണുകൾക്കും നിർദേശം നൽകിയിരുന്നു. ഈ സാഹചര്യത്തിലാണു 15 മുതൽ സർവീസ് പുനരാരംഭിക്കുമെന്ന സൂചനകളുയർന്നത്. ഈയാഴ്ച തന്നെ ഇക്കാര്യത്തിൽ തീരുമാനമുണ്ടാകുമെന്നു കരുതുന്നു. അതേസമയം, സർവീസ് പുനരാരംഭിച്ചാലും മുഴുവൻ യാത്രക്കാർക്കും തെർമൽ സ്ക്രീനിങ് നടത്തുന്നതും റെയ്ൽവേ പരിശോധിക്കുന്നുണ്ട്. എന്നാൽ, ഇന്ത്യൻ സാഹചര്യങ്ങളിൽ ഇത് എത്രമാത്രം ഫലപ്രദമെന്നതാണു സംശയം.

മാർച്ച് 24ന് രാജ്യമാകെ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതോടെയാണ് 157 വർഷത്തെ ഇന്ത്യൻ റെയ്ൽവേയുടെ ചരിത്രത്തിലാദ്യമായി ട്രെയ്ൻ സർവീസ് പൂർണമായി നിർത്തിവച്ചത്. എന്നാൽ, ഗുഡ്സ് ട്രെയ്നുകൾ ഇപ്പോഴും സർവീസ് നടത്തുന്നുണ്ട്. സർവീസ് പുനരാരംഭിക്കുമ്പോൾ ഉണ്ടാകാനിടയുള്ള അനിയന്ത്രിതമായ തിരക്കും റെയ്ൽവേയെ കുഴക്കുന്നുണ്ട്. ഇത് എങ്ങനെ നേരിടുമെന്നതു കൂടി കണക്കിലെടുത്താകും തീരുമാനം.

കൊവിഡ് ചികിത്സയ്ക്കായി നിരവധി കോച്ചുകൾ ഐസൊലേഷൻ വാർഡുകളാക്കി മാറ്റിയതിനാൽ കോച്ചുകളുടെ ക്ഷാമവും സർവീസ് പുനരാരംഭിക്കുന്നതിനെ ബാധിക്കും. നിലവിൽ 500 കോച്ചുകൾ ഐസൊലേഷൻ വാർഡുകളാക്കി മാറ്റി കഴിഞ്ഞു. 5000 കോച്ചുകളാണ് ആകെ മാറ്റുക.

14ന് ശേഷം രാജ്യത്ത് ആഭ്യന്തര വിമാന സർവീസ് ബുക്കിങ്ങുകൾ പുനരാരംഭിക്കാമെന്ന് വ്യോമയാന മന്ത്രി ഹർദീപ് സിങ് പുരി കഴിഞ്ഞദിവസം പറഞ്ഞിരുന്നു. 21 ദിവസത്തേക്ക് പ്രഖ്യാപിച്ച ലോക്ക്ഡൗൺ നീട്ടിയില്ലെങ്കിലാണ് വിമാന സർവീസ് ബുക്കിങ്ങുകൾ ആരംഭിക്കാമെന്ന് മന്ത്രി പറഞ്ഞത്.

എന്നാൽ അന്താരാഷ്ട്ര വിമാനങ്ങളുടെ കാര്യത്തിൽ വ്യക്തമായ ഒരു ഉത്തരം മന്ത്രി നൽകിയില്ല.

മുംബൈയിൽ നിയന്ത്രണം നീട്ടിയേക്കും

മുംബൈ: കൊവിഡ് 19 വ്യാപനം തടയാനായുള്ള രാജ്യവ്യാപക അടച്ചുപൂട്ടൽ 14ന് അവസാനിച്ചാലും മുംബൈയിൽ നിയന്ത്രണം തുടർന്നേക്കും. മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെയും ആരോഗ്യമന്ത്രി രാജേഷ് ടോപ്പുമാണ് ഇതേക്കുറിച്ചു സൂചന നൽകിയത്. നിയന്ത്രണം നീക്കണമോ എന്നു തീരുമാനിക്കേണ്ടതു ജനങ്ങളാണെന്നും അവർ സ്വയം നിയന്ത്രണം പാലിക്കണമെന്നും ഉദ്ധവ് താക്കറെ പറഞ്ഞു.

സംസ്ഥാനത്തെ കൊവിഡ് ബാധിതരിൽ 80 ശതമാനവും മുംബൈ, പൂനെ നഗരങ്ങളിലാണ്. ഈ സാഹചര്യത്തിലാണു നിയന്ത്രണം നീട്ടുന്നതു പരിഗണിക്കുന്നതെന്ന് ആരോഗ്യ മന്ത്രി പറഞ്ഞു. എന്നാൽ, ഇതു തന്റെ വ്യക്തിപരമായ അഭിപ്രായമാണെന്നും അദ്ദേഹം. നിയന്ത്രണങ്ങൾ അവഗണിച്ച് നിരവധി വാഹനങ്ങൾ നിരത്തുകളിലുണ്ടെന്ന് ആഭ്യന്തര മന്ത്രി അനിൽ ദേശ് മുഖ്. പലതവണയായി ഇതൊഴിവാക്കാൻ സർക്കാർ അഭ്യർഥിക്കുന്നു. ഇനിയും അനാവശ്യമായി റോഡിലിറങ്ങിയാൽ കർശന നടപടിയുണ്ടാകും. വാഹനങ്ങൾ പിടിച്ചെടുക്കും- ദേശ്മുഖ് പറഞ്ഞു.

കുതിച്ചുയരുന്നു രോഗബാധിതർ

രോഗം ബാധിച്ച് മുംബൈയിൽ ആറു പേർ മരണമടഞ്ഞിരുന്നു. സംസ്ഥാനത്ത് 26 പേരാണ് മരിച്ചത്. ഇവരിൽ ധാരാവിയിൽ നിന്നുള്ള അമ്പത്താറുകാരനും ഉൾപ്പെടുന്നു.

മഹാരാഷ്ട്രയിൽ വെള്ളിയാഴ്ച വരെയുള്ള കണക്കുപ്രകാരം 490 പേർക്കാണു രോഗം ബാധിച്ചത്. ഇവരിൽ 278 പേർ മുംബൈയിലാണ്. നാലു ദിവസത്തിനിടെ സംസ്ഥാനത്തു രോഗബാധിതരുടെ എണ്ണം ഇരട്ടിയായി. മാർച്ച് 30ന് ആകെ 220 പേർക്കായിരുന്നു രോഗം. ഇതാണ് 490ലേക്ക് ഉയർന്നത്. ഈ സാഹചര്യത്തിൽ ഏതാനും ആഴ്ചകൾ കൂടി നിയന്ത്രണം നീട്ടുന്നതാണു സർക്കാർ പരിഗണിക്കുന്നത്.

30വരെ പത്തു മരണമാണു റിപ്പോർട്ട് ചെയ്തത്. ഇതിനുശേഷം മരണസംഖ്യയും കുതിച്ചുയർനനു. വെള്ളിയാഴ്ച മരിച്ച ആറു പേരിൽ നാലു പേർ മുംബൈയിൽ നിന്നുള്ളവരാണ്. ഒരാൾ ബാദൽപുർ സ്വദേശിയും ഒരാൾ ജൽഗാവിൽ താമസക്കാരനും.

മുംബൈ വിമാനത്താവളത്തിൽ ജോലി ചെയ്തിരുന്ന 11 സിഐഎസ്എഫ് ജവാന്മാർക്ക് വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതേത്തുടർന്നു നവി മുംബൈയിലെ കലംബോലി മേഖലയിലുള്ള സിഐഎസ്എഫ് ജവാന്മാരുടെ പാർപ്പിട സമുച്ചയം പൂർണമായി സമ്പർക്ക വിലക്കിലാക്കി. 147 ജവാന്മാരാണ് ഇവിടെ താമസിക്കുന്നത്. ഇവരിൽ നിന്നു സാംപ്ൾ പരിശോധനയ്ക്ക് അയച്ചു.

ധാരാവിയിലുണ്ടായിരുന്നവർ കേരളത്തിൽ

തബ്‌ലീഗ് ജമാഅത്ത് സമ്മേളനത്തിൽ പങ്കെടുത്ത ചിലരുമായി അടുത്തിടപഴകിയിരുന്നു ധാരാവിയിൽ മരിച്ചയാൾ. ഒരു ഗാർമെന്റ് യൂണിറ്റ് ഉടമയായിരുന്ന ഇദ്ദേഹത്തിന്റെ ഫ്ളാറ്റിലാണ് മാർച്ച് 22ന് മർക്കസിൽ നിന്നെത്തിയ അഞ്ചു സ്ത്രീകൾ താമസിച്ചിരുന്നത്. മറ്റൊരു അഞ്ചു പേർ കൂടി ഇവിടെയുണ്ടായിരുന്നു. മാർച്ച് 24ന് ഇവർ കേരളത്തിലേക്കു പോയി. ഇവരെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറിയശേഷം കണ്ടെത്താൻ കേരള പൊലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മുംബൈ ഷാഹു നഗർ പൊലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥൻ. മരിച്ചയാളുടെ സഞ്ചാരപാതകൾ കണ്ടെത്താൻ മൊബൈൽ പരിശോധന നടക്കുന്നു. ഇയാളുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെ 15 പേരെ അതിസാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തി.

കിടപ്പുരോഗിക്കും കൊവിഡ് 19

ജൽഗാവിൽ മരിച്ച അറുപത്തിമൂന്നുകാരൻ ഇവിടെത്തന്നെയുള്ള മറ്റു രോഗികളുമായി സമ്പർക്കം പുലർത്തിയിരുന്നു. മരണമടഞ്ഞയാൾക്ക് പ്രമേഹവും രക്താതി സമ്മർദവുമുണ്ടായിരുന്നു. ഒരു മാസം മുൻപാണ് ആൻജിയോപ്ലാസ്റ്റിക്ക് വിധേയനായത്.

നട്ടെല്ലിന് പരുക്കു മൂലം ദീർഘകാലമായി രോഗശയ്യയിലായിരുന്ന സ്ത്രീയാണു ബാദൽപുരിൽ മരിച്ചത്. ഇവർ ഏറെക്കാലമായി വീടിനു പുറത്തുപോയിട്ടില്ല. വസായിയിൽ മരിച്ച അറുപത്തെട്ടുകാരനും അടുത്തകാലത്തെങ്ങും യാത്ര ചെയ്തിരുന്നില്ല. മരിച്ച മറ്റൊരാൾക്ക് ചുമയും പനിയും ഉൾപ്പെടെ ഒരു രോഗലക്ഷണവും കണ്ടതുമില്ല. ഇവയെല്ലാം പരിഗണിച്ചാണു മുംബൈയിൽ നിയന്ത്രണം നീട്ടിയേക്കുമെന്ന സൂചന. മറ്റു നഗരങ്ങളിലും സമാന നടപടിയുണ്ടാകുമെന്നുംറിപ്പോർട്ടുണ്ട്.

നീ പോ, തത്കാലം ഞാൻ മതി..! കൊവിഡ് ലോക്ക്ഡൗണും നിരോധനാജ്ഞയും ഒന്നിച്ചുള്ള കോട്ടയം നഗരത്തിൽ പൊരിഞ്ഞ വെയിലത്ത് വാഹന പരിശോധനയ്ക്കായി നിന്ന പൊലീസ് ഉദ്യോഗസ്ഥർ പകുതി കഴിച്ചശേഷം വിളക്കുകാലിന്റെ ചുവട്ടിൽ വച്ച തണ്ണിമത്തൻ കഴിക്കുന്ന കാക്കകൾ. തിരുനക്കര മൈതാനത്തിന് മുന്നിൽ നിന്നുള്ള കാഴ്ച.
ബിനീഷ് മള്ളൂശേരി

യുഎസിൽ രണ്ടര മിനിറ്റിൽ ഒരു മരണം, ഇറ്റലിയിലും സ്പെയ്നിലും കുറയുന്നു

- ജർമനിയുടെ 2 ലക്ഷം മാസ്കുകൾ കളവു പോയി
- മാസ്കിനു പകരം പാക്കിസ്ഥാന് അണ്ടർവെയർ..!

ന്യൂയോർക്ക്/ജനീവ: യുഎസിനെ വശംകെടുത്തി കൊവിഡ് 19 താണ്ഡവം തുടരുന്നു. ജീവൻരക്ഷാ ഔഷധങ്ങൾക്കും ഉപകരണങ്ങൾക്കും കടുത്ത ക്ഷാമം നേരിടുന്ന അമെരിക്കയിൽ ഓരോ രണ്ടര മിനിറ്റിലും ഒരാൾ മരിക്കുന്നു എന്നാണ് ഒടുവിൽ കിട്ടുന്ന വിവരം. ഇവിടെ മരണ സംഖ്യ 7000 കവിഞ്ഞു. കോവിഡ് സാന്നിധ്യം അതിരൂക്ഷമായ ന്യൂയോർക്കിൽ മാത്രം 24 മണിക്കൂറിനുള്ളിൽ മരിച്ചവർ 562. യുഎസിലെ ഒരു സംസ്ഥാനത്ത് ഒരു ദിവസം രേഖപ്പെടുത്തിയ ഏറ്റവും വലിയ മരണ സംഖ്യയാണിത്. അതേ സമയം ഇറ്റലിയിലും സ്പെയിനിലും മരണ സംഖ്യ കഴിഞ്ഞ മൂന്നു ദിവസമായി കുറഞ്ഞുവരുന്നത് യൂറോപ്പിന് നേരിയ ആശ്വാസമായി. ഏറ്റവും ഒടുവിൽ ലഭിക്കുന്ന കണക്കു പ്രകാരം ലോകത്തു കൊവിഡ് 19 ബാധിച്ചവരുടെ എണ്ണം 11,30,770. മരണ സംഖ്യ 60,097. വിവിധ രാജ്യങ്ങളിലായി കാൽ ലക്ഷത്തോളം പേർ അതീവ ഗുരുതരാവസ്ഥയിലാണ്.

ആകെ രോഗബാധിതരുടെ എണ്ണത്തിലും കൂടുതൽ ആളുകളുടെ മരണ നിരക്കിലും യുഎസ് ആണ് ഇപ്പോൾ മുന്നിൽ. എന്നാൽ ഇതുവരെയുള്ള മൊത്തം മരണസംഖ്യയിൽ ഇറ്റലി തന്നെയാണു മുന്നിൽ. ഇന്നലെ വൈകുന്നേരം വരെയുള്ള കണക്കു പ്രകാരം 1,19,827 പേർക്കു രോഗം സ്ഥിരീകരിച്ചു. മരണ സംഖ്യ 14,681. കഴിഞ്ഞ മൂന്നു ദിവസം തുടർച്ചയായി മരണ സംഖ്യയിൽ നേരിയ കുറവു വന്നത് ഇറ്റലിക്ക് വലിയ ആശ്വാസമായി. രോഗവ്യാപനത്തിന്റെ തോതും കുറഞ്ഞു. യുഎസിൽ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 1,24,736 ആണ്. 1,17,710 ആണ് സ്പെയ്നിലെ രോഗബാധിതരുടെ എണ്ണം. മരണ സംഖ്യ 10,935. വെള്ളിയാഴ്ച മരിച്ചവരുടെ എണ്ണം 809 ആയിരുന്നെങ്കിൽ വ്യാഴാഴ്ച ഇത് 932 ആയിരുന്നു. ഇന്നലെ ഇതിലും കുറവാണു മരണസംഖ്യ.

പേർഷ്യൻ ഗൾഫ് രാജ്യമായ കുവൈറ്റിൽ ഇന്നലെ ആദ്യത്തെ കൊവിഡ് മരണം രേഖപ്പെടുത്തി. രാജ്യത്ത് കൊവിഡ് 19 ബാധിച്ചവരുടെ എണ്ണം 479. യുഎഇ, സൗദി, ഒമാൻ തുടങ്ങിയ രാജ്യങ്ങളിലും കൊവിഡ് ബാധിതരുടെ പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇറാനിൽ മരണ സംഖ്യ 3,500 കവിഞ്ഞു. 4,103 പേർ അതീവ ഗുരുതരാവസ്ഥയിൽ.

പുകവലിക്കുന്നവരിൽ സാധ്യത 14 ഇരട്ടി

കൊവിഡ് 19 വ്യാപനത്തിൽ പുകവലിക്കു നിർണായക പങ്കെന്നു പബ്ലിക് ഹെൽത്ത് യുകെ മുന്നറിയിപ്പ്. പുകവലിക്കുന്നവരുടെ ശ്വാസകോശങ്ങൾക്ക് അല്ലാതെ തന്നെ അനാരോഗ്യമുണ്ട്. ശ്വാസതടസം, ക്യാൻസർ, മൂക്കൊലിപ്പ് തുടങ്ങി പല അസ്വസ്ഥതകളും പുകവലിക്കുന്നവരിൽ സാധാരണമാണ്. ഇവർക്കു കൊവിഡ് 19 പിടിപെട്ടാൽ ശ്വസന വ്യവസ്ഥയെ വളരെ വേഗത്തിൽ ബാധിക്കും. സാധാരണ ആരോഗ്യമുള്ള ഒരാളെക്കാൾ 14 ഇരട്ടി വേഗത്തിലായിരിക്കും പുകവലിക്കാരിൽ കൊവിഡ് വ്യാപനമെന്ന് പബ്ലിക് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഡയറക്റ്റർ പ്രൊഫ. ജോൺ ന്യൂട്ടൺ വ്യക്തമാക്കി.

പുകവലി കുറയ്ക്കുകയോ പൂർണമായി വേണ്ടെന്നു വയ്ക്കുകയോ ചെയ്യാനുള്ള സുവർണാവസരമാണിതെന്നും പ്രൊഫ. ന്യൂട്ടൺ.

ബ്രിട്ടനിലും സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. അന്തരീക്ഷ താപനില 24 ഡിഗ്രി സെൽഷ്യസ് ആയതോടെ സായാഹ്ന സവാരിക്കു പോകുന്ന ഇംഗ്ലീഷുകാരോടു വീട്ടിലിരിക്കാൻ പ്രധാനമന്ത്രി ബോറിസ് ജോൺസൺ കർശന നിർദേശം നൽകി. സുഖമുള്ള കാലാവസ്ഥയായതിനാൽ വാരാന്ത്യത്തിലും ഈസ്റ്റർ വിശേഷങ്ങൾക്കുമായി കൂടുതൽ പേർ പുറത്തിറങ്ങാൻ സാധ്യതയുണ്ട്. അതു രോഗവ്യാപനത്തിന് ഇടയാക്കും. അതുകൊണ്ട് ലോക്ക്ഡോൺ ചട്ടങ്ങൾ കർശനമായി പാലിക്കാൻ എല്ലാവരും തയാറാകണമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരേ കർശന നടപടി ഉണ്ടാകും.

ജനങ്ങൾ മാസ്ക് ധരിക്കണം, ഞാൻ ധരിക്കില്ല: ട്രംപ്

കൊവിഡ് 19 പ്രതിരോധത്തിന് സോഷ്യൽ ഡിസ്റ്റൻസിങ് നിർബന്ധമാക്കി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പൊതുജനങ്ങൾ ഗുണമേന്മയുള്ള മുഖംമൂടികൾ ധരിക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. അതേസമയം, ഈ നിർദേശം തനിക്കു ബാധകമായിരിക്കില്ലെന്ന വിചിത്രമായ തീരുമാനവും അദ്ദേഹം പ്രഖ്യാപിച്ചു. നേതാക്കളെയടക്കം സ്വീകരിക്കുമ്പോൾ താൻ മുഖാവരണം ധരിക്കില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രഖ്യാപനം.

ജീവൻരക്ഷാ ഉപകരണങ്ങൾക്കാണ് എല്ലാ രാജ്യങ്ങളിലും കടുത്ത ക്ഷാമം. ഇതുമൂലം പല രാജ്യങ്ങളും മറ്റുള്ളവരുടെ മാസ്ക് അടക്കമുള്ള സുരക്ഷാസംവിധാനങ്ങൾ കവർച്ച നടത്തുന്നതായി വലിയ ആരോപണമുണ്ട്. ചൈനയിൽ നിന്ന് ജർമനിയിലേക്കു കൊണ്ടുപോകുകയായിരുന്ന 2 ലക്ഷം മാസ്കുകൾ കെനിയയിൽ വച്ചു മോഷണം പോയി. ഇതു യുഎസിലേക്കു വഴിതിരിച്ചുവിട്ടതാകാമെന്ന് ജർമനി ആരോപിച്ചു. ക്യാനഡയിലേക്ക് അയച്ച മാസ്കുകൾ യുഎസിലെ ഫ്ളോറിഡയിലേക്കാണു പോയതെന്ന് കനേഡിയൻ അധികൃതർ ആരോപിച്ചു.

തായ്‌വാൻ സംഭാവനയായി നൽകിയ ഒരു ലക്ഷത്തോളം മാസ്കുകളും ഫ്ളോറിഡയിലേക്കു കടത്തിയതായി പരാഗ്വേ ആരോപിച്ചു. ലോകത്തെ ഒരു വൻശക്തി, തങ്ങളെപ്പോലെ ഒരു ചെറിയ രാജ്യത്തോട് ഇങ്ങനെ ചെയ്യരുതായിരുന്നു എന്ന് പരാഗ്വേ അധികൃതർ.

അതിനിടെ, പാക്കിസ്ഥാനിൽ കൊവിഡ് 19 ചെറുക്കുന്നതിനു ചൈന ഓഫർ ചെയ്ത എൻ 95 അത്യാധുനിക മാസ്കുകൾ പാക്കിസ്ഥാനിലെത്തിയപ്പോൾ അണ്ടർവെയറിന് ഉപയോഗിക്കുന്ന തരത്തിലുള്ള ഉത്പന്നമായിരുന്നു എന്ന് ഒരു പാക് ചാനൽ റിപ്പോർട്ട് ചെയ്തു. ചൈന തങ്ങളെ ചതിച്ചതായി ചാനൽ കുറ്റപ്പെടുത്തി.

തേനിയിൽ കൊവിഡ്: ഉത്കണ്ഠയോടെ ഇടുക്കി

റീന വർഗീസ് കണ്ണിമല

ഇടുക്കി: കൊവിഡിനെ പ്രതിരോധിക്കാനുള്ള പരിശ്രമങ്ങൾക്കു വിവിധ വകുപ്പുകൾ കൈകോർത്തു മുന്നേറുമ്പോൾ തൊട്ടുകിടക്കുന്ന തമിഴ്നാടിലെ തേനി ജില്ലയിൽ രോഗം പടരുന്നത് തലവേദനയാകുന്നു.

തേനി ജില്ലയിൽ 20 പേർക്കാണ് കൊവിഡ് സ്ഥിരീകരിച്ചത്. ഡൽഹി നിസാമുദ്ദീൻ തബ്‌ലീഗ് സമ്മേളനത്തിനു പോയി മടങ്ങിയവരിൽ നിന്നാണ് അവിടെ രോഗവ്യാപാനം ഉണ്ടായതെന്നാണ് അഭ്യൂഹം. കേരളത്തോട് ചേർന്നു കിടക്കുന്ന ബോഡിനായ്ക്കന്നൂരിലാണ് തേനി ജില്ലയിലെ കൊവിഡ് രോഗികളിൽ പതിമൂന്നു പേരുള്ളത്.

രോഗബാധ സ്ഥിരീകരിച്ചതോടെ അതീവ ജാഗ്രതയിലാണ് ഇടുക്കിയിലെ കുമളി അടക്കമുള്ള പ്രദേശങ്ങൾ. കുമളിക്ക് പുറമെ കമ്പംമേട്ട്, ബോഡിമേട്ട് തുടങ്ങിയ ചെക്ക്പോസ്റ്റുകളിലും പരിശോധന കർശനമാണ്. എന്നാൽ, കേരളത്തിലെ തോട്ടങ്ങളിൽ പണിയെടുക്കാനുള്ള വിലക്ക് ഇന്നലെ മുതൽ നീക്കിയതോടെ വനാന്തർ ഭാഗത്തു കൂടിയുള്ള ഊടുവഴികളിലൂടെ കേരളത്തിലേക്കു വരുന്ന തോട്ടം തൊഴിലാളികളുടെ എണ്ണം വർധിച്ചു.

പൊലീസും വനംവകുപ്പും നിതാന്ത ജാഗ്രതയിലാണ് ഇവിടെ. ഇത്തരക്കാരെ കണ്ടെത്താൻ ഡ്രോൺ ഉപയോഗിക്കുന്നതിന് അനുമതി കിട്ടിയതോടെ ഊടുവഴികളിലൂടെ പ്രവേശിക്കാൻ ശ്രമിച്ച ഒൻപതു പേരെ പൊലീസും വനംവകുപ്പും ചേർന്നു പിടികൂടി. ഉടുമ്പൻചോല, ശാന്തൻ പാറ പ്രദേശങ്ങളിലെ കാട്ടുപാതകളിലൂടെ കഴിഞ്ഞദിവസം ആറു പേർ പ്രവേശിച്ചതായും പൊലീസിന് അറിവു കിട്ടിയിട്ടുണ്ട്. അവർക്കായി തെരച്ചിൽ ഊർജിതമാക്കി.

നിയന്ത്രണം സെപ്റ്റംബർ വരെ വേണ്ടിവരും?

ന്യൂഡൽഹി: രാജ്യത്തെ അടച്ചുപൂട്ടൽ പൂർണമായും നീക്കുന്നതു സെപ്റ്റംബർ രണ്ടാം വാരം വരെ നീണ്ടുപോയേക്കുമെന്നു റിപ്പോർട്ട്. പെട്ടെന്നു നിയന്ത്രണങ്ങൾ നീക്കുന്നത് രോഗം തടയുന്നതിനു സഹായിക്കില്ലെന്നും യുഎസ് ആസ്ഥാനമായ കൺസൾട്ടിങ് കമ്പനി ബോസ്റ്റൺ കൺസൾട്ടിങ് ഗ്രൂപ്പ് (ബിസിജി) തയാറാക്കിയ റിപ്പോർട്ടിൽ പറയുന്നു. ജൂൺ അവസാന ആഴ്ച മുതൽ സെപ്റ്റംബർ രണ്ടാം വാരം വരെ ഘട്ടംഘട്ടമായി നിയന്ത്രണങ്ങൾ നീക്കുകയാണു വേണ്ടത്. ജൂൺ മൂന്നാം വാരത്തിലാകും ഇന്ത്യയിൽ രോഗികളുടെ എണ്ണം കുതിച്ചുയരുകയെന്നും റിപ്പോർട്ടിൽ പറയുന്നു.

അടച്ചുപൂട്ടൽ നീട്ടുന്നതു പരിഗണനയിലില്ലെന്നു കേന്ദ്ര ആഭ്യന്തര സെക്രട്ടറി രാജീവ് ഗൗബ കഴിഞ്ഞദിവസം സൂചിപ്പിച്ചിരുന്നു. 14 വരെ കർശനമായി നിയന്ത്രണം പാലിക്കണമെന്നു പ്രധാനമന്ത്രിയും വ്യക്തമാക്കി. അടച്ചുപൂട്ടൽ 14ന് അവസാനിക്കുമെന്ന് ഇതോടെ സൂചനകൾ ശക്തമായിരിക്കെയാണ് നിയന്ത്രണം നീട്ടണമെന്ന റിപ്പോർട്ട്.

ചൈനയിലേതിനു സമാനമായാണ് ഇന്ത്യയും അടച്ചുപൂട്ടൽ നടപ്പാക്കിയത്. മാർച്ച് 31 ന് 1500 കേസുകളായിരുന്നു സ്ഥിരീകരിച്ചതെങ്കിൽ ഇപ്പോഴത് ഇരട്ടിയായിരിക്കുന്നു. നിലവിൽ മഹാരാഷ്ട്രയിലാണ് ഏറ്റവും കൂടുതൽ കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വെള്ളിയാഴ്ച മാത്രം 88 പേർക്കാണ് രോഗം സ്ഥിരീകരിച്ചത്.

അതുകൊണ്ട് തന്നെ ലോക് ഡൗൺ പൂർണമായും നീക്കം ചെയ്താൽ നിലവിലെ സ്ഥിതിയിൽ കാര്യങ്ങൾ കൂടുതൽ കൈവിട്ട് പോയേക്കുമെന്ന ആശങ്കകൾ പല കോണുകളിൽ നിന്നും ഉയരുന്നുണ്ട്. നിയന്ത്രണങ്ങൾ എടുത്തുകളയുന്നതിലെ കാലതാമസം രാജ്യത്തെ ആരോഗ്യ സംരക്ഷണ മേഖലയുടെ തയാറെടുപ്പ് ഉയർത്തുന്ന വെല്ലുവിളികളെ അടിസ്ഥാനപ്പെടുത്തിയാകുമെന്നും ജൂൺ മൂന്നാം വാരത്തോടെ കോവിഡ് - 19 കേസുകളുടെ എണ്ണത്തിൽ ഗണ്യമായ വർധനവ് ഉണ്ടാവുമെന്നും പഠനത്തിൽ പറയുന്നു.

മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ പ്രധാനമന്ത്രി

ന്യൂഡൽഹി: കൊറോണ ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കുമുള്ള അവശ്യ മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യത രാജ്യത്തെല്ലായിടത്തും ഉറപ്പാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്യോഗസ്ഥരോടു നിർദേശിച്ചു. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രൂപവത്കരിച്ച ഉന്നതാധികാര സമിതികളുടെ സംയുക്ത യോഗത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുകയായിരുന്നു പ്രധാനമന്ത്രി.

കൊറോണ വ്യാപന സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തയാറെടുപ്പുകൾ മോദി വിലയിരുത്തി. ആശുപത്രികളുടെ ലഭ്യത, ഐസൊലേഷൻ, ക്വാറന്റൈൻ സൗകര്യങ്ങൾ, രോഗ നിരീക്ഷണം, പരിശോധന, അടിയന്തര ഘട്ടങ്ങളിലെ പരിചരണത്തിനുള്ള പരിശീലനം തുടങ്ങിയ കാര്യങ്ങൾ എംപവേഡ് ഗ്രൂപ്പുകളും മോദിയും തമ്മിലുള്ള ചർച്ചയിൽ വിഷയമായതായി പ്രധാനമന്ത്രിയുടെ ഓഫിസ് അറിയിച്ചു.

വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ, മാസ്ക്കുകൾ, ഗ്ലൗസുകൾ, വെന്റിലേറ്ററുകൾ തുടങ്ങിയവയുടെ ലഭ്യതയിൽ പ്രശ്നങ്ങളുണ്ടാവരുതെന്ന് മോദി നിർദേശിച്ചു. ഇവയുടെ ഉത്പാദനം, സംഭരണം തുടങ്ങിയ കാര്യങ്ങളിൽ ഉന്നതാധികാര സമിതികൾക്കും ഉദ്യോഗസ്ഥർക്കും പ്രത്യേക ശ്രദ്ധ വേണമെന്നു മോദി പറഞ്ഞു.

കഴിഞ്ഞ ഞായറാഴ്ചയാണ് കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ 11 എംപവേഡ് ഗ്രൂപ്പുകൾ രൂപവത്കരിച്ചത്. മഹാമാരിയുടെ പശ്ചാത്തലത്തിൽ ആരോഗ്യ മേഖലയിൽ വേണ്ട നടപടികൾ നിർദേശിക്കുക, സാമ്പത്തിക വ്യവസ്ഥയെ തിരിച്ചു കൊണ്ടുവരിക, ജനദുരിതത്തിനു കുറവുണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഈ സമിതികളുടെ രൂപവത്കരണം. പ്രശ്നബാധിത മേഖലകൾ കണ്ടെത്തുക, ഉചിതമായ പരിഹാരങ്ങൾ നിർദേശിക്കുക, നയ രൂപവത്കരണം നടത്തുക, പദ്ധതികൾ ആവിഷ്കരിക്കുക, പ്രവർത്തന സ്ട്രാറ്റജികൾ ഉണ്ടാക്കുക, സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ഗ്രൂപ്പുകളുടെ ദൗത്യം. ഇതിൽ ഒമ്പതു ഗ്രൂപ്പുകളെയും നയിക്കുന്നത് സെക്രട്ടറിതല ഉദ്യോഗസ്ഥരാണ്.

രണ്ടര മണിക്കൂറിൽ ഫലം; പരിശോധനാ കിറ്റുമായി ചെന്നൈ കമ്പനി

ന്യൂഡൽഹി: പൂനെയിലെ മൈ ലാബിനു പിന്നാലെ കൊവിഡ് 19 പരിശോധനാ കിറ്റ് വികസിപ്പിച്ച് ചെന്നൈ കമ്പനിയും. അടുത്തയാഴ്ച പരിശോധനാ കിറ്റ് ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് (എൻഐവി) സമർപ്പിക്കും. അനുമതി ലഭിച്ചാൽ പൂർണമായും ഇന്ത്യയിൽ നിർമിച്ച കിറ്റ് ഉടൻ കൊവിഡ് പരിശോധനാ ലാബുകളിലെത്തും.

കൊവിഡിനെ നേരിടാൻ നിരന്തര പരിശോധന ആവശ്യമെന്നിരിക്കെയാണ് രാജ്യത്ത് ഈ രംഗത്തെ കുറവുകൾ പരിഹരിക്കാൻ ചെന്നൈ ട്രിവിട്രോൺ ഹെൽത്ത് കെയർ കമ്പനിയുടെ പരീക്ഷണം.

വൈദ്യശാസ്ത്ര ഉപകരണ നിർമാണത്തിൽ ഇന്ത്യയിൽ ഒന്നാം നിരയിലുള്ള കമ്പനിയാണ് ട്രിവിട്രോൺ. കൊവിഡിനെ തുരത്താനുള്ള ശ്രമങ്ങളെ ശക്തിപ്പെടുത്താൻ സർക്കാരിനൊപ്പം പ്രവർത്തിക്കുമെന്നു കമ്പനി ചെയർമാനും എംഡിയുമായ ഡോ. ജി.എസ്.കെ. വേലു.

ചൈനയിലെ ജിനാൻ ആസ്ഥാനമായ ലാബ് സിസ്റ്റംസ് ഡയഗ്നോസ്റ്റിക് ഷാൻഡോങ്ങുമായി ചേർന്നുള്ള സംരംഭമാണ് ട്രിവിട്രോൺ. ചൈനീസ് കമ്പനി നേരത്തേ കൊവിഡ് 19 ആർടി- പിസിആർ കിറ്റ് നിർമിച്ചിരുന്നു. ഇതേസമയം ഇന്ത്യയിലും പരിശോധനാ കിറ്റ് വികസിപ്പിക്കാൻ ശ്രമം തുടങ്ങി. ഇതിനിടെ ഇന്ത്യയിൽ വലിയ തോതിൽ രോഗബാധിതരുടെ എണ്ണം കുതിച്ചുയർന്നതോടെ ചൈനീസ് പങ്കാളിയുടെ സഹായത്തോടെ പൂർണമായും ഇന്ത്യൻ നിർമിത കിറ്റ് വളരെ വേഗം വികസിപ്പിക്കുകയായിരുന്നെന്ന് വേലു.

ഒരു കിറ്റിന് 500 രൂപയിലൊതുങ്ങും വിലയെന്നും അദ്ദേഹം. നിലവിൽ ജർമനിയുടെയും ചൈനയുടെയുമടക്കം വിദേശ കിറ്റുകൾ എത്തിച്ചാണു നാം പരിശോധിക്കുന്നത്. ചൈനയുടെ കിറ്റുകൾക്ക് 800-900 രൂപ വിലവരും. ഒരു രോഗിയുടെ പരിശോധനയ്ക്ക് പരമാവധി 4500 രൂപയേ ഈടാക്കാവൂ എന്നു സ്വകാര്യ ലാബുകൾക്ക് കേന്ദ്ര സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ പൂർണമായി സൗജന്യ ചികിത്സയാണ് ഏർപ്പെടുത്തിയിരിക്കുന്നത്.

നിലവിലുള്ള പല കിറ്റുകളും ഏഴു മണിക്കൂർ വരെയെടുക്കുമ്പോൾ ട്രിവിട്രോൺ കിറ്റ് ഉപയോഗിച്ചു രണ്ടര മണിക്കൂറിൽ പരിശോധനാ ഫലമറിയാമെന്നും വേലു. അനുമതി കിട്ടിയാൽ ഏഴര ലക്ഷം കിറ്റുകൾ വരെ നിർമിക്കാൻ കമ്പനിക്കു കഴിയുമെന്നും അദ്ദേഹം അറിയിച്ചു.

കുഞ്ഞിമുഹമ്മദ് മുസ്ലിയാർ

തിരൂരങ്ങാടി: ചെറുമി കുഞ്ഞിമുഹമ്മദ് മുസ്ലിയാർ (74) അന്തരിച്ചു. കാരന്തൂർ മർകസിന്റെ തുടക്കം തൊട്ട് അതിന്റെ റസീവറായിരുന്നു. ഭാര്യ: നഫീസ. മക്കൾ: മുഹ്യുസ്സുന്ന അഹ്സനി, മുഹ്‌രിജ്, മുസ്തഫ അഹ്സനി, ഹാമിദ്, നുസൈബ, സുഹറ, സഫിയ. മരുമക്കൾ: ഇബ്നു മൗലാ തങ്ങൾ ചേലക്കാട്, ശാഫി ഫാളിലി ഓമച്ചപ്പുഴ, അബ്ദുൽ മജീദ് ചാവക്കാട് ഖത്തർ, ഫാത്തിമ അറ്റത്തങ്ങാടി, ഫാത്തിമ താനൂർ.

തളമതി

അങ്കമാലി: റയിൽവേ സ്റ്റേഷൻ നഗറിൽ (ആർ എസ്എൻ - 109) ആത്തികുട്ടം പരേതനായ അയ്യപ്പന്റെ ഭാര്യ തളമതി (97) അന്തരിച്ചു. സംസ്കാരം ഇന്ന് ഒൻപതിന് കിടങ്ങൂർ എസ്എൻഡിപി ശ്മശാനത്തിൽ. മക്കൾ: ജാനു, കുട്ടൻ, ഷീല, ബീന. മരുമക്കൾ: കുമാരൻ സുബ്രഹ്മണ്യൻ, പരേതനായ കണ്ണൻ.

ഭവാനി

പെരുമ്പാവൂർ: കുറിച്ചിലക്കോട് പന്തിരുകുടി പരേതനായ അയ്യപ്പന്റെ ഭാര്യ ഭവാനി (78) അന്തരിച്ചു. മുവാറ്റുപുഴ മുറി ത്തോട്ടത്തിൽ കുടുംബാംഗമാണ്. സംസ്കാരം തൊവാഴ്ച രാവിലെ ഒൻപതിന് ഒക്കൽ എസ്എൻഡിപി ശ്മശാനത്തിൽ. മക്കൾ: ശശികുമാർ, വനജ, ലീന, ഗീത. മരുമക്കൾ: മായ, ശിവരാമൻ, ഷാജി, ജയചന്ദ്രൻ.

മംഗല തമ്പുരാട്ടി

പന്തളം:ഉപാസനയിൽ (കോയിക്കൽ തെക്കേതിൽ) പരേതനായ പ്രൊഫ. എൻ.എൻ. പോറ്റിയുടെ ഭാര്യ പന്തളം തോട്ടക്കോണം ഗവ. എച്ച്എസ്സിന്റെ പ്രധാന അധ്യാപിക മംഗല തമ്പുരാട്ടി (84) അന്തരിച്ചു. മക്കൾ: ഡോ. ഹരികുമാർ (പോറ്റാനിക്കര പടിയാർ മെമ്മോറിയൽ ഹോമിയോ മെഡിക്കൽ കോളജ്), ഡോ. ഹേമലത (കൊല്ലം ആയുർ ആയുർവേദ കോളജ്).

രാഘവൻ

പഴുവിൽ വെസ്റ്റ്: ചെമ്മാനി കേളു മകൻ രാഘവൻ (79) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: അംബുജാക്ഷി. മക്കൾ: ഷൈനി, ഷൈജു. മരുമക്കൾ: സുനിൽ, നിഷ.



ജോസ്

അങ്കമാലി: ജോസ്പുരം പടയാട്ടിൽ ദേവസി ജോസ് (67) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: മഞ്ഞപ്ര കല്ലിലാൻ കുടുംബാംഗം ആനി.മക്കൾ: ജിനി നിജോ, സനോജ്. മരുമക്കൾ :മാർട്ടിൻ, ബിബിന, രേഖ.



അന്തപ്പൻ ജോൺ

പറവൂർ: മുരിങ്ങൂപറത്ത് അന്തപ്പൻ ജോൺ (71) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സിന്റ്രല (തണ്ണിക്കോട്ട് കുടുംബാംഗം). മക്കൾ: ഡോ. ഡിസ്നി (യുഎസ്എ), ഡോ. ഡ്യൂമോൾ (ബാംഗ്ലൂർ), ഡിബിൻ (എൻജിനീയർ, എറണാകുളം). മരുമക്കൾ: ഡോ. ജോസ് (യുഎസ്എ), പിന്റോ (എൻജിനീയർ), സ്റ്റെഫി (മൈക്രോബയോളജിസ്റ്റ്, എറണാകുളം).

സിബു തമ്പി

അമ്പലപ്പുഴ: പുറക്കാട് ഗ്രാമപഞ്ചായത്ത് തോട്ടപ്പള്ളി ആനന്ദേശ്വരം അമ്പത്തിനാലിൽ ചിറയിൽ എൻ. തമ്പിയുടെ മകൻ സിബു തമ്പി (39) അന്തരിച്ചു. ഭാര്യ: സിന്ധു. മക്കൾ: ആദിത്യ,ആരാധ്യ.

ചന്ദ്രവല്ലി

മോതിരവയൽ: ഉരുൾ വാഴക്കാലായിൽ ശ്രനിവാസന്റെ ഭാര്യ ചന്ദ്രവല്ലി (78) അന്തരിച്ചു. മക്കൾ: പുഷ്പ, സുരേഷ്, ഉഷ, പ്രസാദ്. മരുമക്കൾ: സുഭാഷ്, സുരേന്ദ്രൻ, ലാലി.

ലക്ഷ്മി അന്തർജനം

മാള: പൂപ്പത്തി വാരിക്കാട്ട് മാത്തിൽ വാരിക്കാട്ട് കൃഷ്ണൻ എമ്പ്രാന്തിരി ഭാര്യ ലക്ഷ്മി അന്തർജനം (84) അന്തരിച്ചു. സംസ്കാരം വീട്ടുവളപ്പിൽ നടത്തി. മക്കൾ: വത്സല, ശാന്ത, മോഹനൻ, ബാബുരാജ്, ജയരാജ് (മുൻ മാളിക പ്പുറം മേൽശാന്തി). മരുമക്കൾ: ഉണ്ണികൃഷ്ണൻ, ദേവദാസ്, ശ്രീജ, ലക്ഷ്മി, ഉമാദേവി.



കുഞ്ഞുവറീത്

അങ്കമാലി: മൂക്കന്നൂർ മാടശ്ശേരി വറീത് കുഞ്ഞുവറീത് (86) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പുവത്തുശ്ശേരി പറമ്പൻ മേരി. മക്കൾ: കൊച്ചുത്രേസ്യ, വർഗീസ് (ടെൽക്, അങ്കമാലി), മേഴ്സി, സിസ്റ്റർ റൂബി (എസ്എബിഎസ്, കൊരട്ടി), ലില്ലി (കുവൈറ്റ്). മരുമക്കൾ: പൗലോസ്, ലിസ (അധ്യാപിക, കാഞ്ഞൂർ), തോമസ്, ജോയി.

സുഭദ്രാമ്മ

വെള്ളറട: മാരായമുട്ടം സുഭദ്രാലയത്തിൽ പരേതനായ പ്രഭാകരൻ നായരുടെ ഭാര്യ സുഭദ്രാമ്മ (85) അന്തരിച്ചു. മക്കൾ: മുരളീധരൻനായർ, മംഗളകുമാരി, ഉഷാകുമാരി, രാജൻ. മരുമക്കൾ: ശ്രീകുമാരി, രഘുനാഥൻനായർ, ശശിധരൻനായർ, കുമാരി, പ്രസന്ന.

വേലപ്പൻ

കയ്പമംഗലം: എടത്തിരുത്തി കമ്മായ് റോഡ് പരിസരത്ത് ഇഴവുവൻ കണ്ടത്ത് വേലപ്പൻ (83) അന്തരിച്ചു. ഭാര്യ: തങ്ക. മക്കൾ: സ്മിത, സുധീർ, പരേതയായ സിന്ധു. മരുമക്കൾ: ജോഷി, ജയശ്രീ. സംസ്കാരം വീട്ടുവളപ്പിൽ നടത്തി.

കെ.രാമചന്ദ്രൻ പോറ്റി

ഏനാത്ത്: റിട്ട. അധ്യാപകൻ എണ്ണമേൽ മഠത്തിൽ കെ.രാമചന്ദ്രൻ പോറ്റി (84) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പിരപ്പൻകോട് അണ്ണൽ മഠം കുടുംബാംഗം കമലാദേവി.

മോഹനൻ പിള്ള

കല്ലമ്പലം: തോട്ടയ്ക്കാട് വാളക്കോട്ടുമല കുരുട്ട് വീട്ടിൽ മോഹനൻപിള്ള (65, മോഹി - ബിസ്മി ഹോട്ടൽ) നിര്യാതനായി. ഭാര്യ: ശാന്തമ്മ. മക്കൾ: അരുൺ, അഭിജിത്. മരുമക്കൾ: അഞ്ജു, രാഖി.

വിശ്വനാഥൻ

ഒല്ലൂർ: എടക്കുന്നി വീട്ടിൽ കിട്ടപ്പായിയുടെ മകൻ വിശ്വനാഥൻ (64) അന്തരിച്ചു. സംസ്കാരം നടന്നു. ഭാര്യ: സ്നേഹലത. മക്കൾ: വിനീഷ്, വിനീത. മരുമക്കൾ: രാജീവ്, സന്ധ്യ.

സി. ചന്ദ്രകുമാരി

പാറശാല: പ്ലാമൂട്ടുക്കട ബാങ്ക് ജംക്ഷൻ എസ്‌സിഎം കോട്ടേജിൽ പരേതനായ മധുസൂധനന്റെ ഭാര്യ സി. ചന്ദ്രകുമാരി (56) അന്തരിച്ചു.മക്കൾ:മനോജ്, മോനിഷ. മരുമക്കൾ: വിശാന്ത്, എസ്. പ്രിയ.



എം.ജെ. ജേക്കബ്

കുമ്പളം: എറണാകുളം ജനറൽ ആശുപത്രി ജീവനക്കാരനായിരുന്ന മനയത്ത് എം.ജെ. ജേക്കബ് (67) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് കുമ്പളം സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ. ഭാര്യ: പൂപ്പനിത്തറ മാളിയേക്കൽ കുടുംബാംഗം റാണി ജേക്കബ്. മക്കൾ: വിനു ജേക്കബ് (പരേതൻ) സി.മേരി വിണ (സെന്റ് ജോസഫ് കോൺവെന്റ് കാക്കനാട്). സഹോദരങ്ങൾ: എം.ജെ ആന്റണി, ബേബി ലൂയിസ്, എം.ജെ തോമസ് (പരേതൻ), എം ജെ ജോർജ്, ത്രേസ്യാക്കുട്ടി ആന്റണി, കുഞ്ഞമ്മ വർഗീസ്, ആനി തോമസ്, റോസി അഗസ്റ്റിൻ.

സൈമൺ

മുല്ലശ്ശേരി: ചാലിശ്ശേരി അന്തോണി മകൻ സൈമൺ (55) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഷൈനി. മകൻ: നെൽസൺ.

സിസ്ന്ദു

വടക്കാഞ്ചേരി: ചിറമനേങ്ങാട് മനയ്ക്കൽ വളപ്പിൽ പരേതനായ കൃഷ്ണൻകുട്ടി നായരുടെ മകൾ സിന്ധു (42) അന്തരിച്ചു. സംസ്കാരം നടത്തി. ഭർത്താവ്: മണികണ്ഠൻ. മകൾ: അപർണ്ണ.

ജി.വസന്ത

പാറശാല: ഭാസ്കർ നഗർ ഹൗസ് നമ്പർ 24 ൽ ജി.വസന്ത (64) അന്തരിച്ചു.

ദേവകിയമ്മ

വെള്ളറട: കോട്ടയ്ക്കൽ പ്ലാക്കോട് വീട്ടിൽ പരേതനായ നാരായണപിള്ളയുടെ ഭാര്യ ദേവകിയമ്മ (93) അന്തരിച്ചു. മക്കൾ: തങ്കപ്പൻ നായർ, കുഞ്ഞുരാമൻ നായർ, പ്രസന്നകുമാരി, ഗീതാകുമാരി, ശോഭകുമാരി, പ്രബലകുമാരി, പരേതയായ സുജാത നായർ.

മരുമക്കൾ: ജയാംബിക, ഗിരിജാദേവി, രാജശേഖരൻ നായർ, കുമാരൻ നായർ, സതീഷ്ചന്ദ്രകുമാർ, രാമചന്ദ്രൻ നായർ.

കല്യാണിയമ്മ

റാന്നി: മോടിപറമ്പിൽ പരേതനായ നാരായണന്റെ ഭാര്യ കല്യാണിയമ്മ (93) അന്തരിച്ചു. മക്കൾ: സോമൻ (വിമുക്തഭടൻ), കമലാസനൻ (റിട്ട. ചീഫ് സയന്റിസ്റ്റ്, നാഷനൽ ഫിസിക്കൽ ലബോറട്ടറി,ഡൽഹി), പരേതനായ ആനന്ദൻ (വിമുക്തഭടൻ). മരുമക്കൾ: ഓമന, രാധാമണി, രാജി.

മാധവൻ നമ്പൂതിരി

ഇരിങ്ങാലക്കുട: അവിട്ടത്തൂർ വെള്ളാമ്പറമ്പ് മനക്കൽ മാധവൻ നമ്പൂതിരി (64) അന്തരിച്ചു. ഭാര്യ: പി.എം. ഷീല മക്കൾ: മിഥുൻ, അനുശ്രീ (മാതൃഭൂമി), മരുമക്കൾ: ശ്രീജ. സംസ്കാരം വീട്ടുവളപ്പിൽ നടന്നു.



അപ്രേം വർഗീസ്

മാള: പൊയ്യ പഞ്ഞിക്കാരൻ അപ്രേം വർഗീസ് (77) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് പൊയ്യ സെ. അപ്രേം പള്ളിയിൽ. ഭാര്യ: ജോസ്ഫീന. മക്കൾ: സിജു, വിജു, മരുമക്കൾ: വിൻസി, ആന്റോസ്.



തങ്കമ്മപിള്ള

വെള്ളറട: ചെമ്പൂർ പാലോട്ടുകോണം കുഴിവിള പുത്തൻവീട്ടിൽ തങ്കമ്മപിള്ള (95) അന്തരിച്ചു. മക്കൾ: കമലമ്മപിള്ള, ലളിതമ്മ, വിജയകുമാരി, കൃഷ്ണൻകുമാരി, പരേതനായ രവീന്ദ്രൻ പിള്ള. മരുമക്കൾ: ശ്യാമളയമ്മ, രവീന്ദ്രൻനായർ, ചന്ദ്രശേഖരൻ നായർ, പ്രതാപ ചന്ദ്രൻ, പരേതനായ സുകുമാരൻ നായർ.

സരസ്വതിയമ്മ

ചേർത്തല: ചേർത്തല തെക്ക് തയ്യിൽ ചെറുകുന്നത്ത് വെളി സരസ്വതിയമ്മ(83)തിരുപ്പുറിൽ അന്തരിച്ചു.മക്കൾ:ഹേമലത, അജിത്കുമാർ, ജ്യോതികുമാരി. മരുമക്കൾ: സോമശേഖരപ്പണിക്കർ, ഗിരിജ, മുരളികുമാർ.

കമലാക്ഷിയമ്മ

പാടിമൺ-പൗവ്വത്തിപ്പടി: രാധാലയത്തിൽ (അയ്യനാട്ട് തുരുത്തിക്കാട്) പരേതനായ ദാമോദരൻ പിള്ളയുടെ ഭാര്യ കമലാക്ഷിയമ്മ (91) അന്തരിച്ചു.

ഷീല ഫ്രാൻസിസ്

ചാലക്കുടി: കാടുകുറ്റി കുരിയാപ്പിള്ളി ഫ്രാൻസിസ് ഭാര്യ ഷീല ഫ്രാൻസിസ് (ആനി-51) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജിബിലിൻ, ജിപ്സി.

പാത്തുമ്മ

കോതമംഗലം: നെല്ലിക്കുഴി ഇളമ്പ്ര കിഴക്കേപ്പുറത്തെ പുത്തൻപുരയിൽ മക്കാറിന്റെ ഭാര്യ പാത്തുമ്മ (88) അന്തരിച്ചു. മക്കൾ: മുഹമ്മദ്, അലിയാർ, സലീം, അസർ ഖാൻ, സക്കീർ ഹുസൈൻ, നസീർ, ഷാഹുൽ ഹമീദ് പരേതനായ അബ്ദുൾ ഖാദർ, സൈനബാ, സുബൈദ, സുഹറ. മരുമക്കൾ: മുഹമ്മദ് കുഞ്ഞ്, അബ്ദുൾ കരീം, മുഹമ്മദ് സാലിഹ്, ഹഫ്സ, നിസ, റഷ, സാജിത, ആബിത, അൽമാസ് ,സബിത, സീനത്ത്. സംസ്കാരം നടത്തി.

സ്റ്റാൻലിജോൺ

വെള്ളറട: നിലമാമൂട് കൈവാണകാല നിത്യഭവനിൽ സ്റ്റാൻലിജോൺ (60) അന്തരിച്ചു. ഭാര്യ: അനിത. മകൻ: കിച്ചു.

ചന്ദ്രമതി

ഇരവുകാട്: മാളികപ്പറമ്പിൽ ചന്ദ്രമതി (80) അന്തരിച്ചു. മക്കൾ: രമാദേവി, മനോഹരൻ (സിഐടിയു ജില്ലാ കൗൺസിൽ അംഗം, ആർട്ടിസാൻസ് യൂണിയൻ ജില്ലാ കമ്മറ്റി അംഗം, സിപിഎം തത്തംപള്ളി ബ്രാഞ്ച് സെക്രട്ടറി), സന്തോഷ് കുമാർ, വിജയകുമാർ, സ്നേഹലത, ഷീജ. മരുമക്കൾ: അശോകൻ, ഷൈലജ, രഞ്ജിനി, ജയന്തി, അജികുമാർ, ജയരാജ്.

ബാലകൃഷ്ണപിള്ള

ഹരിപ്പാട്: പള്ളിപ്പാട് കളരിക്കൽ ബാലകൃഷ്ണപിള്ള (കളരിക്കൽ മെഡിക്കൽസ്- 73) അന്തരിച്ചു. റൂറൽ ക്ലാ ബുവാസറി ഏകോപന സമിതി വൈസ് പ്രസിഡന്റ്, ആൾ കേരള കെമിസ്റ്റ് & ഡ്രഗിസ്റ്റ് ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. സംസ്കാരം നടത്തി. ഭാര്യ: ഡോ. ബി. കൃഷ്ണദേവി. മക്കൾ: ഡോ. മഹേശ്വരി, മഹേഷ് (ദുബായ്). മരുമക്കൾ: ഡോ. ശ്രീകുമാർ, ഹരിപ്രിയ (ദുബായ്).

ഏലമ്മ അബ്രഹാം

കോതമംഗലം: കോട്ടപ്പടി കക്കാട്ടുകുടി പരേതനായ അബ്രഹാമിന്റെ ഭാര്യ ഏലമ്മ അബ്രഹാം (88) അന്തരിച്ചു. സംസ്കാരം ഇന്ന് 11ന് നാഗഞ്ചേരി സെന്റ് ജോർജ് ഹെബ്രോൺ പള്ളിയിൽ സെമിത്തേരിയിൽ.മക്കൾ:ജോയ് അബ്രഹാം. (കോട്ടപ്പടി ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ്, സിഐടിയു കോതമംഗലം ഏരിയ സെക്രട്ടറി). പൗലോസ്, ജോർജ്. മരുമക്കൾ: ജെസി, ബിനി, ജിസ്മി.

ടി. കെ. ശ്രീധരൻ

തിരുവല്ല: ഇരുവെള്ളിപ്ര ഉഴത്തിൽ ടി. കെ. ശ്രീധരൻ (പൊടിയൻ - 94) അന്തരിച്ചു. ഭാര്യ: സരോജിനി. മക്കൾ: പരേതനായ ഒ.എസ്. വിജയകുമാർ, ഒ.എസ്. ഓമന (റിട്ട. ഹെഡ് നഴ്സ്), സുശീല (ഹെഡ് നഴ്സ്, ഉദയപൂർ), ഒ.എസ്. രമേശ് കുമാർ (സിആർപിഎഫ്, മധ്യപ്രദേശ്).

സത്യഭാമ

കണ്ടശ്ശാംകടവ്: കോനത്ത് കുമാരൻ ഭാര്യ സത്യഭാമ (89) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10ന് വീട്ടുവളപ്പിൽ. മക്കൾ: വസന്തകുമാർ, കുമാരിരമ, വിജയകുമാരി, ശാന്തകുമാർ. മരുമക്കൾ: ബീന, ധനലക്ഷ്മി, പരേതനായ സോമസുന്ദരൻ, രാജൻ.

അബ്ദുൾ റഷീദ്

കാട്ടാക്കട: പൂവച്ചൽ പണിക്കൻവിളയിൽ അബ്ദുൽ റഷീദ് (69) അന്തരിച്ചു. മക്കൾ: ബുഷ്റ, നിഷ, സെയ്ദ് സാഹിദ്, സീന. മരുമക്കൾ: ഷാജി, ഫിർദൗസ് കായൽപുറം (ചന്ദ്രിക ദിനപത്രം), ജസീന, റിയാസ്. ഖബറടക്കം പൂവച്ചൽ കുഴിയംകോണം ജമാഅത്തിൽ നടന്നു.

പൊടിച്ചി

അടൂർ:പുതുശേരിഭാഗം പുലിമല ചരുവിളയിൽ പരേതനായ പൊടിയന്റെ ഭാര്യ പൊടിച്ചി (74) അന്തരിച്ചു. സംസ്കാരം നടത്തി. മകൾ: തങ്കമണി. മരുമകൻ:പരേതനായ സോമൻ.

ശോശാമ്മ

തോട്ടഭാഗം:കുന്നേൽ ഗ്രേസ് വില്ലയിൽ പരേതനായ എം.എ. വർഗീസിന്റെ ഭാര്യ ശോശാമ്മ (91) അന്തരിച്ചു. മക്കൾ: രാജു (കാനഡ), പരേതനായ സണ്ണി. മരുമക്കൾ: ലീലാമ്മ, സുജ.

വിശ്വനാഥ മേനോൻ

കൊടുങ്ങല്ലൂർ: ശൃംഗപുരം രാധ സൈക്കിൾ കമ്പനി ഉടമയായിരുന്ന ടി കെഎസ് പുരം കാവുങ്ങൽ വീട്ടിൽ വിശ്വനാഥമേനോൻ (83) അന്തരിച്ചു. മക്കൾ: അഡ്വ: മിനി. വി.മേനോൻ, അനിൽ കുമാർ, അരുൺകുമാർ. മരുമക്കൾ: ഗിരീഷ്കുമാർ, രാധിക, ശ്രീജ.

പ്രസാദ് പി. ജോർജ് ജോസഫ്

അമ്പലപ്പുഴ: പേരങ്ങാട്ട് പരേതനായ പി. ജോർജ് ജോസഫിന്റെയും ത്രേസ്യാമ്മ ജോർജിന്റെയും മകൻ പ്രസാദ് പി. ജോർജ് ജോസഫ് (48) ഡൽഹിയിൽ അന്തരിച്ചു. കുടുംബത്തോടൊപ്പം ഡൽഹിയിലായിരുന്നു താമസം. സംസ്കാരം പിന്നീട്. ഭാര്യ: ഷിജി പോർട്ട് കൊച്ചി വല്ലംചേരി കുടുംബാംഗമാണ്. മക്കൾ: ജാസ്മിൻ, സെലിൻ.

മറിയാമ്മ

മാരാമൺ: പാലക്കുന്നത്ത്‌കൗങ്ങേലിൽ (റിവർവ്യൂ) പരേതനായ പി. ടി. ജോർജിന്റെ ഭാര്യ മറിയാമ്മ (94) അന്തരിച്ചു. സംസ്കാരം നടത്തി.

തിരുവല്ല ഇലഞ്ഞിമൂട്ടിൽ കണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: ഡോ. ശോഭന, ജോർജ് തോമസ് (വെല്ലൂർ). മരുമക്കൾ: ശോശ, പരേതനായ ഫാ. മാത്യു പി. ജേക്കബ് പട്ടമുക്കിൽ (ആലപ്പുഴ).

റിസർവോയറിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങിമരിച്ചു

പോത്രാമ്പ്ര: കുറ്റ്യാടി ജലസേചന പദ്ധതിയുടെ റിസർവോയറിൽ കൂട്ടുകാർക്കൊപ്പം കുളിക്കാനിറങ്ങിയ യുവാവിനെ ഒഴുക്കിൽ പെട്ട് മുങ്ങി മരിച്ചു. കല്ലാനോട് വട്ടുതടയിൽ ഡേവിഡിന്റെ മകൻ ടോണി സബാസ്റ്റ്യൻ (26) ആണ് മരിച്ചത്. ഇന്നലെ വൈകിട്ട് 5 മണിയോടെ കൂട്ടുകാരോടൊത്ത് റിസർവോയറിൽ കുളിക്കാനിറങ്ങി എല്ലാവരും ചേർന്ന് മറുകരക്ക് നീന്തുകയായിരുന്നു.എന്നാൽ മുങ്ങി ഉള്ളവർ മറുകരയിലെത്തിയിട്ടും ടോണിയെ കാണാതാവുകയായിരുന്നു. ഉടൻ മറ്റുള്ളവരും നാട്ടുകാരും ചേർന്ന് തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല. പേരാമ്പ്രയിൽ നിന്നെത്തിയ ഫയർ ഫോഴ്സും കൂരാച്ചുണ്ട് പൊലീസും കക്കയം അമീൻ റസ്ക്യൂ ടീമും ചേർന്ന് നടത്തിയ തെരച്ചിലിലാണ് മൃതദേഹം കണ്ടെടുത്തത്. മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളജ് മോർച്ചറിയിലേക്ക് മാറ്റി. മാതാവ് ലിസി (ക്ലർക്ക് കല്ലാനോട് സെന്റ് മേരീസ് എച്ച്എസ്). സഹോദരൻ ഷോണി സബാസ്റ്റ്യൻ.

ടോണി സബാസ്റ്റ്യൻ

ജനറൽ വാർത്തകൾ

ഗുരുദ്വാര ആക്രമണം:

ആസൂത്രകൻ അറസ്റ്റിൽ

അറസ്റ്റിലായത് മലയാളി ഭീകരന്റെ നേതാവ്

കാബൂൾ: അഫ്ഗാൻ തലസ്ഥാനത്തെ ഗുരുദ്വാരയ്ക്കു നേരേയുണ്ടായ ചാവേറാക്രമണത്തിന്റെ മുഖ്യ ആസൂത്രകനും ഇസ്‌ലാമിക് സ്റ്റേറ്റിന്റെ ഖൊറാസൻ പ്രവിശ്യാ തലവനുമായ മൗലവി അബ്ദുള്ള (അസ്‌ലം ഫാറൂഖി) അറസ്റ്റിൽ. അഫ്ഗാൻ അതിർത്തിയോടു ചേർന്ന പാക്കിസ്ഥാനിലെ ഒറാക്‌സായി സ്വദേശിയാണ് ഇയാൾ. മുൻപ് ലഷ്കർ ഇ തൊയ്ബയിലും പാക് താലിബാനിലും പ്രവർത്തിച്ചിരുന്ന മൗലവി അബ്ദുള്ള, ഐഎസ് കമാൻഡർ മൗലവി സിയാവുൾ ഹഖിന്റെ പിൻഗാമിയായാണ് ഖൊറാസാനിൽ ഭീകരസംഘടനയുടെ തലപ്പത്തെത്തിയത്. അഫ്ഗാൻ ഭീകരവിരുദ്ധ സേനയുടെ പ്രത്യേക വിഭാഗം നടത്തിയ അന്വേഷണത്തിലാണ് ഇയാൾ പിടിയിലായത്. ഹഖാനി ശൃംഖലയുടെയും ലഷ്കർ ഇ തൊയ്ബയുടെയും നിർദേശങ്ങൾക്ക് അനുസൃതമായാണ് ഇയാൾ കാബൂളിലെ ഗുരുദ്വാര ആക്രമിച്ചതെന്ന് കാബൂളിലെയും ഡൽഹിയിലെയും ഭീകരവിരുദ്ധ സേനാവൃത്തങ്ങൾ. കഴിഞ്ഞ മാസം അവസാനം ഗുരുദ്വാരയിലുണ്ടായ ആക്രമണത്തിൽ 27 പേർ മരണമടഞ്ഞിരുന്നു. കാസർഗോഡ് തൃക്കരിപ്പൂർ സ്വദേശി മുഹമ്മദ് മുഹ്സിൻ (അബു ഖാലിദ് അൽ ഹിന്ദി) ഉൾപ്പെടെ നാലു ചാവേറുകളാണ് ഗുരുദ്വാര ആക്രമിച്ചതെന്ന് പിന്നീടു സ്ഥിരീകരിച്ചു. മുഹമ്മദ് മുഹ്സിനുൾപ്പെടെ മേഖലയിലെ ഭീകരരെ നിയന്ത്രിച്ചിരുന്നത് മൗലവി അബ്ദുള്ളയാണ്.

കൊവിഡ് പ്രതിരോധം: കൂട്ടായി തുടരാൻ എംഎൽഎമാർ

തിരുവനന്തപുരം:കൊവിഡ് പ്രതിരോധത്തിന് കൂട്ടായ പ്രയത്നം തുടരാൻ നിയമസഭാംഗങ്ങളുടെ ഏകകണ്ഠമായ തീരുമാനം. മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ വീഡിയോ കോൺഫറൻസിൽ വിവിധ ജില്ലകളിൽ നിന്ന് പങ്കെടുത്ത എംഎൽഎമാരും നിയമസഭയിലെ കക്ഷി നേതാക്കളും സർക്കാരിന്റെ പ്രവർത്തനങ്ങളിൽ തൃപ്തി രേഖപ്പെടുത്തി. മന്ത്രിമാരായ കെ.കെ. ശൈലജ , ഇ. ചന്ദ്രശേഖരൻ,പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, മന്ത്രിമാർ, ചീഫ് വിപ്പ് കെ. രാജൻ, മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും കൂട്ടായ്മയാണ് ആവശ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഒന്നിച്ച് നിന്ന് കാര്യങ്ങൾ ചെയ്യുന്നതാണ് ശക്തി. ഈ പൊതു സ്പിരിറ്റാണ് എല്ലാവരിൽനിന്നുമുള്ളത്. ഇത് തുടരാനാകണം. ഇന്നലെവരെ ഉണ്ടായിട്ടില്ലാത്ത ഒരു അവസ്ഥയാണ് നാം നേരിടുന്നത്. ഇത്തരമൊരു അവസ്ഥയിൽ ജനപ്രതിനിധികളുടെ ഇടപെടൽ എങ്ങനെയാവണമെന്നത് വളരെ പ്രധാനമാണ്. 1.7 ലക്ഷം പേർ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുകയാണ്. ഇത്തരക്കാർക്കുണ്ടായേക്കാവുന്ന മാനസിക പ്രയാസം ലഘൂകരിക്കാൻ കൗൺസിലർമാർ സജ്ജരാണ്. അതിഥി തൊഴിലാളികളുടെ കാര്യത്തിലും നല്ല ശ്രദ്ധ വേണ്ടതുണ്ട്. അവർക്ക് ഭക്ഷണം, മരുന്ന്, വൈദ്യസഹായം, താമസ സൗകര്യം എന്നിവ ഉറപ്പാക്കണം. ലോക്ഡൗൺ കഴിഞ്ഞ് നാട്ടിലേക്ക് പോകാൻ അതിഥി തൊഴിലാളികൾക്ക് പ്രത്യേക ട്രെയിൻ സൗകര്യം ഏർപ്പെടുത്തണമെന്ന് പ്രധാന മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും കാര്യത്തിലും ശ്രദ്ധ പതിയേണ്ടതുണ്ട്. കമ്മ്യൂണിറ്റി കിച്ചന്റെ കാര്യത്തിൽ അനാവശ്യ ഇടപെടൽ അനുവദിക്കേണ്ടതില്ല. അർഹരായവർക്കു മാത്രമേ ഇതിലൂടെ ഭക്ഷണം നൽകേണ്ടതുള്ളൂ. തെറ്റായ പ്രവണതകൾ നിയന്ത്രിക്കാൻ എം.എൽ.എമാർ ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

വേനൽക്കാലമായതിനാൽ കുടിവെള്ള പ്രശ്നം പലയിടത്തും രൂക്ഷമാണ്. വെള്ളം ദുരുപയോഗിക്കരുത്. പുനരുപയോഗവും ശീലിക്കണം. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കാനാകണം. വയോജനങ്ങൾക്കും കുട്ടികൾക്കും രോഗബാധയുണ്ടാവാതെ ശ്രദ്ധിക്കണം. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനാകണം. ആവശ്യമായ ശാരീരിക അകലം പാലിച്ച് കാർഷികവൃത്തി ചെയ്യാൻ സഹായകമായ നിലപാട് എം.എൽ.എമാർ സ്വീകരിക്കണം. നാടിനെ തകർച്ചയിൽ നിന്ന് തിരിച്ചെടുക്കുന്ന കാര്യത്തിൽ പ്രാദേശിക ഇടപെടൽ എം.എൽ.എമാരുടെ ഭാഗത്തു നിന്നുണ്ടാകണം.തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവരുടെ എണ്ണം വർധിച്ചിട്ടുണ്ട്. ഇവ ചെറുക്കാൻ മുൻപന്തിയിലുണ്ടാകണം. പ്രവാസികൾക്ക് ഭക്ഷണം, ചികിത്സാസൗകര്യം എന്നിവ ഉറപ്പുവരുത്താൻ നോർക്ക വഴി ശ്രമിക്കുന്നുണ്ട്. നാട്ടിലുള്ള കുടുംബാംഗങ്ങളെ കുറിച്ച് അവർ ആശങ്കപെടാതിരിക്കാനുള്ള ഇടപെടലുണ്ടാകണം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകണമെന്ന് സംസ്ഥാന സർക്കാർ അഭ്യർത്ഥന നടത്തിയിട്ടുണ്ട്. നല്ല പ്രതികരണമാണ് ഇതിനോട് പൊതുവിൽ ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ എം.എൽ.എമാരുടെ പിന്തുണ ഉണ്ടാകണം.പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്ക് വാഹനം ലഭ്യമാക്കും. എം.എൽ.എമാരുടെ ആസ്തി വികസന ഫണ്ട് കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് വിനിയോഗിക്കുന്ന കാര്യം ധനവകുപ്പുമായി ആലോചിച്ച് പരിശോധിക്കും. മറ്റ് ക്ഷേമ ആനുകൂല്യങ്ങൾ ലഭിക്കാത്തവർക്ക് നൽകാൻ നിശ്ചയിച്ച 1000 രൂപ എത്രയും പെട്ടെന്ന് നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഡോ. എം.കെ. മുനീർ, എസ്. ശർമ, മാത്യു. ടി തോമസ്, മാണി സി. കാപ്പൻ, കെ.ബി. ഗണേശ് കുമാർ, കോവൂർ കുഞ്ഞുമോൻ, പി.ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, പി.സി. ജോർജ് തുടങ്ങിയവർ വീഡിയോ കോൺഫറൻസിൽ സംസാരിച്ചു.

നാലുദിവസം, 63.5% കുടുംബങ്ങൾ റേഷൻ വാങ്ങി

തിരുവനന്തപുരം: നാല് ദിവസം കൊണ്ട് സംസ്ഥാനത്തെ 63.5 ശതമാനം കുടുംബങ്ങൾ റേഷൻ വാങ്ങിയതായി ഭക്ഷ്യമന്ത്രി പി. തിലോത്തമൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാന പൊതുവിതരണ വകുപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണിത്. ശനിയാഴ്ച മാത്രം വിതരണം നടന്നിട്ടുള്ളത് 12.56 ലക്ഷം കാർഡുടമകൾക്കാണ്. ആകെയുള്ള 87.28 ലക്ഷം കാർഡുകളിൽ 55.44 ലക്ഷം കുടുംബങ്ങൾ ആണ് ഇതുവരെ റേഷൻ വാങ്ങിയത്. ഇന്ത്യയിൽ മുൻഗണന- മുൻഗണനേതര വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും കൊവിഡ്19 പ്രമാണിച്ച് സൗജന്യമായി റേഷൻ നൽകിയിട്ടുള്ള സംസ്ഥാനം കേരളമാണ്- മന്ത്രി പറഞ്ഞു.

ഏപ്രിൽ 20 ന് ശേഷം മുൻഗണനാ വിഭാഗങ്ങൾക്ക് വേണ്ടി വീണ്ടും സൗജന്യ അരിവിതരണം ആരംഭിക്കും. കേന്ദ്രത്തിൽ നിന്നും അധികം ലഭിക്കുന്ന അരിയാണ് ഇതിനായി വിതരണം ചെയ്യുക. സംസ്ഥാനത്ത് 87.28 ലക്ഷം കാർഡ് ഉടമകളുണ്ട്. അവർക്കെല്ലാം സൗജന്യമായാണ് ഈ മാസം റേഷൻ ലഭിക്കുക.

മുൻഗണനേതര വിഭാഗത്തിന് നൽകുന്ന 15 കിലോ വീതം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും സംസ്ഥാന സർക്കാർ 23 രൂപ നിരക്കിൽ നൽകി വാങ്ങിയും കൈകാര്യ ചെലവും, വാഹന ചെലവുമട ക്കം വഹിച്ചുമാണ് ലോക്ക് ഡൗൺ കാലയളവിൽ സൗജന്യമായി നൽകുന്നത്. ഇതിനായി 130 കോടിയോളം രൂപ സംസ്ഥാന സർക്കാരിന് അധിക ബാധ്യത വരുന്നുണ്ട്- മന്ത്രി പറഞ്ഞു.

സംസ്ഥാന സർക്കാർ ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഒരു മാസത്തേയ്ക്കുള്ള പലവ്യഞ്ജനങ്ങൾ അടങ്ങിയ കിറ്റ് നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനായി 756 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 350 കോടി രൂപ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ഇതിനായി ഭക്ഷ്യ വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ഇത് ഏപ്രിൽ മാസത്തിനുള്ളിൽ തന്നെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളികൾക്കും അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ ശിശുഭവനങ്ങൾ, വൃദ്ധസദനങ്ങൾ, ആതുര ചികിത്സാകേന്ദ്രങ്ങൾ തുടങ്ങിയ ഇടങ്ങളിലെ അന്തേവാസികൾക്കും ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഒരാൾക്ക് പരമാവധി അഞ്ചു കിലോ അരിയോ അല്ലെങ്കിൽ നാലു കിലോ ആട്ടയോ ജില്ലാ കളക്ടർമാരുടെ നിർദ്ദേശപ്രകാരം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

വാർത്താസമ്മേളനത്തിൽ ഭക്ഷ്യ സെക്രട്ടറി പി. വേണുഗോപാൽ, സിവിൽ സപ്ലൈസ് ഡയറക്ടർ നരസിംഹുഗാരി ടി.എൽ. റെഡ്ഡി, ഭിവ്യ എസ്. അയ്യർ എന്നിവർ സംബന്ധിച്ചു.

മത്സ്യത്തൊഴിലാളികൾക്ക് സഹായവും വായ്പയും നൽകണം: കെ.വി. തോമസ്

കൊച്ചി: മത്സ്യത്തൊഴിലാളികൾക്കും മത്സ്യമേഖലയിൽ പണിയെടുക്കുന്ന അനുബന്ധ തൊഴിലാളികൾക്കും കൊവിഡ് പ്രതിസന്ധി തരണം ചെയ്യുന്നതിന് അയ്യായിരം രൂപ സാമ്പത്തിക സഹായവും പതിനായിരം രൂപ പലിശ രഹിത വായ്പയും അനുവദിക്കണമെന്ന് മുൻ കേന്ദ്ര മന്ത്രി പ്രൊഫ. കെ.വി. തോമസ് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു.

അടിസ്ഥാന മേഖലയിലെ 40 ലക്ഷം തൊഴിലാളികൾക്ക് സഹായം പ്രഖ്യാപിച്ചിട്ടും ഏറ്റവും അവശത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ ഒഴിവാക്കിയത് വേദനാജനകമാണ്. മത്സ്യഫെഡ് സഹകരണ സംഘങ്ങളിലും മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിലും അംഗത്വമുള്ള തൊഴിലാളികൾക്കും ഹാർബറുകളിലും ബോട്ടുകളിലും വിപണനമേഖലയിലും പീലിങ് ഷെഡുകളിലും മത്സ്യ ശീതീകരണ പ്ലാന്റുകളിലും പണിയെടുക്കുന്നവർക്കും സഹായം നൽകണം. ഇവരെല്ലാം നിത്യ വരുമാനക്കാരാണ്. എല്ലാ വിഭാഗം തൊഴിലാളികൾക്കും ഒരേ തരത്തിൽ സഹായം നല്കണം. ഇക്കാര്യത്തിൽ വേർതിരിവ് പാടില്ല. ദുരിതം എല്ലാവർക്കും ഒരേ പോലെയാണെന്ന് കെ.വി. തോമസ് പ്രസ്താവനയിൽ പറഞ്ഞു.

ജൻധൻ അക്കൗണ്ട് ഉള്ളവർക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 1500 രൂപയുടെ ധനസഹായം മത്സ്യതൊഴിലാളികൾക്കും നല്കണമെന്ന് കെ.വി.തോമസ് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടു.

ഓഫിസുകളിൽ അത്യാവശ്യക്കാർ മതിയെന്ന് ചീഫ് സെക്രട്ടറി

തിരുവനന്തപുരം: കൊവിഡ്19 പ്രതിരോധ പ്രവർത്തനങ്ങളിൽ അടിയന്തര സേവനം ആവശ്യമില്ലാത്ത വിവിധ വകുപ്പുകൾ സെക്രട്ടേറിയറ്റിലും മറ്റു ഓഫിസുകളിലും ലോക്ക്ഡൗൺ കാലയളവിൽ ദൈനംദിനപ്രവർത്തനങ്ങൾക്ക് ജീവനക്കാരെ നിയോഗിക്കരുതെന്ന് ചീഫ് സെക്രട്ടറി ടോം ജോസ് നിർദേശിച്ചു.

അവശ്യസേവനമായി പ്രഖ്യാപിച്ചിട്ടുള്ള വകുപ്പുകൾ ഒഴികെയുള്ളവർ ജീവനക്കാരെ വർക്ക്- അറ്റ്- ഹോം വ്യവസ്ഥയിൽ ഉപയോഗപ്പെടുത്തണം.

38 തസ്തികളിലെ വിജ്ഞാപനം മാറ്റിവച്ചു

തിരുവനന്തപുരം: ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, പൊലീസ് ഫൊറൻസിക്കിൽ സയന്റിഫിക് ഓഫിസർ തുടങ്ങി 38 തസ്തികകളിലേക്കുള്ള പുതിയ വിജ്ഞാപനം തത്കാലത്തേക്ക് മാറ്റിവയ്ക്കാൻ പിഎസ്‌സി തീരുമാനിച്ചു.

കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഓഫിസുകൾക്ക് അവധി പ്രഖ്യാപിച്ചത് പരിഗണിച്ചാണ് വിജ്ഞാപനം നീട്ടിവയ്ക്കുന്നത്. ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കുന്നതിനുണ്ടാകുന്ന ബുദ്ധിമുട്ടുകളും കമ്മിഷൻ കണക്കിലെടുത്തു. ഈ വിജ്ഞാപനങ്ങൾ ഏപ്രിൽ അവസാനം പ്രസിദ്ധീകരിക്കാനാണ് സാധ്യത.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് റാങ്ക് പട്ടിക നിലവിലുണ്ട്. മേയ് 28ന് മൂന്നുവർഷ കാലാവധി പൂർത്തിയാകും. ഇതുവരെ 75 പേർക്ക് നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. 2014ലെ വിജ്ഞാപനം അനുസരിച്ചുള്ള റാങ്ക് പട്ടികയാണ് നിലവിലുള്ളത്.

നിലവിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കിയാണ് വിജ്ഞാപനം തയാറാക്കുന്നത്. ബയോളജി, ഫിസിക്സ്, കെമിസ്ട്രി വിഭാഗങ്ങളിലായി സയന്റിഫിക് ഓഫിസറുടെ 38 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കാസർഗോട്ട് കവുങ്ങുകൾക്ക് അജ്ഞാത രോഗം

ദീപു മറ്റപ്പള്ളി

കാസർഗോഡ്: കോവിഡ് 19 രോഗം ഭീതിയിൽ വലയുന്ന കാസർഗോട്ട് കവുങ്ങുകൾ അജ്ഞാത രോഗം ബാധിച്ച് നശിക്കുന്നു.

കഴിഞ്ഞ മഴക്കാലത്ത് മഹാളി അടക്കമുള്ള രോഗം മൂലം കവുങ്ങ് നഷ്ടപ്പെട്ട കർഷകർ നഷ്ടപരിഹാരത്തിനായി കാത്തുനിൽക്കുന്നതിനിടയിലാണ് വീണ്ടും കവുങ്ങുകൾക്ക് നാശം നേരിടുന്നത്.

കഴിഞ്ഞ മഴക്കാലത്തുണ്ടായ മഹാളി രോഗത്തിന് കർഷകർ മരുന്ന് തളിച്ചിരുന്നു. ചില കർഷകർ രണ്ട് തവണയും മറ്റു ചിലർ അഞ്ചുതവണ വരെയും മരുന്ന് തളിച്ചു. അന്ന് മരുന്ന് തളിച്ച് രക്ഷപ്പെട്ട മരങ്ങളുമുണ്ട്.

ആ മരങ്ങൾ ഉൾപ്പടെയാണ് ഇപ്പോൾ നശിക്കുന്നതെന്നാണ് കർഷകർ പറയുന്നത്.

ആദ്യം ഓലകൾ മഞ്ഞ നിറത്തിലാവുകയും പിന്നിട് വാട്ടൽ സംഭവിച്ച് മുകൾ ഭാഗം നിലം പൊത്തുകയും ചെയ്യും. കുറഞ്ഞത് ആറ് വർഷത്തെ പരിചരണത്തിലൂടെയാണ് ഒരു കവുങ്ങിൽ നിന്നും വിളവ് ലഭിക്കുന്നത്. ഒരുവർഷം ഒരു മരത്തിന്റെ ചിലവ് 100 മുതൽ 300 രൂപവരേയാണ്. വെള്ളവും വളവും നന്നായിട്ട് ലഭിച്ചാൽ അഞ്ച് വർഷത്തിൽ തന്നെ കായ്ക്കുന്ന കവുങ്ങുകളുമുണ്ട്. ഇങ്ങനെ വളർത്തുന്ന മരങ്ങളാണ് രോഗങ്ങൾ മൂലം നശിക്കുന്നത്.

അതിർത്തി പ്രദേശങ്ങളിലെ നീർച്ചാൽ, പെരഡാല, കിളിംഗാർ, ഏണിയർപ്പ്, നെൽക്ക, കാട്ടുകുക്കെ, ഏത്തടുക്ക, കിന്നിംഗാർ, വാണിനഗർ, സ്വർഗ, ഷേണി എന്നിവിടങ്ങളിലാണ് കവുങ്ങുകൾ നശിച്ചുകൊണ്ടിരിക്കുന്നത്. ഏക്കർകണക്കിന് തോട്ടങ്ങളിലെ കവുങ്ങുകളാണ് നശിച്ചുകൊണ്ടിരിക്കുന്നത്.

തോട്ടങ്ങൾ ഭാഗികമായി തുറക്കാൻ അനുമതി

തിരുവനന്തപുരം: സംസ്ഥാനത്തെ തേയില, ഏലം, കാപ്പി, എണ്ണപ്പന, കശുവണ്ടി തോട്ടങ്ങൾ കർശന നിയന്ത്രണങ്ങളോടെ ഭാഗികമായി തുറക്കാൻ അനുമതി നൽകി സർക്കാർ ഉത്തരവായി. ലോക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് തോട്ടങ്ങളും അടച്ചതോടെ വിളവെടുപ്പും സംഭരണവും സംസ്കരണവും, ജലസേചനം ഉൾപ്പെടെയുള്ള സംരക്ഷണപ്രവർത്തനങ്ങളും നിലച്ച ഗുരുതരമായ സാഹചര്യം കണക്കിലെടുത്താണ് സർക്കാർ ഉത്തരവ്. നിലവിൽ ലയങ്ങളിൽ താമസിക്കുന്നവരല്ലാതെ അയൽസംസ്ഥാനങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെ ആരെയും തോട്ടങ്ങളിൽ ജോലിക്ക് നിയോഗിക്കാൻ പാടില്ലെന്നും ചീഫ് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

തേയില കൊളുന്ത് നുള്ളാനും അവ സംസ്കരിക്കുന്നതിന് ഫാക്റ്ററികൾ പ്രവർത്തിപ്പിക്കാനും മാത്രമാണ് അനുമതി. കൊളുന്ത് നുള്ളാൻ അര ഏക്കറിന് ഒരു തൊഴിലാളി എന്ന നിലയിൽ മാത്രമേ നിയോഗിക്കാവൂ. കൊളുന്ത് തൂക്കുന്ന ഇടങ്ങളിൽ തൊഴിലാളികൾ തമ്മിൽ എട്ടടി അകലം പാലിക്കണം. മസ്റ്ററിങ് പൂർണമായും ഒഴിവാക്കണം. ഫാക്റ്ററിയിൽനിന്ന് തേയില വെയർഹൗസിലേക്ക് കൊണ്ടുപോകുന്നതിനു മാത്രമായി വാഹനം ഉപയോഗിക്കാനും അനുമതിയുണ്ട്.

ഏലത്തോട്ടങ്ങളിൽ ജലസേചനവും അത്യാവശ്യ കീടനാശിനി പ്രയോഗവും നടത്താം. ഇതിനായി ഒരു ഏക്കറിൽ ഒരു തൊഴിലാളിയെ മാത്രമേ നിയോഗിക്കാവൂ. കാപ്പി തോട്ടങ്ങളിൽ ജലസേചനത്തിനും കീടനാശിനി പ്രയോഗത്തിനുമാണ് അനുമതി. എണ്ണപ്പന കുരു വിളവെടുക്കുകയും തോട്ടങ്ങൾക്കകത്തുള്ള ഫാക്റ്ററികളിൽ മാത്രം സംസ്കരിക്കുകയും ചെയ്യാം. ഇതിനായി 15 ഏക്കറിന് നാല് തൊഴിലാളികൾ എന്ന നിലയിൽ മാത്രമേ നിയോഗിക്കാവൂ.

കശുവണ്ടി ശേഖരിക്കുകയും അവ യാർഡുകളിൽ എത്തിക്കുകയും ചെയ്യാം. ഒരു ഹെക്റ്റർ സ്ഥലത്ത് ഒരു തൊഴിലാളി എന്ന നിലയിൽ നിയോഗിക്കാം. ഗ്രാമ്പൂ വിളവെടുപ്പിന് ഒരു ഏക്കറിന് മൂന്ന് തൊഴിലാളികളെ വീതം നിയോഗിക്കാം. ഈ നിർദേശങ്ങളും കൊവിഡ് 19 പ്രതിരോധവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സുരക്ഷാമാനദണ്ഡങ്ങളും കർശനമായി പാലിച്ചുകൊണ്ടുമാത്രമേ തോട്ടങ്ങൾ പ്രവർത്തിപ്പിക്കാൻ പാടുള്ളൂ എന്ന് ചീഫ് സെക്രട്ടറി ഉത്തരവിൽ വ്യക്തമാക്കി.

സർക്കാർ ഉത്തരവിനും കൊവിഡ് 19 പ്രതിരോധ മാർഗനിർദേശങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുന്ന തോട്ടങ്ങളുടെ പ്രവർത്തനം നിർത്തിവെപ്പിക്കുമെന്ന് ചീഫ് ഇൻസ്പെക്റ്റർ ഓഫ് പ്ലാന്റേഷൻസ് ആർ. പ്രമോദ് അറിയിച്ചു.

ലോക്ക്ഡൗൺ: പാഴ്സൽ സർവീസിന് അനുമതി

തിരുവനന്തപുരം: ലോക്ക്ഡൗൺ കാലയളവിൽ അവശ്യവസ്തുക്കളുടെ വിതരണത്തിനായി ഇ-കൊമേഴ്സ് സേവനങ്ങൾ പ്രവർത്തിക്കുന്നതിന് തടസമില്ലെന്ന് ചീഫ് സെക്രട്ടറി ടോം ജോസ് അറിയിച്ചു. ഇതിനായി പാഴ്സൽ സർവീസുകൾക്ക് സംസ്ഥാനത്ത് പ്രവർത്തനത്തിന് തടസമില്ലെന്ന് വ്യക്തത വരുത്തി സർക്കാർ ഉത്തരവിറക്കി.

പാഴ്സൽ സർവീസുകൾ പ്രവർത്തിക്കാത്തതിനാൽ ഓൺലൈൻ വഴി ഓർഡർ നൽകുന്ന അവശ്യവസ്തുക്കളായ ഭക്ഷണ സാമഗ്രികൾ, ഫാർമസ്യൂട്ടിക്കൽ - മെഡിക്കൽ ഉത്പന്നങ്ങൾ, ജീവൻ രക്ഷാ ഔഷധങ്ങൾ എന്നിവയുടെ വിതരണത്തെ ബാധിക്കുന്നുണ്ട്. അതുകൊണ്ട് ലോക്ക് ഡൗൺ കാലയളവിലും അവശ്യവസ്തുക്കളുടെ വിതരണത്തിനായി പാഴ്സൽ സർവീസുകൾക്ക് പ്രവർത്തിക്കാവുന്നതാണെന്ന് സർക്കാർ വ്യക്തമാക്കി.

എസ്എസ്‌സി നിയമനം കുത്തനെ കുറയുന്നു

ന്യൂഡൽഹി: കേന്ദ്ര സർവീസിൽ ഏറ്റവും കൂടുതൽ ഉദ്യോഗാർഥികൾ തൊഴിൽ തേടുന്ന സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ (എസ്എസ്‌സി) പ്ലാറ്റ്ഫോമിലൂടെ ജോലി നേടുന്നവർ വൻ തോതിൽ കുറഞ്ഞിരിക്കുന്നു. 2019-20 വർഷം കേവലം 14,000 ഉദ്യോഗാർഥികൾ മാത്രമാണ് എസ്എസ്‌സി മുഖാന്തരം ജോലി നേടിയത്. ഇത് കഴിഞ്ഞ നാലു വർഷത്തെ കണക്കിൽ ഏറ്റവും കുറവാണ്.

2014-15 മുതൽ ഇതു വരെ 2,28,218 പേരാണ് കമ്മീഷൻ വഴി ജോലിയിൽ പ്രവേശിച്ചത്. കേന്ദ്ര തൊഴിൽ വകുപ്പു മന്ത്രി ഈയിടെ പാർലമെന്റിൽ സമർപ്പിച്ച കണക്കാണിത്. ഗ്രൂപ്പ് ബി, ഗ്രൂപ്പ് സി തസ്തികകളിലേക്കാണ് സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ പ്രധാനമായും തെരഞ്ഞെടുപ്പ് നടത്തുന്നത്. വർഷാവർഷം ബിരുദ തലത്തിൽ നടക്കുന്ന ഗ്രാജ്വേറ്റ് ലെവൽ പരീക്ഷ, ഹയർ സെക്കൻഡറി തലത്തിൽ നടത്തുന്ന കംബൈൻഡ് ഹയർസെക്കൻഡറി പരീക്ഷ, പത്താം ക്ലാസ് തലത്തിൽ നടത്തുന്ന മൾട്ടി ടാസ്കിങ് സ്റ്റാഫ് പരീക്ഷ എന്നിവയിൽ ലക്ഷക്കണക്കിന് ഉദ്യോഗാർഥികളാണ് പങ്കെടുക്കുന്നത്.

ഇവയ്ക്കു പുറമേ കേന്ദ്ര സേനകളിലെ കോൺസ്റ്റബിൾ, സബ് ഇൻസ്പെക്റ്റർ, വിവിധ വകുപ്പുകളിൽ സ്റ്റെനോഗ്രാഫർ, സെലക്ഷൻ പോസ്റ്റുകൾ തുടങ്ങിയവയ്ക്കും വർഷാവർഷം തെരഞ്ഞെടുപ്പു നടത്തുന്നു. 2019-20 വർഷത്തിൽ യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ വഴി ജോലി ലഭിച്ചത് 4,300 പേർക്കാണ്. അസിസ്റ്റന്റ് ലോക്കോ പൈലറ്റ്, ടെക്നിഷ്യൻ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതുകൊണ്ട് റെയ്ൽവേ റിക്രൂട്ട്മെന്റ് ബോർഡ് വഴിയുള്ള നിയമനങ്ങളിൽ വർധനവുണ്ട്.

വയോജനങ്ങൾക്ക് സഹായത്തിന് സീനിയർ സിറ്റിസൺ സെൽ

തിരുവനന്തപുരം: സംസ്ഥാനത്തെ കൊവിഡ്19 സാഹചര്യത്തിൽ ഹൈ റിസ്കിലുള്ള 60 വയസിന് മുകളിൽ പ്രായമുള്ളവർക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമാണെന്നും ഇതിനായി എല്ലാ ജില്ലകളിലും സീനിയർ സിറ്റിസൺ സെൽ ആരംഭിച്ചതായും ആരോഗ്യ മന്ത്രി കെ.കെ. ശൈലജ.

മറ്റ് അസുഖങ്ങൾക്ക് മരുന്നുകഴിക്കുന്നവരും ശ്വാസകോശ സംബന്ധമായ അസുഖമുള്ളവരും പ്രത്യേകം ശ്രദ്ധിക്കണം. അവർ ഒരു കാരണവശാലും മറ്റുള്ളവരുമായി ബന്ധപ്പെടാൻ പാടില്ല. ലോകത്തെമ്പാടും ഏറ്റവുമധികം അത്യാഹിതം സംഭവിച്ചിരിക്കുന്നത് ഇത്തരത്തിലുള്ള ആൾക്കാരിലാണ്. കേരളത്തിൽ ഏതാണ്ട് 1.60 ലക്ഷത്തിലധികം ആൾക്കാർ വീടുകളിൽ നിരീക്ഷണത്തിലാണ്. ഇത്തരത്തിൽ കഴിയുന്നവരുടെ വീടുകളിൽ പ്രായമായവർ ഉണ്ടെങ്കിൽ അവരെ പ്രത്യേകം ശ്രദ്ധിക്കണം. ഇവരുമായി യാതൊരുവിധത്തിലും സമ്പർക്കത്തിൽ ഏർപ്പെടാൻ പാടില്ല.

കേരളത്തിൽ ഇതുപോലെ രണ്ട് ലക്ഷത്തോളം വയോജനങ്ങൾ വീടുകളിൽ ഒറ്റയ്ക്ക് താമസിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഇത്തരത്തിൽ താമസിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പലപ്പോഴും പുറംലോകം അറിഞ്ഞെന്നു വരില്ല. ഇതെല്ലാം മുന്നിൽ കണ്ടാണ് സാമൂഹ്യനീതി വകുപ്പ്, വനിതാ- ശിശു വികസന വകുപ്പ് എന്നിവ സംയുക്തമായി പദ്ധതികൾ നടപ്പിലാക്കി വരുന്നതെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്തെ 55 ലക്ഷത്തോളം വരുന്ന വയോജനങ്ങളെ ഒരാഴ്ചയ്ക്കുള്ളിൽ ആംഗൻവാടി ജീവനക്കാർ ഫോണിലൂടെ ബന്ധപ്പെടും. ആംഗൻവാടി പ്രവർത്തകർ ഓരോരുത്തരുമായി ബന്ധപ്പെട്ട് മരുന്നുകൾ, ഭക്ഷണം, മറ്റ് എന്തെങ്കിലും ആവശ്യങ്ങളുണ്ടോ എന്ന് കണ്ടെത്തും. മരുന്നുകൾ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ തൊട്ടടുത്ത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും, ഭക്ഷണം ലഭിക്കാൻ ബുദ്ധിമുട്ടാണെങ്കിൽ തൊട്ടടുത്ത കമ്മ്യൂണിറ്റി കിച്ചനിൽ നിന്നും എത്തിക്കാനുള്ള നിർദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ആരംഭിച്ച സീനിയർ സിറ്റിസൺ സെല്ലിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ, പ്രൊബേഷൻ ഓഫീസർമാർ, ടെക്നിക്കൽ അസിസ്റ്റൻസ്, ഐസിഡിഎസ് പ്രോഗ്രാം ഓഫീസർ എന്നിവരാണ് നേതൃത്വം നൽകുന്നത്.

സന്നദ്ധ സംഘടനകളുടെ കീഴിൽ 604 വൃദ്ധസദനങ്ങളിലും സർക്കാരിന്റെ കീഴിൽ 16 വൃദ്ധസദനങ്ങളിലും ഉൾപ്പെടെ 22,000ത്തോളം വയോജനങ്ങൾ താമസിക്കുന്നുണ്ട്. ഇവർക്ക് ആയിരം രൂപയുടെ ഭക്ഷണസാധനങ്ങൾ അടങ്ങിയ കിറ്റ് നൽകുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഓരോ ഹോമിലും നടക്കുന്ന ദൈനംദിന കാര്യങ്ങൾ അന്വേഷിക്കുന്നതിന് രണ്ട് ഐസിഡിഎസ് സൂപ്പർവൈസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. വയോമിത്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 97 വയോമിത്രം കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ വയോജനങ്ങൾ ഒത്തുകൂടുന്നത് ആശാസ്യമല്ലാത്തതിനാൽ അവർക്കാവശ്യമുള്ള മരുന്നുകൾ വീട്ടിൽ എത്തിച്ചുവരുന്നു. ആർക്കെങ്കിലും മരുന്നു കിട്ടാത്ത സാഹചര്യം ഉണ്ടെങ്കിൽ അത് ഐസിഡിഎസ് സൂപ്പർവൈസർമാരേയോ ആംഗൻവാടി പ്രവർത്തകരെയോ അറിയിക്കേണ്ടതാണെന്നും മന്ത്രി അറിയിച്ചു.

മരുന്ന് വാങ്ങാൻ ഷീ ടാക്സി

തിരുവനന്തപുരം: കൊവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ലോക് ഡൗണിൽ ബുദ്ധിമുട്ടുന്ന വയോജനങ്ങൾക്കും രോഗികൾക്കും സഹായവുമായി ഇന്ന് മുതൽ ഷീ ടാക്സി എത്തുമെന്ന് മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. വിവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന ഒറ്റപ്പെട്ട് കഴിയുന്നവർക്കും വൃദ്ധ ജനങ്ങൾക്കും മരുന്നുകൾ വാങ്ങുന്നതിനും അപ്പോയ്മെന്റ് എടുത്തവർക്ക് ആശുപത്രികളിൽ പോകുന്നതിനും ഷീ ടാക്സി സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ 15 കിലോമീറ്റർ ചുറ്റളവിലായിരിക്കും ഷീ ടാക്സിയുടെ സേവനം തുടക്കത്തിൽ ലഭ്യമാവുക. ഷീ ടാക്സി സേവനം ആവശ്യമുള്ളവർ കേന്ദ്രീകൃത കോൾ സെന്ററിലേക്ക് 7306701200, 7306701400 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം. മരുന്നുകൾ ആവശ്യമുള്ളവർ കോൾ സെന്ററുമായി ബന്ധപ്പെടുന്നതോടൊപ്പം ഡോക്റ്ററുടെ കുറിപ്പടി കൂടി ഈ മൊബൈൽ നമ്പരിലേക്ക് വാട്സാപ്പ് മുഖേന അയച്ചു കൊടുക്കണം.

ബിപിഎൽ കാർഡുള്ളവർക്ക് പൂർണമായും സൗജന്യമായിട്ടായിരിക്കും ഈ സേവനം ലഭ്യമാക്കുക. മറ്റുള്ളവരിൽ നിന്നും കിലോമീറ്ററിന് അംഗീകൃത നിരക്കിൽ നിന്നും പകുതി ഈടാക്കും. അതേസമയം എപിഎൽ വിഭാഗത്തിൽപ്പെട്ടവരിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും സൗജന്യ സേവനം നൽകും. സൗജന്യ സേവനം നൽകുന്നതിലൂടെ ഷീ ടാക്സി ഡ്രൈവർമാർക്കുണ്ടാകുന്ന ചെലവ് ജെൻഡർ പാർക്കും, ഗ്ലോബൽ ട്രാക്സും (കോൾ സെന്റർ), ഷീടാക്സി ഡ്രൈവർമാരും ചേർന്നാകും വഹിക്കുക. സുരക്ഷ ഉറപ്പാക്കുന്നതിനായി ഷീ ടാക്സി ഡ്രൈവർമാർക്ക് ആവശ്യമായ സുരക്ഷാ കിറ്റുകൾ തിരുവനന്തപുരം നിംസ് ആശുപത്രി നൽകുമെന്നും മന്ത്രി പറഞ്ഞു.

കെഎഎസ് മുഖ്യപരീക്ഷ ജൂലൈയിൽ

തിരുവനന്തപുരം: കേരള ഭരണ സർവീസിന്റെ (കെഎഎസ്) മുഖ്യപരീക്ഷ ജൂലൈയിൽ നടത്തുമെന്ന് പിഎസ്‌സി അറിയിച്ചു. രണ്ടുദിവസങ്ങളായിട്ടായിരിക്കും പരീക്ഷ. തീയതി, സമയം എന്നിവ പിന്നീട് അറിയിക്കും. പ്രാഥമിക പരീക്ഷയിൽ യോഗ്യത നേടുന്നവർക്കാണ് മുഖ്യപരീക്ഷ. ഇതിന് അർഹത നേടുന്നവരുടെ പട്ടിക ഏപ്രിൽ ആദ്യം പ്രസിദ്ധീകരിക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ കൊവിഡ് അവധി പ്രഖ്യാപിച്ചതിനാൽ ഇത് വൈകാനിടയുണ്ട്.

200 മാർക്കിനുള്ള പ്രാഥമിക പരീക്ഷയുടെ ഏഴ് ചോദ്യങ്ങൾ റദ്ദാക്കിയിട്ടുണ്ട്. അതിനാൽ 193 മാർക്കിനാണ് മൂല്യനിർണയം. അതിന്റെ ആദ്യഘട്ടം തുടങ്ങിയപ്പോഴേക്കും സർക്കാരിന്റ അവധി പ്രഖ്യാപനമെത്തി. അതിനാൽ മൂല്യനിർണയം തടസപ്പെട്ടിരിക്കുകയാണ്.

മുഖ്യപരീക്ഷയ്ക്ക് മൂന്ന് പേപ്പറാണുള്ളത്. ഓരോന്നിനും 100 മാർക്ക്. മൂന്നിനും വിവരണാത്മക രീതിയിലാണ് ഉത്തരമെഴുതേണ്ടത്. രണ്ടുമണിക്കൂർ വീതമാണ് പരീക്ഷാസമയം. ഉത്തരങ്ങൾ ഇംഗ്ലീഷിലോ മലയാളത്തിലോ എഴുതാം. ഏതെങ്കിലും ഒരു ഭാഷ തിരഞ്ഞെടുക്കണം. ഇംഗ്ലീഷും മലയാളവും ഇടകലർത്തി എഴുതാനാകില്ല. ഓൺ സ്ക്രീൻ മാർക്കിങ് എന്ന ഒഎസ്എം സംവിധാനത്തിലൂടെയായിരിക്കും മുഖ്യപരീക്ഷയുടെ മൂല്യനിർണയം. ഉത്തരക്കടലാസുകൾ സ്കാൻ ചെയ്ത് കംപ്യൂട്ടർ സ്ക്രീനിൽ ലഭ്യമാക്കിയാണ് മാർക്ക് നൽകുന്നത്. അതിനാൽ മൂല്യനിർണയം വേഗത്തിൽ പൂർത്തിയാക്കാം.

പ്രാഥമിക പരീക്ഷയുടെ മാർക്ക് റാങ്ക് നിർണയത്തിന് പരിഗണിക്കില്ല. മുഖ്യ പരീക്ഷ, അതിനുശേഷം നടത്തുന്ന അഭിമുഖം എന്നിവയുടെ മാർക്ക് കണക്കാക്കിയാണ് റാങ്ക് നിർണയിക്കുന്നത്. മുഖ്യപരീക്ഷയ്ക്ക് 300, അഭിമുഖത്തിന് 50 എന്നിങ്ങനെയാണ് പരമാവധി മാർക്ക് നിശ്ചയിച്ചിട്ടുള്ളത്. റാങ്ക്പട്ടിക നവംബർ ഒന്നിന് പ്രസിദ്ധീകരിക്കുമെന്നാണ് പിഎസ്‌സി അറിയിച്ചിട്ടുള്ളത്.

ധാതു ഉല്പാദനത്തിന് അനുമതി

തിരുവനന്തപുരം:കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗനിർദേശങ്ങൾ കർശനമായി പാലിച്ച് ധാതു ഉത്പാദനം സംബന്ധിച്ച് പ്രവർത്തനാനുമതി നൽകി ഉത്തരവായി.

കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ചവറ, ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് ചവറ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ് ലിമിറ്റഡ് കൊച്ചുവേളി, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് കോട്ടയം, മലബാർ സിമന്റ്സ് ലിമിറ്റഡ് പാലക്കാട് എന്നിവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ.

മാർച്ച് 25നുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിൽ കൽക്കരി-ധാതു ഉത്പാദനം, ഗതാഗതം, ഖനനത്തിനുള്ള എക്സ്പ്ലോസീവ്സ് വിതരണം എന്നിവയെ ലോക്ക്ഡൗണിൽനിന്ന് ഒഴിവാക്കിയിരുന്നു.

ഹൈഡ്രോക്ളോറിക് ആസിഡ് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്ന കളമശ്ശേരി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനത്തിനും അനുമതി നൽകിയിട്ടുണ്ട്.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

●അശ്വതി: വസ്തുനിഷ്ഠമായ സമീപനം സർവകാര്യവിജയങ്ങൾക്കും വഴിയൊരുക്കും. യുക്തമായ തീരുമാനം സ്വീകരിക്കാൻ അനുഭജ്ഞാനമുള്ളവരുടെ നിർദ്ദേശം തേടും.

●ഭരണി: യുക്തമായ തീരുമാനം സ്വീകരിക്കാൻ അനുഭവജ്ഞാനമുള്ളവരുടെ നിർദ്ദേശം തേടും. വിജയശതമാനം വർധിപ്പിച്ചതിനാൽ വിദേശ ഉദ്യോഗത്തിന് അപേക്ഷ സമർപ്പിക്കാൻ അർഹത നേടും.

●കാർത്തിക: ഉദ്യോഗമുപേക്ഷിച്ച് ഉപരിപഠനത്തിന് ചേരും. മനസിലുദ്ദേശിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കും. വിദ്യാർഥികൾക്ക് ഉത്സാഹവും ഉന്മേഷവും വർധി ക്കും.

●രോഹിണി: ഐശ്വര്യവും സമാധാനവും സൽകീർത്തിയും ആരോഗ്യവും ഉണ്ടാകും. ആത്മധൈര്യം ആർജിക്കും. ശുഭഫലങ്ങൾ ഉണ്ടാകും. വ്യവസ്ഥകൾ പാലിക്കാൻ സാധിക്കും.

●മകയിരം: സന്താന സംരക്ഷണത്താൽ ആശ്വാസമുണ്ടാകും. ജോലിക്കാർ ചെയ്തുവെച്ച് അബദ്ധങ്ങൾ തിരുത്തേണ്ടതായി വരും. ബന്ധുക്കൾക്കിടയിൽ നിന്നും അപസ്വരം കേൾക്കുവാനിടവരും.

●തിരുവാതിര: പലപ്രകാരത്തിലും സ്വസ്ഥതയും സമാധാനവും ഉണ്ടാകും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയും ആത്മവിശ്വാസവുമുണ്ടാകും. പ്രവർത്തനമേഖലകളിൽ നിന്നും സാമ്പത്തിക വരുമാനം വർധിക്കും.

●പുണർതം: സഹോദര സഹായഗുണം ഉണ്ടാകും. പ്രതികാര ശൈലി ഉപേക്ഷിക്കണം. സാമ്പത്തിക നിയന്ത്രണത്താൽ മിച്ചം ഉണ്ടാകും. ശരീരസുഖം കുറയും.

●പൂയം: നീതിപൂർവമുള്ള ഭരണം കാഴ്ചവെക്കുവാനിട വരും. പരിചയസമ്പന്നരുടെ നേതൃത്വത്തിൽ പുതിയ പ്രവർത്തനങ്ങൾ അവലംബിക്കും.

●ആയില്യം: കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും. അന്യരുടെ ആവശ്യങ്ങൾ സാധിപ്പിക്കും. സുഖഭക്ഷണവും സുഖസുഷുപ്തിയും ഉണ്ടാകും. സ്നേഹബന്ധത്തിന് മൂല്യം പ്രകടമാകും.

●മകം: പൊതുതാല്പര്യം മാനിച്ച് വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കും. ഇടപെടുന്ന വിഷയങ്ങളിൽ അനുകൂല സാഹചര്യങ്ങൾ വന്നുചേരും. പുനരാലോചനയിൽ പുതിയ ഗൃഹം വാങ്ങാൻ അന്വേഷണമാരംഭിക്കും.

●പൂരം: സംഘനേതൃത്വസ്ഥാനം വഹിക്കും. മേലധികാരിയുടെ ചുമതലകൾ നിർവഹിക്കും. അർഥ വ്യാപ്തിയോടു കൂടിയ വചനങ്ങൾ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കും.

●ഉത്രം: ആരോഗ്യം തൃപ്തികരമായിരിക്കും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. പുതിയ പദ്ധതി ആവിഷ്കരിക്കും. സ്വസ്ഥതയും സമാധാനവും കുടുംബ സൗഖ്യവും ഉണ്ടാകും.

●അത്തം: അനുബന്ധവ്യാപാരം തുടങ്ങുന്നതിനെപ്പറ്റി പുനരാലോചിക്കും. പുതിയ തലമുറയിലുള്ളവരുടെ അനൈക്യത കാരണത്താൽ മാറിതാമസിക്കാൻ തീരുമാനിക്കും.

●ചിത്ര: സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കും.

●ചോതി: അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. ആഗ്രഹങ്ങളും അഭിലാഷങ്ങളും സാധിക്കും. വ്യാപാര വ്യവസായ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയാറാക്കും.

●വിശാഖം: മാതാപിതാക്കളുടെ ആവശ്യത്താൽ യാത്രമാറ്റിവെക്കും. പൂർവികസ്വത്ത് ഭാഗത്തിൽ ലഭിക്കും. പുതിയ വ്യാപാര സാധ്യതകളെപ്പറ്റി അന്വേഷിക്കും. വ്യവസ്ഥകൾ പാലിക്കും.

●അനിഴം: വാക്തർക്കങ്ങളിൽ ഇടപെടരുത്. പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാൻ സാധിക്കും. വ്യവസ്ഥകൾ പാലിക്കാൻ കഠിനപ്രയത്നം വേണ്ടിവരും. പ്രതാപവും ഐശ്വര്യവും ഉണ്ടാകും.

●തൃക്കേട്ട: ഉദ്യോഗത്തിനോടനുബന്ധമായി പാരമ്പര്യപ്രവൃത്തികൾക്ക് തുടക്കം കുറിക്കും. ജീവിതഘട്ടങ്ങൾ അതിജീവിക്കുവാനുള്ള ആത്മധൈര്യവും ആർജവവുമുണ്ടാകും.

●മൂലം: ആഗ്രഹിച്ച പദവി ലഭിക്കും. ആത്മവിശ്വാസവും ഓർമശക്തിയും പ്രവർത്തന ക്ഷമതയും നിഷ്കർഷയും വർധിക്കും.

●പൂരാടം: വീഴ്ചകളുണ്ടാവാതെ സൂക്ഷിക്കണം. യാത്രാക്ലേശത്താൽ അസ്വാസ്ഥ്യമനുഭവപ്പെടും. വരവും ചെലവും തുല്യമായിരിക്കും.

●ഉത്രാടം: മാതാപിതാക്കളുടെ ആവശ്യങ്ങൾ കൃത്യതയോടുകൂടി സാധിപ്പിക്കും. ധർമ പ്രവൃത്തികൾക്കു പുണ്യപ്രവൃത്തിക്കുമായി സർവാത്മനാ സഹകരിക്കും.

●തിരുവോണം: കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാനുള്ള ആർജവവും ആത്മവിശ്വാസവും ഉണ്ടാകും. സജീവ സാന്നിധ്യത്താൽ സർവകാര്യ വിജയം നേടും.

●അവിട്ടം: ന്യായമായ ആവശ്യങ്ങൾ അവതരിപ്പിക്കും. കഫനീർദ്ദോഷ രോഗങ്ങളാൽ അവധിയെടുക്കും. പാരമ്പര്യപ്രവൃത്തികളിൽ പ്രവർത്തിക്കാൻ സന്നദ്ധനാകും.

●ചതയം: ഏറ്റെടുത്ത ദൗത്യം നിർവഹിക്കാൻ പലപ്പോഴും രാത്രിയിലും പ്രവർത്തിക്കേണ്ടതായി വരും. വിദ്യാർഥികൾക്ക് അനുകൂലസാഹചര്യങ്ങളുണ്ടാകുമെങ്കിലും പരീക്ഷയിൽ പ്രതീക്ഷിച്ചതുപോലെ അവതരിപ്പിക്കാൻ സാധിക്കുയില്ല.

●പൂരോരുട്ടാതി: ഭക്തിശ്രദ്ധാപുരസരം ചെയുന്ന കാര്യങ്ങൾക്ക് സമ്പൂർണ വിജയം ഉണ്ടാകും. കലാസാഹിത്യരചനകൾക്ക് അംഗീകാരം ലഭിക്കും. സ്വപ്ന സാക്ഷാൽക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും.

●ഉത്രട്ടാതി: ശ്രേഷ്ഠമായ കാര്യങ്ങൾ ചെയ്തുതീർക്കും. ഓർമശക്തി വർധിക്കും. സത്യസന്ധമായ പ്രവർത്തനങ്ങൾ വിജയിക്കും.

●രേവതി: സംതൃപ്തിയുള്ള ഉദ്യോഗത്തിന് നിയമനാനുമതി ലഭിക്കും. മാനസികവിഭ്രാന്തിക്ക് കുറവുതോന്നും. വിദഗ്ദ്ധോപദേശം സ്വീകരിച്ച് പുതിയ ക്രയവിക്രയങ്ങൾ നടത്തും.

CLASSIFIEDS

Largest collection of Wedding Cards & Printing
VALAVI & CO.
Near Market Bridge, Broadway, Ernakulam Ph:2353765, 2374985
Shop 119, 2nd Floor, Attukal Shopping Complex East Fort, Trivandrum Ph: 0471 2571105
Kalliath Royal Square, 1st Floor, Palace Road Trichur-20 Ph:0487 2322182

സാമ്പത്തികം
ധനകാര്യ സ്ഥാപനങ്ങളിൽ പണയം നൽകിയ സ്വർണ്ണം, പ്രോപ്പർട്ടി മുതലായവ തിരിച്ചെടുക്കുന്നതിനും പുതുക്കി വെയ്ക്കുന്നതിനും മാറ്റി വെയ്ക്കുന്നതിനും ബന്ധപ്പെടുക.
Kmass Agency
9895057618

Pest Control
ചിതൽ നിയന്ത്രണം
കെട്ടിടം പണിക്ക് മുൻപും പിൻപും, പാറ്റ, ഉറുമ്പ്, ചെള്ള്, ഫംഗസ്, മൂട്ട, തേനീച്ച, കടന്നൽ
എല്ലാ കീടങ്ങളുടെയും നിയന്ത്രണത്തിന്
9496565984

FOR SALE
ബിൽഡിങ് മെറ്റീരിയൽസ്
ഗ്രാനൈറ്റ് സ്ലാബുകൾ Sqft 65 രൂപയ്ക്ക് കേരളത്തിൽ എവിടെയും എത്തിച്ചു കൊടുക്കുന്നു.
9562355991, 8553187507

സാരസ്വതാരിഷ്ടം
സാരസ്യതാമൃത രസായനം ഓർമ്മശക്തി വർദ്ധിപ്പിക്കുന്നു കുട്ടികളിലെ പഠന വൈകല്ല്യങ്ങൾ മാറുന്നു.
പ്രായത്തിന് അനുസരിച്ച് തടിയിലും തൂക്കത്തിലും വ്യത്യാസം വരുത്തി ശരീരം അഴകുള്ള താക്കി മാറ്റുന്നു.
എസ്.എൻ ആയുർവേദ ഔഷധശാല ഉല്പന്നം
Ph- 6282228687

ഈ പേജിൽ പരസ്യം ചെയ്യാൻ ബന്ധപ്പെടുക.
9387590005
8589003187
9020531400
9048854547

ഐപിഎൽ അല്ല, ജനങ്ങളുടെ ജീവനാണ് വലുത്: സുരേഷ് റെയ്ന

ലക്നോ: ഐപിഎൽ നടക്കുമോ എന്നതിനേക്കാൾ ഇപ്പോൾ പ്രധാനം ലക്ഷക്കണക്കിന് ആളുകളുടെ ജീവനാണെന്ന് ഇന്ത്യൻ ക്രിക്കറ്റ് താരം സുരേഷ് റെയ്ന. ഐപിഎല്ലിനായി നമുക്ക് കാത്തിരിക്കാം. കാരണം ഇപ്പോൾ അതിനേക്കാൾ പ്രധാനം ജനങ്ങളുടെ ജീവനാണ്. ലോക്ക്ഡൗൺ കാലത്ത് സർക്കാർ നിർദേശിച്ച മാർഗനിർദേശങ്ങൾ പാലിച്ചെങ്കിൽ അതിന്റെ ഭവിഷ്യത്ത് നമ്മൾ തന്നെ അനുഭവിക്കേണ്ടിവരും. ജീവിതവും സാഹചര്യങ്ങളും മെച്ചപ്പെടുമ്പോൾ തീർച്ചയായും നമുക്ക് ഐപിഎല്ലിനെക്കുറിച്ച് ചിന്തിക്കാം. ഇപ്പോൾ നിരവധിയാളുകളാണ് വൈറസ് രോഗബാധ മൂലം മരിച്ചുകൊണ്ടിരിക്കുന്നത്. അവരുടെ ജീവൻ രക്ഷിക്കുക എന്നതാണ് പ്രധാനം-ഐപിഎല്ലിൽ ചെന്നൈ സൂപ്പർ കിംഗ്സിന്റെ താരം റെയ്ന പറഞ്ഞു.ലോക്ക് ഡൌൺ കാലം ജീവിതത്തിൽ പുതിയ കാഴ്ചപ്പാടുകൾ സമ്മാനിച്ചുവെന്നും റെയ്ന പറഞ്ഞു. ഇപ്പോൾ മൂന്ന് നേരത്തെ ഭക്ഷണം മാത്രമാണ് ഏറ്റവും പ്രധാനം.

അവിടെ നിങ്ങളുടെ വീടിന്റെ വലിപ്പമോ കാറിന്റെ വലിപ്പമോ ഒന്നും വിഷയമേ അല്ല. നിങ്ങളും നിങ്ങളുടെ വീട്ടിലെ ജോലിക്കാരും എല്ലാം ഇപ്പോൾ ഒരേകാര്യം തന്നെയാണ് ചെയ്യുന്നത്. ഹോസ്റ്റൽ കാലം മുതലേ ഞാൻ പാചകം ചെയ്യാറുണ്ട്. ഇപ്പോൾ ഭാര്യ രണ്ടാമത്തെ കുഞ്ഞിന് ജൻമം നൽകിയശേഷമുള്ള വിശ്രമത്തിലാണ്. അതുകൊണ്ടുതന്നെ വീട്ടിലെ പാചകം ഞാൻ ആസ്വദിച്ചു ചെയ്യുന്നു-റെയ്ന പറഞ്ഞു.

കൊറോണ ആശുപത്രിയായ മാറക്കാന സ്റ്റേഡിയം, ബ്രസീൽ

ജവഹർലാൽ നെഹ്റു സ്റ്റേഡിയം, ന്യൂഡൽഹി

എഡ്ജ്ബാസ്റ്റൺ, ബർമിങ്ഹാം

സ്റ്റേഡിയങ്ങൾ കൊറോണ ആശുപത്രികൾ

ലണ്ടൻ: ലോകത്തെ കൊറോണ ബാധ ഗ്രസിക്കുമ്പോൾ ലോകമെമ്പാടുമുള്ള ജനങ്ങൾ പരിഭ്രാന്തിയിലാണ്. വികസിതെ രാജ്യങ്ങളിലേതടകത്കം ആരോഗ്യ സംവിധാനങ്ങൾ കൊവിഡ് 19നു മുന്നിൽ പകച്ചുനിൽക്കുന്നു. ആശുപത്രികളിൽ രോഗികളെ പാർപ്പിക്കാനുള്ള സ്ഥാനം തികയാതെ വരുന്നു. ഈ സാഹചര്യത്തിൽ കളിയാരവങ്ങളൊഴിഞ്ഞ സ്റ്റേഡിയങ്ങൾ കൊവിഡ് പ്രതിരോധ കേന്ദ്രങ്ങളായി മാറുകയാണ്. ചിലർ സ്റ്റേഡിയങ്ങളിൽ ആശുപത്രി സൗകര്യങ്ങളൊരുക്കുന്നു. മറ്റുചില സ്റ്റേഡിയങ്ങൾ ആരോഗ്യപ്രവർത്തകരുടെ ക്യാമ്പുകളാകുന്നു. അത്തരത്തിൽ കൊവിഡ് പ്രതിരോധത്തിനായി നിലകൊള്ളുന്ന സ്റ്റേഡിയങ്ങളെ അറിയാം..

മാറക്കാന, ബ്രസീൽ

ലോക ഫുട്ബോളിന്റെ കളിത്തൊട്ടിലെന്നറിയപ്പെടുന്ന ബ്രസീലിലെ മാറക്കാന സ്റ്റേഡിയം താൽക്കാലിക ആശുപത്രിയായി. രാജ്യത്ത് വിവിധ മേഖലകളിലായി കൊറോണ ബാധിതരുടെ എണ്ണം വർധിച്ചതാണ് മാറക്കാനയെ ആശുപത്രിയാക്കാൻ അധികൃതരെ നിർബന്ധിതരാക്കിയത്.വൈദ്യുതിയും വെള്ളവും അടക്കം എല്ലാ സൗകര്യങ്ങളുമുള്ള സ്റ്റേഡിയത്തിന്റെ കാർ പാർക്കിംഗ് പ്രദേശമടക്കം ആയിരക്കണക്കിന് രോഗികളെ കിടത്താൻ പാകത്തിന് സജ്ജമാ ക്കികഴിഞ്ഞു. നിലവിൽ ബ്രസീലിലെ പ്രമുഖ താരങ്ങളടക്കം കൊറോണ പ്രതിരോധ പ്രവർ ത്തനങ്ങൾക്കായി സാമ്പത്തിക സഹായവും പ്രാദേശിക ഭരണകൂടങ്ങൾക്ക് നൽകിക്കഴിഞ്ഞു.സർക്കാർ കണക്കനുസരിച്ച് കൊറോണ ബാധിതർ ബ്രസീലിൽ 3200 കടന്നു. മരണസംഖ്യ നൂറിനടുത്തെത്തി നിൽക്കുകയുമാണ്.റിയോയിലെ മാരക്കാന സ്റ്റേഡിയം 2014 ഫിഫ ലോകകപ്പിന്റെ ഫൈനലിനും 2016ലെ ഒളിമ്പിക്സിന്റെ സമാപന പരിപാടിയും അരങ്ങേറിയ വിശാലമായ ഫുട്ബോൾ സ്റ്റേഡിയമാണ്. 1950ലാണ് സ്റ്റേഡിയം ഉദ്ഘാടനം ചെയ്യപ്പെട്ടത്. വൈറസ് ബാധിതരുടെ എണ്ണം കുതിച്ചുയരുന്ന സാഹചര്യത്തിൽ കൂടുതൽ മെഡിക്കൽ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായാണ് സ്റ്റേഡിയം താൽക്കാലിക ആശുപത്രിയാക്കി വികസിപ്പിക്കാൻ തീരുമാനിച്ചത്. മാറക്കാനയ്ക്കു പുറമെ സാവോ പോളോയിലെ പക്കാംബു സ്റ്റേഡിയവും ബ്രസീലിയയിലെ മാനെ ഗരിഞ്ച സ്റ്റേഡിയവും ആശുപത്രികളാക്കി മാറ്റിയിരുന്നു.

ജവഹർലാൽ നെഹ്റു സ്റ്റേഡിയം, ന്യൂഡൽഹി

ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം കൊറോണ ബാധിതർക്കുള്ള നിരീക്ഷണ കേന്ദ്രമാക്കി മാറ്റും. ഇതിനായി സ്റ്റേഡിയം സർക്കാരിന്റെ കൈമാറുന്നതായി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ(സായി)അറിയിച്ചു. ആവശ്യമെങ്കിൽ സ്റ്റേഡിയം ഉപയോഗപ്പെടുത്തണമെന്ന് ജില്ലാ മജിസ്ട്രേറ്റ് നിർദ്ദേശിച്ചിരുന്നു.സായിയുടെ കീഴിലുള്ള സൗകര്യങ്ങൾ കൊറോണയെ നേരിടാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുമെന്ന് കേന്ദ്ര കായിക മന്ത്രാലയം നേരത്തെ തന്നെ അറിയിച്ചിരുന്നു. ഇതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചു വരികയാണെന്ന് മാർച്ച് 22ന് മന്ത്രാലയം വ്യക്തമാക്കിയിരുന്നു. ഈ സാഹചര്യത്തിലാണ് നെഹ്റു സ്റ്റേഡിയം വിട്ടുനൽകുന്നതായി സായി അറിയിച്ചിരിക്കുന്നത്.

ലോർഡ്സ്, ലണ്ടൻ

കോവിഡ് -19 വ്യാപിക്കുന്ന സാഹചര്യത്തിൽ, ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ട് ആശുപത്രി ജീവനക്കാരുടെ പാർക്കിംഗിനായി വിട്ടുനൽകാൻ തീരുമാനിച്ചു. ലോർഡ്സ് സ്റ്റേഡിയത്തിന്റെ ഉടമസ്ഥരായ മേരിലബോൺ ക്രിക്കറ്റ് ക്ലബാണ് (എംസിസി) ഇക്കാര്യം തീരുമാനിച്ചത്. ലണ്ടനിലെ വെല്ലിംഗ്ടൺ ആശുപത്രി ജീവനക്കാർക്ക് പാർക്കിങ്ങിനായും ജീവനക്കാരുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനായും സ്റ്റേഡിയും വിട്ടുനൽകുമെന്ന് എംസിസി പത്രകുറിപ്പിൽ അറിയിച്ചു.

ബില്ലി ജീൻ കിങ്, നാഷണൽ ടെന്നീസ് സെന്റർ ന്യൂയോർക്ക്

അമേരിക്കയിൽ കൊറോണ വൈറസ് വ്യാപനം നിയന്ത്രണാതീതമായി തുടരുന്നതിനിടെ, യുഎസ് ഓപ്പൺ ടെന്നിസിന്റെ സ്ഥിരം വേദിയായ ബില്ലി ജീൻ കിങ് നാഷണൽ ടെന്നിസ് സെന്ററിന്റെ ഒരു ഭാഗം താൽക്കാലിക ആശുപത്രിയാക്കി മാറ്റി. യുണൈറ്റഡ് സ്റ്റേറ്റ്സ് ടെന്നിസ് അസോസിയേഷനാണ് (യുഎസ്ടിഎ) ഇക്കാര്യം അറിയിച്ചത്. യുഎസിൽ മാത്രം കോവിഡ് സ്ഥിരീകരിച്ചവരുടെ എണ്ണം രണ്ടു ലക്ഷത്തോളമെത്തിയതോടെ ആശുപത്രികൾ ഉൾപ്പെടെ നിറഞ്ഞുകവിയുകയാണ്.കേരളത്തേക്കാൾ കുറവ് ജനങ്ങളുള്ള ന്യൂയോർക്ക് സംസ്ഥാനത്തുമാത്രം ഇതുവരെ ആയിരത്തിലധികം പേർ മരിച്ചു. രണ്ടാഴ്ച കൂടി പിന്നിടുമ്പോൾ രാജ്യത്ത് ഒരു ലക്ഷം പേരെങ്കിലും മരിച്ചേക്കാമെന്ന് മുന്നറിയിപ്പു നൽകിയ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് സാമൂഹിക അകല കാലയളവ് ഏപ്രിൽ 30 വരെ നീട്ടിയിരുന്നു.

രോഗികളുടെ എണ്ണം കൂടുകയും സൗകര്യങ്ങൾ അപര്യാപ്തമാവുകയും ചെയ്തതോടെയാണ് വിഖ്യാതമായ യുഎസ് ഓപ്പൺ വേദി ആശുപത്രിയാക്കി മാറ്റുന്നത്. 350 ബെഡുകളുള്ള ആശുപത്രിയാകും ഇവിടെ തയാറാക്കുക.വേദിയിലെ ഇൻഡോർ ടെന്നിസ് സംവിധാനം ആശുപത്രിയാക്കി രൂപാന്തരപ്പെടുത്താനുള്ള നടപടികൾക്ക് ഇന്നു തുടക്കമാകുമെന്ന് വേദിയുടെ ഉടമസ്ഥരായ യുഎസ് ടെന്നിസ് അസോസിയേഷൻ വക്താവ് ക്രിസ് വിഡ്മെയർ അറിയിച്ചു.



സാന്റിയാഗോ ബർണാബ്യു സ്റ്റേഡിയം

ബില്ലി ജീൻ കിങ്, നാഷണൽ ടെന്നീസ് സെന്റർ ന്യൂയോർക്ക്

എഡ്ജ്ബാസ്റ്റൺ, ബർമിങ്ഹാം

ഏകദിന ചരിത്രത്തിലെ ഏറ്റവും ആവേശകരമായ മത്സരങ്ങളിലൊന്നായ1999 ഏകദിന ലോകകപ്പിലെ ഓസ്ട്രേലിയ-ദക്ഷിണാഫ്രിക്ക സെമി പോരാട്ടത്തിന് വേദിയായ ഇംഗ്ലണ്ടിലെ എഡ്ജ്ബാസ്റ്റൺ ക്രിക്കറ്റ് ഗ്രൗണ്ടും ഇനി കൊവിഡ് പരിശോധനാ കേന്ദ്രം. വാർവിക് ഷെയർ കൗണ്ടി ക്രിക്കറ്റ് ക്ലബ്ബാണ് എഡ്ജ്ബാസ്റ്റൺ ക്രിക്കറ്റ് ഗ്രൗണ്ട് കൊവിഡ് പരിശോധനാ കേന്ദ്രമാക്കുന്നതിനായി ബ്രിട്ടനിലെ ആരോഗ്യമന്ത്രാലയത്തിന്(നാഷണൽ ഹെൽത്ത് സർവീസസ്) വിട്ടുകൊടുത്തത്.

സ്റ്റേഡിയത്തിലെ കാർ പാർക്കിംഗ് കേന്ദ്രത്തിലാവും ബർമിങ്ഹാമിലും പടിഞ്ഞാറൻ മിഡ് ലാൻഡിലും കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആരോഗ്യപ്രവർത്തകരെ കൊവിഡ് പരിശോധനകൾക്ക് വിധേയമാക്കുക. നേരത്തെ ചരിത്രപ്രസിദ്ധമായ ലോർഡ്സ് ക്രിക്കറ്റ് ഗ്രൌണ്ട് ആരോഗ്യപ്രവർത്തകരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ഉപകരണങ്ങൾ സ്റ്റോർ ചെയ്യുന്നതിനുമായി മാർലിബോൺ ക്രിക്കറ്റ് ക്ലബ്ബ് വിട്ടുകൊടുത്തിരുന്നു.

സാന്റിയാഗോ ബർണാബ്യു, മാഡ്രിഡ്റയൽ മാഡ്രിഡ് ഫുട്ബോൾ ക്ലബ്ബിന്റെ ഹോം ഗ്രൗണ്ടായ സാന്റിയാഗോ ബർണാബ്യു സ്റ്റേഡിയം കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മെഡിക്കൽ ഉപകരണങ്ങളുടെ ഗോഡൗണാക്കി മാറ്റാൻ തീരുമാനം. ഇറ്റലി കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ കൊറോണ മരണം ഉണ്ടായ രാജ്യമാണ് സ്പെയിൻ.

കായിക താരങ്ങൾക്ക് ഏറെ ചെയ്യാനുണ്ടെന്ന് പ്രധാനമന്ത്രി

കോവിഡ് 19: പ്രധാനമന്ത്രിയുമായുള്ള വീഡിയോ കോൺഫ്രൻസ് അനുഭവം പങ്കുവച്ച് അഞ്ജു ബോബി ജോർജ്

സി.കെ. രാജേഷ്കുമാർ

കൊച്ചി: കായികതാരങ്ങൾ ഇന്ത്യയുടെ മുഖമാണ്. നിങ്ങളുടെ ഓരോ വാക്കുകളും രാജ്യം സാകൂതം വീക്ഷിക്കും. അതുകൊണ്ട് കൊവിഡ് 19 ബോധവത്കരണത്തിൽ ഓരോരുത്തരും ഭാഗമാകണമെന്ന് പ്രധാനമന്ത്രി വീഡിയോ കോൺഫ്രൻസിലൂടെ അഭ്യർഥിച്ചതായി അഞ്ജു ബോബി ജോർജ് മെട്രൊ വാർത്തയോട് പറഞ്ഞു.

രാജ്യം വലിയ ഒരു പ്രതിസന്ധി നേരിടുകയാണ്. രാജ്യം മാത്രമല്ല, ലോകം മുഴുവൻ. നമ്മേക്കാൾ വികസിത രാജ്യങ്ങൾ പോലും ഈ രോഗത്തിനു മുന്നിൽ പകച്ചുനിൽക്കുകയാണ്. അവരൊക്കെ തകർന്നടിയുന്നു. ഇച്ഛാശക്തികൊണ്ട് നമുക്ക് ഇതിനെ മറികടക്കണം.

അച്ചടക്കം പാലിക്കാൻ ജനങ്ങളോട് അഭ്യർഥിക്കാൻ ഏവരും തയാറാകണമെന്ന് കായികതാരങ്ങളോട് പ്രധാനമന്ത്രി പറഞ്ഞതായി അഞ്ജു വെളിപ്പെടുത്തി. ഈ വീഡിയോ കോൺഫ്രൻസിന്റെ ഭാഗമാകാൻ സാധിച്ചതിൽ വലിയ അഭിമാനമുണ്ടെന്ന് അഞ്ജു പറഞ്ഞു. ഇന്നലെ രാവിലെ 11 മുതൽ ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന കോൺഫ്രൻസാണ് പ്രധാനമന്ത്രി നടത്തിയത്. രാജ്യത്തെ പ്രമുഖരായ 49 കായിക താരങ്ങൾ പങ്കെടുത്തു. കേരളത്തിൽനിന്ന് പി.ടി. ഉഷയും കെ.ടി. ഇർഫാനും പങ്കെടുത്തു. എന്നാൽ, ഇവർക്കാർക്കും പ്രധാനമന്ത്രിയോട് സംസാരിക്കാൻ കഴിഞ്ഞില്ല.

കായിക താരങ്ങളോടുള്ള പ്രധാനമന്ത്രിയുടെ അഭ്യർഥന അര മണിക്കൂറോളം നീണ്ടു. എല്ലാവരും വീട്ടിൽതന്നെ സുരക്ഷിതമായി കഴിഞ്ഞുകൂടാൻ അദ്ദേഹം പറഞ്ഞതായി അഞ്ജു കൂട്ടിച്ചേർത്തു. സച്ചിൻ, സൗരവ് ഗാംഗുലി, വിരാട് കോഹ്‌ലി, പി.വി. സിന്ധു തുടങ്ങിയവർ പ്രധാനമന്ത്രിയോട് സംസാരിച്ചു. പ്രധാനമന്ത്രിയുടെ ആഹ്വാനമനുസരിച്ചുള്ള കാര്യങ്ങൾ ചെയ്യുമെന്ന് പി. ടി. ഉഷയും ഇർഫാനും അറിയിച്ചു.

കൊറോണ: നെയ്മർ വക ഏഴരക്കോടി

റിയോ ഡി ജനീറോ: കൊറോണ വൈറസ് വ്യാപനത്തിനെതിരായ പോരാട്ടത്തിൽ പങ്കുചേർന്ന് ബ്രസീലിയൻ സൂപ്പർതാരം നെയ്മറും. ലോകത്ത് ഏറ്റവും കൂടുതൽ പ്രതിഫലം പറ്റുന്ന മൂന്നാമത്തെ ഫുട്ബോൾ താരമായ നെയ്മർ, ഒരു മില്യൻ യുഎസ് ഡോളറാണ് (7.5 കോടിയിലധികം രൂപ) കൊറോണ വൈറസ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംഭാവന നൽകിയതെന്നാണ് റിപ്പോർട്ട്. ഒരു ടെലിവിഷൻ നെറ്റ്‌വർക്കാണ് ഇക്കാര്യം പുറത്തുവിട്ടത്. അതേസമയം, ഇത്തരം സഹായങ്ങൾ പരസ്യമാക്കാറില്ലെന്ന് നെയ്മറിന്റെ മീഡിയ ഓഫിസ് പ്രതികരിച്ചു.ഫ്രഞ്ച് ലീഗ് വണ്ണിൽ പാരിസ് സെന്റ് ജർമന്റെ താരമായ നെയ്മർ, ഫുട്ബോൾ മത്സരങ്ങൾ റദ്ദാക്കിയതോടെ സ്വദേശമായ ബ്രസീലിലാണുള്ളത്.

പാരിസിൽനിന്ന് സ്വകാര്യ വിമാനത്തിൽ ബ്രസീലിലെത്തിയ അദ്ദേഹം നിയമമനുസരിച്ച് അവിടെ ക്വാറന്റീനിലാണ്. അവിടെ ബീച്ച് വോളിബോൾ ഗ്രൗണ്ടിൽ സുഹൃത്തുക്കൾക്കും മകനുമൊപ്പം ചെലവഴിക്കുന്നതിന്റെ ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിൽ പോസ്റ്റ് ചെയ്ത് നെയ്മർ പുലിവാലു പിടിച്ചിരുന്നു. താരം ക്വാറന്റീൻ ചട്ടങ്ങൾ ലംഘിച്ചെന്നായിരുന്നു ആരോപണം. ഇതിനു പിന്നാലെ അദ്ദേഹം വിശദീകരണക്കുറിപ്പും പുറത്തിറക്കേണ്ടിവന്നു. ഇതിനിടെയാണ് സഹായ വാർത്ത പുറത്തുവരുന്നത്.വൈറസ് ബാധ വളരെയധികം പ്രതിസന്ധി സൃഷ്ടിച്ച ബ്രസീലിനായാണ് നെയ്മർ സംഭാവന നൽകിയത്. ഇതിന്റെ ഒരു വിഹിതം ഐക്യരാഷ്ട്ര സംഘടനയുടെ കുട്ടികളുടെ ഫണ്ടിലേക്കും (യുണിസെഫ്) ബാക്കി തുക അടുത്ത സുഹൃത്ത് ലൂസിയാനോ ഹക്കിന്റെ നേതൃത്വത്തിലുള്ള ചാരിറ്റി ഫണ്ടിലേക്കുമാണ് നൽകുക. 2022ലെ പൊതുതിരഞ്ഞെടുപ്പിൽ ബ്രസീൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ പറഞ്ഞുകേൾക്കുന്ന പേരാണ് ലൂസിയാനോ ഹക്ക്.പിഎസ്ജിയിൽ നെയ്മറിന്റെ സഹതാരമായ ഫ്രഞ്ച് താരം കിലിയൻ എംബപ്പെയും ഏതാനും ദിവസങ്ങൾക്കു മുൻപ് കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കനത്ത തുക സംഭാവന നൽകിയിരുന്നു. ഇവർക്കു പുറമെ പോർച്ചുഗീസ് സൂപ്പർതാരം ക്രിസ്റ്റ്യാനോ റൊണാൾഡോ, ബാർസിലോന താരം ലയണൽ മെസ്സി തുടങ്ങിയവരും സാമ്പത്തിക സഹായവുമായി രംഗത്തെത്തിയിരുന്നു.

ടോക്കിയോ ഒളിംപിക്സ് ഫുട്ബോൾ

പ്രായപരിധി 24 വയസ്

സൂറിച്ച്: അടുത്തവർഷത്തെ ടോക്കിയോ ഒളിംപിക്സിൽ ഫുട്ബോൾ മത്സരങ്ങൾക്കുള്ള കളിക്കാരുടെ പ്രായപരിധി ഉയർത്തി ഫിഫ. ഒളിംപിക്സ് ഫുട്ബോൾ മത്സരങ്ങളിൽ പങ്കെടുക്കുന്ന ടീമിലെ മൂന്ന് കളിക്കാരൊഴികെയുള്ള കളിക്കാരുടെ പ്രായം 23 വയസിൽ താഴെയായിരിക്കണമെന്നതാണ് നിബന്ധന. എന്നാൽ ഈ വർഷം നടക്കേണ്ട ഒളിംപിക്സ് അടുത്തവർഷത്തേക്ക് മാറ്റിവെച്ചതോടെ പല ടീമുകളിലെയും കളിക്കാരുടെ പ്രായം 23 കടക്കും. ഇത് ഈ കളിക്കാരുടെ പങ്കാളിത്തം അനിശ്ചിതത്വത്തിലാക്കിയ പശ്ചാത്തലത്തിലാണ് ഫിഫയുടെ നടപടി.

പുതിയ നിർദേശം അനുസരിച്ച് 1997 ജനുവരി ഒന്നിനോ അതിന് ശേഷമോ ജനിച്ചവർക്ക് അടുത്തവർഷം 24 വയസാവുമെങ്കിലും ഒളിംപിക് ഫുട്ബോൾ മത്സരങ്ങളിൽ പങ്കെടുക്കാം.ഫുട്ബോൾ മത്സരങ്ങൾക്കുള്ള കളിക്കാരുടെ പ്രായപരിധി ഉയർത്തണമെന്ന് രാജ്യാന്തര ഒളിംപിക് കമ്മിറ്റിയും ടോക്കിയോ ഒളിംപിക്സ് അധികൃതരും നേരത്തെ ഫിഫയോട് ആവശ്യപ്പെട്ടിരുന്നു. ഇതോടെ അടുത്ത വർഷം 24 വയസായാലും താരങ്ങൾക്ക് ഒളിംപിക് ഫുട്ബോളിൽ കളിക്കാനാവും. ഇതിനുപുറമെ ഇന്ത്യയിൽ നടക്കേണ്ട 17 വയസിൽ താഴെയുള്ളവരുടെ വനിതാ ലോകകപ്പും പനാമയിലും കോസ്റ്റോറിക്കയിലുമായി നടക്കേണ്ടിയിരുന്ന അണ്ടർ 20 വനിതാ ലോകകപ്പും ഫിഫ മാറ്റിവെച്ചിരുന്നു. പുതുക്കിയ തീയതികൾ പ്രഖ്യാപിച്ചിട്ടില്ല.കൊവിഡ് 19 വൈറസ് ബാധയെത്തുടർന്നാണ് ഈ വർഷം ജൂലൈയിൽ ടോക്കിയോയിൽ ആരംഭിക്കേണ്ടിയിരുന്ന ഒളിംപിക്സ് അടുത്തവർഷം ജൂലൈയിലേക്ക് മാറ്റിവെച്ചത്. യോഗ്യതാ മത്സരങ്ങൾ പൂർത്തിയാക്കാനാവാത്തതും യൂറോപ്പും അമേരിക്കും കൊവിഡിന്റെ പിടിയിലമർന്നതും ഒളിംപിക്സ് നീട്ടിവക്കാൻ കാരണമായി. പതിനൊന്ന് ലക്ഷത്തിലധികം പേരെ ബാധിച്ച കൊവിഡ് 19 വൈറസ് രോഗം മൂലം ലോകത്താകെ 60000ത്തോളം പേരാണ് ഇതുവരെ മരണമടഞ്ഞത്.

സീരീ എ ഉപേക്ഷിക്കില്ലെന്ന്

മിലാൻ: ഇറ്റാലിയൻ ഫുട്ബോൾ ലീഗ് സീസൺ ഉപേക്ഷിക്കില്ലെന്ന് സീരി എ അധികൃതർ. 12 റൗണ്ട് അവശേഷിക്കേ ലീഗ് ഉപേക്ഷിക്കുന്നത് അനീതി ആകുമെന്നും ഇറ്റാലിയൻ ഫുട്ബോൾ ഫെഡറേഷൻ പ്രസിഡന്റ് ഗബ്രിയേല ഗ്രവിന പറഞ്ഞു.

കൊവിഡ് കാരണം സീസൺ ഉപേക്ഷിച്ചാലും, യുവന്റസ് കിരീടം സ്വീകരിക്കുമെന്ന് കരുതുന്നില്ലെന്നും ഗ്രവിന പറഞ്ഞു. മെയ് 20നോ ജൂൺ ആദ്യവാരമോ ലീഗ് പുനരാരംഭിച്ച് ജൂലായിൽ ലീഗ് അവസാനിപ്പിക്കാനാകുമെന്നായിരുന്നു ഇതുവരെയുള്ള വിലയിരുത്തലെന്നും എന്നാൽ നിലവിലെ സാഹചര്യത്തിൽ അത് സാധ്യമാവില്ലെന്നും ഗ്രവിന പറഞ്ഞു.സീരി എ അധികൃതരും ഇറ്റാലിയൻ പ്ലേയേഴ്സ് അസോസിയേഷനും വെള്ളിയാഴ്ച കൂടിക്കാഴ്ച നടത്തിയിരുന്നെങ്കിലും ലീഗ് എന്നാരംഭിക്കനാകുമെന്ന കാര്യത്തിൽ തീരുമത്തിലെത്താനായില്ല. രാജ്യത്തെ ആരോഗ്യസ്ഥിതി മെച്ചപ്പെടാതെ ലീഗ് പുനരാരംഭിക്കുന്നിതിനെക്കുറിച്ച് ആലോചിക്കാനാവില്ലെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. കളിക്കാരുടെ പ്രതിഫലം വെട്ടിക്കുറക്കുന്നതിനെക്കുറിച്ചും യോഗത്തിൽ നിർദേശമുയർന്നെങ്കിലും ഇക്കാര്യത്തിലും തീരുമാനം ആയില്ല.

രാജ്യത്തെ എല്ലാ കായിക മത്സരങ്ങളും ഏപ്രിൽ 13 വരെയാണ് റദ്ദാക്കിയിരിക്കുന്നതെങ്കിലും ഇതിനുശേഷവും മത്സരങ്ങൾ സാധ്യമാവില്ലെന്നാണ് വിലയിരുത്തൽ. യുവെ ആണ് ലീഗിൽ തലപ്പത്ത്.

ഇംഗ്ലീഷ് പ്രീമിയർ ലീഗ് താരങ്ങളുടെ ശമ്പളം വെട്ടിക്കുറച്ചു

ലണ്ടൻ: കൊവിഡ് 19 പ്രതിസന്ധി കാരണം ഇംഗ്ലീഷ് പ്രീമിയർ ലീഗ് ഫുട്ബോൾ താരങ്ങളുടെ പ്രതിഫലം 30 ശതമാനം വെട്ടിക്കുറച്ചേക്കും. വാർഷിക പ്രതിഫലത്തിൽ കുറവു വരുത്താനാണ് ആലോചന. പരസ്യം വഴിയും ടി വി സംപ്രേഷണം വഴിയുമുള്ള വരുമാനം നിലച്ചതാണ് ക്ലബ്ബുകളെ പ്രതിസന്ധിയിലാക്കിയത്. താരങ്ങളുമായി ആലോചിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനം എടുക്കുമെന്ന് ക്ലബ്ബുകൾ അറിയിച്ചു. പ്രതിഫലം കുറക്കാനുള്ള നീക്കത്തിനെതിരെ കളിക്കാർ നിലാപാടെടുത്തത് നേരത്തെ വിമർശനമുയർന്നിരുന്നു. ഏപ്രിൽ 30വരെ ആദ്യം മാറ്റിവെച്ച ലീഗ് അനിശ്ചിതകാലത്തേക്ക് നിർത്തിവെക്കാൻ ഇന്നലെ ക്ലബ്ബ് പ്രതിനിധികളുടെ യോഗത്തിൽ തീരുമാനമായിരുന്നു.

സ്ഥിതി വിലയിരുത്തിയ ശേഷം മാത്രം പ്രീമിയർലീഗ് പുനരാരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചാൽ മതിയെന്നും സംഘടകർ അറിയിച്ചു.അതേസമയം, പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടിലേക്കായി സൗഹൃദ മത്സരം കളിക്കുന്ന കാര്യം പ്രീമിയർ ലീഗ് ടീമുകളുടെ ക്യാപ്റ്റന്മാർ ചർച്ച ചെയ്യുന്നുണ്ട്.കൊവിഡ് 19 പ്രതിസനധിയുടെ പശ്ചാത്തലത്തിൽ യൂറോപ്പിലെ മുൻനിര ക്ലബ്ബുകളായ ബാഴ്സലോണയും അത്‌ലറ്റിക്കോ മാഡ്രിഡും ബയേൺ മ്യൂണിക്കും യുവന്റസും കളിക്കാരുടെ പ്രതിഫലം വെട്ടിക്കുറച്ചിരുന്നു.

യാത്ര തുടങ്ങാൻ എമിറേറ്റ്സ്

ദുബായ്: ദുബായ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന എമിറേറ്റ്സ് യാത്രാ വിമാനം ഈ മാസം ആറു മുതൽ യുഎഇയിൽ നിന്ന് സർവീസ് പുനഃരാരംഭിക്കും. കുറച്ച് വിമാനങ്ങൾ മാത്രമേ സർവീസ് നടത്തുകയുള്ളൂവെന്നും ഇതുസംബന്ധമായി യുഎഇ അധികൃതരിൽ നിന്ന് അനുമതി ലഭിച്ചതായും എമിറേറ്റ്സ് ഗ്രൂപ്പ് ചെയർമാനും സിഇഒയുമായ ഷെയ്ഖ് അഹമദ് ബിൻ സഈദ് അൽ മക്തൂം ടീറ്റ് ചെയ്തു.

കൂടുതൽ വിവരങ്ങൾ വൈകാതെ പുറത്തുവിടുമെന്നും ദുബായ് എയർപോർട്സ് ചെയർമാനും ദുബായ് സിവിൽ ഏവിയേഷൻ അതോറിറ്റി പ്രസിഡന്റും കൂടിയായ അദ്ദേഹം പറഞ്ഞു. രാജ്യത്ത് കുടുങ്ങിയ സന്ദർശകർ, താമസക്കാർ എന്നിവരെ അതതു രാജ്യങ്ങളിലെത്തിക്കാനാകും ആദ്യപരിഗണനയെന്നും ഷെയ്ഖ് അഹമ്മദ് പറഞ്ഞു. ഘട്ടംഘട്ടമായി കൂടുതൽ സർവീസുകൾ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, ഇന്ത്യയിലേക്ക് 14 വരെ യാത്രാ വിമാനസർവീസുകൾ ഉണ്ടാകില്ലെന്ന് ഇന്ത്യൻ സ്ഥാനപതി പവൻ കപൂർ വ്യക്തമാക്കി.

വിലകൂടി സ്മാർട്ട് ഫോൺ

കൊച്ചി: പുതുക്കിയ ജിഎസ്ടി നിരക്ക് ഒന്നാം തിയതി മുതൽ പ്രാബല്യത്തിൽ വന്നതോടെ രാജ്യത്തിൽ മൊബൈൽ വിലകൂടി. സ്മാർട്ട് ഫോണുകളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 18 ശതമാനമായി ഉയർത്തുമെന്ന് ജിഎസ്ടി കൗൺസിൽ നേരത്തെ പ്രഖ്യാപിച്ചിരുന്നു അതാണ് പ്രാബല്യത്തിൽ ആയിരിക്കുന്നത്. ഏപ്രിൽ ഒന്നു മുതൽ പുതിയ നിരക്ക് പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. കൂടാതെ എല്ലാ സ്മാർട്ട് ഫോണുകളുടെയും വില വർധിപ്പിക്കുമെന്ന് ഷവോമി ഉൾപ്പടെയുള്ള കമ്പനികൾ വ്യക്തമാക്കിയിട്ടുണ്ട്.

മീനില്ല കക്കയ്ക്ക് ഡിമാൻഡ് കൂടി



കോട്ടയം: മീൻവരവ് കുറഞ്ഞതോടെ കോട്ടയം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ കക്കയ്ക്ക് ഡിമാൻഡ് കൂടി. കായലിലെ കക്കയ്ക്കും ചിപ്പിക്കും ആവശ്യക്കാരേറെയാണ്. കായലിൽ ഇപ്പോൾ കക്കയും ചിപ്പിയും (കല്ലുമ്മക്കായ്) യഥേഷ്ടമുണ്ട്. അത് വാരാൻ പണിക്കാരുമുണ്ട്. എല്ലാവരും വീട്ടുകളിൽ ഇരുന്ന് ശുചിയാക്കി ആളുകൾക്ക് എത്തിക്കുകയാണ്. കക്കയും ചിപ്പിയും തപ്പിയെടുക്കുന്നതിനെക്കാൾ ശ്രമകരമാണ് ശുചിയാക്കിയെടുക്കുക. നല്ലൊരു മഴ ലഭിച്ചാൽ ഇവയെല്ലാം അപ്രത്യക്ഷമാകും. അതിനാൽ ഇത്തിരി പ്രയാസപ്പെട്ടാലും ചിപ്പിയും കക്കയും തപ്പിയെടുക്കാൻ മത്സ്യത്തൊഴിലാളികൾ താത്പര്യം കാട്ടുന്നുണ്ട്.

ചൂടാക്കി തോടു കളഞ്ഞാണ് കക്കയും ചിപ്പിയും വിൽപനയ്ക്ക് എത്തിക്കുന്നത്. വലിയ ശ്രമകരമായ ജോലി ആയതിനാൽ പലരും കക്ക വാരാൻ മെനക്കെടാറില്ല. മീൻ കുറഞ്ഞതിന്റെ ബിസിനസ് ലാക്കിലാണ് കച്ചവടം പൊടി പൊടിക്കുന്നത്. പൊന്നും വിലയിലാണ് കച്ചവടവും. കക്കറോസ്റ്റ്, കക്കത്തോരൻ എന്നിങ്ങനെ പല രീതിയിലാണ് കക്ക വിഭവങ്ങൾ തയാറാക്കുന്നത്. കടൽ-കായൽ മത്സ്യ ലഭ്യത കുറഞ്ഞതോടെ കക്കയ്ക്കും ചിപ്പിക്കും ഡിമാൻഡ് ഏറെയാണ്.

കൊവിഡ്: ഐടിയിൽ കാത്തിരിക്കുന്നത് വൻ തിരിച്ചടി

കൊച്ചി: 'വർക്ക് ഫ്രം ഹോം ശൈലി' സ്വീകരിച്ച് പരമാവധി പ്രവർത്തനക്ഷമത ഉറപ്പാക്കുന്നതിനിടെയും ബിസിനസ് വളർച്ച കുത്തനെ ഇടിയാനുള്ള സാധ്യതയാണ് ഐടി മേഖലയിൽ മുന്നിൽ കാണുന്നത്. ലോക്ക്ഡൗണിനെത്തുടർന്ന് യുഎസിലെയും യൂറോപ്പിലെയും ക്ലയനുകൾ സാങ്കേതിക ചെലവ് കുറയ്ക്കാൻ നിർബന്ധിതരാകുന്നത് ഇന്ത്യയിലെ ഐടി സേവന കമ്പനികളെ എങ്ങനെ ബാധിക്കുമെന്ന് പിന്നാലെ മാത്രമേ അറിയാൻ സാധിക്കൂ.

സോഫ്റ്റ്‌വെയർ കയറ്റുമതിക്കാരായ ടാറ്റാ കൺസൾട്ടൻസി സർവീസസ്, ഇൻഫോസിസ്, എച്ച്സിഎൽ ടെക്നോളജീസ് എന്നിവ ഉൾപ്പെടെ എല്ലാ കമ്പനികൾക്കു മുന്നിലുമുണ്ട് ഈ സങ്കീർണത. ഇന്ത്യയുടെ സോഫ്റ്റ്‌വെയർ, സേവന കയറ്റുമതി 2020 സാമ്പത്തിക വർഷത്തിൽ 8.1 ശതമാനം വർധിച്ച് 147 ബില്യൺ ഡോളറിലെത്തിയിരുന്നു. ഇനി ഇതിൽ പുതിയ പദ്ധതി തന്നെ വേണ്ടി വന്നേക്കും. യാത്ര, ഹോസ്പിറ്റാലിറ്റി, എയർലൈൻസ്, റീട്ടെയ്ൽ, ഹൈടെക്, ഓയിൽ ആൻഡ് ഗ്യാസ്, ഫിനാൻഷ്യൽ സർവീസസ്, മാനുഫാക്ചറിങ് തുടങ്ങിയ വ്യവസായങ്ങളെല്ലാം പ്രതിസന്ധിയിലായിരിക്കവേ അടുത്ത ആറു മാസത്തിനുള്ളിൽ ഐടി മേഖലയുടെ വരുമാനം 2-7 ശതമാനം കുറയുമെന്നാണ് ആഗോള വിലയിരുത്തൽ. പല വമ്പൻ കമ്പനികളും തങ്ങളുടെ വളർച്ച ലക്ഷ്യം വെട്ടിക്കുറച്ചു. പുതിയ ജോലികൾ ലഭിക്കുക എന്നുള്ളതാണ് ഇന്ത്യൻ കമ്പനികൾക്ക് വെല്ലുവിളി. ഇടത്തരം ഐടി കമ്പനികൾക്കെല്ലാം ജോലി യൂറോപ്പിൽ നിന്നും അമെരിക്കയിൽ നിന്നുമായിരുന്നു. ഇനി അവ എങ്ങനെ ആയിരിക്കും എന്നൊന്നും പലർക്കും അറിയില്ല. നിലവിലുള്ള കരാറുകളുടെ കാര്യത്തിലുള്ള അനിശ്ചിതത്വം ഇതിനകം തന്നെ തലവേദനയാകുന്നുണ്ട്. കരാറുകളുടെ പുതുക്കൽ, പുതിയ കരാറുകളുണ്ടാകാനുള്ള സാധ്യത, ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക കാര്യങ്ങൾ എന്നിവയെല്ലാം വെല്ലുവിളികളാവുമ്പോൾ മാന്ദ്യം ഏറെക്കുറെ ഉറപ്പാവുകയാണെന്ന് വിദഗ്ധർ പറയുന്നു. ചൈനയുടെ സാമ്പത്തിക മാന്ദ്യവും ഇന്ത്യൻ ഐടിയെ പരോക്ഷമായി ബാധിക്കുമെന്ന് അവർ വിശ്വസിക്കുന്നു.

ബാങ്കുകൾ പണം വീട്ടിൽ നൽകും

കൊച്ചി: ബാങ്കിലോ എടിഎമ്മിലോ എത്തി പണമെടുക്കാൻ സാധിക്കാത്ത സ്ഥിതിയിലാണോ? ബാങ്കുകൾ പണം വീട്ടിലെത്തിക്കും. എസ്ബിഐ, എച്ച്ഡിഎഫ്സി, ഐസിഐസിഐ, ആക്സിസ്, കൊട്ടക് മഹീന്ദ്ര ബാങ്കുകളും ഈ സേവനം ഉപഭോക്താക്കൾക്ക് നൽകുന്നുണ്ട്. കൊവിഡ് വ്യാപനംമൂലം അടച്ചിട്ട സാഹചര്യത്തിലാണ് ഉപഭോക്താക്കളുടെ സൗകര്യാർഥം എസ്ബിഐ ഇത് നടപ്പാക്കുന്നത്. മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കാണ് തെരഞ്ഞെടുത്ത ശാഖകളിൽ നിന്ന് ഈസേവനം ലഭിക്കുക.

പണം നൽകൽ, നിക്ഷേപിക്കാനായി പണം സ്വീകരിക്കൽ, ചെക്ക് സ്വീകരിക്കൽ, ഫോം 15എച്ച് സ്വീകരിക്കൽ, ഡ്രാഫ്റ്റ് നൽകൽ, ലൈഫ് സർട്ടിഫിക്കറ്റ് നൽകൽ, കെവൈസി രേഖകൾ ശേഖരിക്കൽ തുടങ്ങിയ സേവനങ്ങൾ ലഭിക്കും. അക്കൗണ്ടുള്ള ശാഖകളിൽ നിന്നായിരിക്കും സേവനം ലഭിക്കുക. സേവനങ്ങൾക്കായി രാവിലെ ഒമ്പതിനും വൈകീട്ട് നാലിനുമിടയിൽ 1800111103 എന്ന നമ്പറിൽ ബന്ധപ്പെടുക. കെവൈസി മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അക്കൗണ്ട് ഉടമകൾക്ക് മാത്രമായിരിക്കും സേവനം ലഭിക്കുക.

സാമ്പത്തികേതര ഇടപാടുകൾക്ക് 60 രൂപയും ജിഎസ്ടിയും സാമ്പത്തിക ഇടപാടുകൾക്ക് 100 രൂപയും ജിഎസ്ടിയും സേവന നിരക്കായി നൽകേണ്ടിവരും. ഒരുദിവസം പരമാവധി 20,000 രൂപയാണ് പിൻവലിക്കാനും നിക്ഷേപിക്കാനും അനുവദിക്കുക. അക്കൗണ്ട് വിവരങ്ങളോടൊപ്പം മൊബൈൽ നമ്പർ ഉണ്ടായിരിക്കണം. സ്വന്തം ശാഖയിൽനിന്ന് അഞ്ചു കിലോമീറ്റർ ചുറ്റളവിലുള്ളവരുമായിരിക്കണം. ജോയിന്റ് അക്കൗണ്ട് ഉടമകൾക്ക് സേവനം ലഭിക്കില്ല. ചെക്ക് അല്ലെങ്കിൽ പിൻവലിക്കൽ ഫോം എന്നിവ ഉപയോഗിച്ചാണ് പണം പിൻവലിക്കാൻ കഴിയുക. പാസ്ബുക്കും കൂടെ വേണം.

ക്രെഡിറ്റ് കാർഡിന് വേണ്ട മൊറട്ടോറിയം

കൊച്ചി: ആർബിഐ എല്ലാ വായ്പകൾക്കും മാർച്ച് മുതൽ മൂന്ന് മാസം തിരിച്ചടവ് ഒഴിവാക്കി നൽകിയിട്ടുണ്ട്. ഭവന, വാഹന, പണയ വായ്പകൾ എന്നിവയ്ക്ക് പുറമേ ക്രെഡിറ്റ് കാർഡ് കുടിശികയും വ്യക്തിഗത വായ്പകളും മൂന്ന് മാസത്തെ ഇഎംഐ ആനുകൂല്യത്തിന് വിധേയമാക്കിയിട്ടുമുണ്ട്.

എന്നാൽ ക്രെഡിറ്റ് കാർഡിന് ഈ ആനുകൂല്യം വാങ്ങാതിരിക്കലാണ് ബുദ്ധി. എല്ലാ ബാങ്കുകളുടെയും ക്രെഡിറ്റ് കാർഡ് വാർഷിക വായ്പ നിരക്ക് 37 ശതമാനം മുതൽ മുകളിലേക്കാണ്. ശരാശരി 40 ശതമാനം വരും. തിരിച്ചടവ് ഒഴിവായ മാർച്ച്, ഏപ്രിൽ, മെയ് എന്നീ മാസങ്ങളിലും വായ്പ എടുത്ത ബാക്കി തുകയുടെ പലിശ കയറികൊണ്ടിരിക്കും. അല്ലാതെ പലിശ ഒഴിവുണ്ടാകില്ല എന്നതാണ് പ്രധാന കാര്യം. അതുകൊണ്ട് ഗുണമുണ്ടാവില്ല എന്ന് സാരം. പലിശ നിരക്ക് ഏറ്റവും കുറഞ്ഞ വായ്പകളുടെ കാര്യത്തിൽ തിരിച്ചടവ് ആനുകൂല്യം സ്വീകരിക്കുന്നതാണ് ബുദ്ധി. ഭവന, വാഹന, പണയ, വിദ്യാഭ്യാസ വായ്പകൾ ഇതിലുൾപ്പെടും. ക്രെഡിറ്റ് കാർഡ് വായ്പ നിവൃത്തിയുണ്ടെങ്കിൽ അടയ്ക്കാതിരിക്കരുത്. നിലവിലുള്ള കാർഡ് കുടിശികയ്ക്ക് മൊത്തമായിട്ടാണ് മൊറോട്ടോറിയം ബാധകമാവുക. ഇനി ഇത് അടയ്ക്കാതിരുന്നാൽ ഔട്ട്സ്റ്റാൻഡിങ് പലിശ കൂടി ഉൾപ്പെടുത്തിയാകും മൂന്ന് മാസത്തിന് ശേഷം പുതിയ തുക വരിക. ഇത് വലിയ ബാധ്യതയാകും പിന്നീട് ഇടപാടുകാർക്കുണ്ടാക്കുക.

മൊറട്ടോറിയം

അത്ര സുഖമുള്ള കാര്യമല്ല, കീശകാലിയാവും

കൊച്ചി: കേന്ദ്രസർക്കാരും റിസർവ് ബാങ്കും ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന വായ്പാ മൊറട്ടോറിയം അത്ര സുഖകരമുള്ള കാര്യമല്ല എന്നാണ് ഒടുവിൽ സാമ്പത്തിക വിദഗ്ധർ നൽകുന്ന സൂചന. ഏതെങ്കിലും രീതിയിൽ നിവൃത്തി ഉണ്ടെങ്കിൽ അതിന് ശ്രമിക്കാതെ വായ്പ അടയ്ക്കണം എന്നാണ് ഇവർ പറയുന്നത്. അതിന് കാരണവും ഉണ്ട്.

മാർച്ച് മുതലുള്ള മൂന്നു ഗഡുക്കളാണ് മൂന്നുമാസത്തേക്ക് നീട്ടിവെയ്ക്കാൻ റിസർവ് ബാങ്ക് അനുമതി നൽകിയിരിക്കുന്നത്. പക്ഷേ പകരം അഞ്ചോ എട്ടോ അതിലിരട്ടിയോ തവണകളാണ് അധികമായി നൽകേണ്ടി വരുന്നതെങ്കിലോ? വൻ തുക വായ്പയെടുത്തവർക്കും 25 മുതൽ 30 വർഷത്തേക്ക് വായ്പ എടുത്തവർക്കും വലിയ തുക ഇങ്ങനെ അധികമായി നൽകേണ്ടി വരാം.

രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ എസ്ബിഐ തന്നെ വ്യക്തമാക്കുന്നതാണ് ഇക്കാര്യം. ഇഎംഐ നീട്ടാനുള്ള അപേക്ഷ സ്വീകരിക്കാനുള്ള നടപടികൾ ബാങ്ക് ആരംഭിച്ചു കഴിഞ്ഞു. അതോടൊപ്പമുള്ള ബാങ്ക് സർക്കുലറിലാണ് എസ്ബിഐ മൊറട്ടോറിയം എടുക്കുന്നവർക്ക് അധികമായി നൽകേണ്ടി വരുന്ന തുകയെ കുറിച്ച് വ്യക്തമാക്കുന്നത്. അതനുസരിച്ച് 30 ലക്ഷത്തിന്റെ വായ്പ എടുത്തയാൾക്ക് ഇനി15വർഷ കാലാവധി കൂടിയുണ്ടെന്നിരിക്കട്ടെ. അയാൾ മൂന്നു മാസത്തേക്ക് മാസഗഡു അടയ്ക്കേണ്ട എന്നു തീരുമാനിച്ചാൽ പിന്നീട് അധികമായി അടയക്കേണ്ടി വരുന്നത് 2.34 ലക്ഷം രൂപയാണ്. അതായത് ഏതാണ്ട് എട്ടു ഇഎംഐ. മാത്രമല്ല ഇപ്പോഴത്തെ കുറഞ്ഞ പലിശ നിരക്ക് അനുസരിച്ചാണിത്. അടുത്ത 15 വർഷത്തിനിടയിൽ പലിശ കൂടാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. പലിശ നിരക്ക് കൂടിയാൽ ഈ പറയുന്ന തുക ഇനിയും കൂടും. വായ്പാ തുകയും കാലാവധിയും കൂടുന്നതനുസരിച്ച് ഈ അധിക തുകയും അധിക തവണകളും വർധിക്കും. എന്തുകൊണ്ടാണ് ഇതു സംഭവിക്കുന്നതെന്നു കൂടി നോക്കാം. മൂന്നു മാസത്തെ തിരിച്ചടവ് എഴുതി തള്ളുക എന്നല്ല മൊറട്ടോറിയത്തിന്റെ അർത്ഥം. മറിച്ച് ഗഡു അടയ്ക്കുന്നതിനു മൂന്നു മാസത്തേക്ക് താത്കാലിക ഇളവ് നൽകുക മാത്രമാണ്. പക്ഷേ ഇത്തരത്തിൽ മുടങ്ങുന്ന ഇഎംഐ ബാങ്ക് അതാത് മാസം വായ്പയുടെ മുതലിലേക്ക് കൂട്ടി ചേർക്കും. അടുത്ത മാസം മുതൽ അതടക്കമുള്ള തുകയ്ക്കാണ് പലിശ ഈടാക്കുക. ഇത്തരത്തിൽ മൂന്നുമാസം ഗഡു അടയ്ക്കാതിരിക്കുന്നതോടെ പലിശയിനത്തിൽ അധിക ഭാരം തലയിൽ വരും. ഇനി എത്ര മാസം വായ്പാ കാലയളവ് ഉണ്ടെന്നതിനെ ആശ്രയിച്ചാണ് മൊറട്ടോറിയം മൂലമുള്ള അധിക തുക. ഒന്നോ രണ്ട് വർഷം മാത്രമേ വായ്പ അവശേഷിക്കുന്നുള്ളൂവെങ്കിൽ കാര്യമായ അധിക തുക വരില്ല. എന്നാൽ പത്തോ പതിനഞ്ചോ വർഷം ബാക്കിയുള്ളവർക്ക് അഞ്ചോ പത്തോ ഇഎംഐ അധികമായി അടയ്ക്കേണ്ടി വരും. 20 മുതൽ കൂടുതൽ വർഷത്തേയ്ക്ക് വായ്പാ കാലാവധിയുണ്ടെങ്കിൽ തുക കനത്തതാകും.

പ്രതിദിനം 60 ലക്ഷം സിലിണ്ടറുകൾ വിതരണം ചെയ്യും: ധർമേന്ദ്ര പ്രധാൻ

മെഗാ വിഡിയോ കോൺഫറൻസിൽ 700 ജില്ലാ നോഡൽ ഓഫീസർമാർ പങ്കെടുത്തു.

പി എം യു വൈ ഗുണഫലം 8 കോടി ഉപയോക്താക്കൾക്ക്; ഇതിനായി 4500 കോടി രൂപ ഈ മാസം കൈമാറും.

ന്യൂഡൽഹി: ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും പ്രതിദിനം രാജ്യത്തു 60 ലക്ഷം പാചകവാതക സിലിണ്ടറുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് കേന്ദ്ര പെട്രോളിയം പ്രകൃതിവാതക സ്റ്റീൽ മന്ത്രി ധർമേന്ദ്ര പ്രധാൻ. എണ്ണവിതരണ കമ്പനികളുടെ 700ഓളം വരുന്ന ജില്ലാ നോഡൽ ഓഫീസർമാരെ വിഡിയൗ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പാചകവാതക ലഭ്യത, സിലിണ്ടറുകളുടെ വിതരണം, പ്രധാനമന്ത്രി ഉജ്വല യോജനയുടെ നടത്തിപ്പ് എന്നിവ അവലോകനം ചെയ്യാനാണ് മെഗാ വിഡിയൊയോ കോൺഫറൻസ് നടത്തിയത്.

കൊറോണ വൈറസിനെതിരെയുള്ള യുദ്ധത്തിൽ പെട്രോളിയം മേഖലയ്ക്ക് നിർണായക പങ്കാണ് വഹിക്കാനുള്ളതെന്നു അദ്ദേഹം ഓർമിപ്പിച്ചു. 60 ലക്ഷം പാചകവാതക സിലിണ്ടറുകൾ പ്രതിദിനം ഓരോ വീട്ടിലും എത്തിക്കുന്ന ഡെലിവറി ബോയ്സ് മുതൽ വ്യവസായത്തിലെ ഓരോ ആളുകളുടെയും പ്രവർത്തനം മാതൃകാപരമാണ്. അർപ്പണബോധത്തോടെയുള്ള പ്രവർത്തനമാണ് ഇവരുടേത്. പ്രധാൻമന്ത്രി ഉജ്വല യോജന സാമൂഹ്യ പരിവർത്തനത്തിന്റെ നാന്ദിയാണ്. 14.2 കിലോഗ്രാമിന്റെ 3 സിലിണ്ടറുകളാണ് സൗജന്യമായി നൽകുക. ഇതിന്റെ വില എണ്ണക്കമ്പനികൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കും. ഇതിൽ നിന്നാണ് റീഫിൽ സിലിണ്ടറിന്റെ വില നൽകേണ്ടത്.

മൂന്നു മാസത്തെ സൗജന്യ പാചകവാതക സിലിണ്ടറുകളുടെ ഗുണഫലം രാജ്യത്തെ എട്ടു കോടി ജനങ്ങൾക്കാണ് ലഭിക്കുക എന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. ഇതിനായി എണ്ണകമ്പനികൾ 4500 കോടി രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഈ മാസം കൈമാറും. രാജ്യത്തെ 15 പോർട്ട് ടെർമിനലുകളും 195 പാചകവാതക ബോട്ടിലിങ് പ്ലാന്റുകളും സുസജ്ജമാണ്. ട്രാൻസ്പോർട്ടേഷൻ ശൃംഖല ഇടതടവില്ലാതെയാണ് പ്രവർത്തിക്കുന്നത്. വിതരണക്കാരുടെയും ഡെലിവറി ബോയ്സിന്റെയും അർപ്പണബോധം അദ്ദേഹം എടുത്തു പറഞ്ഞു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി യോജിച്ചു പ്രവർത്തിക്കണമെന്നു ജില്ലാ നോഡൽ ഓഫീസർമാരോട് അദ്ദേഹം ആവശ്യപ്പെട്ടു. ജീവനക്കാർക്ക് അഞ്ചു ലക്ഷം രൂപയുടെ എക്സ് ഗ്രേഷ്യ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ അദ്ദേഹം വിശദീകരിച്ചു. ഏപ്രിൽ അഞ്ചിന് രാത്രി ഒമ്പത് മണിക്ക് ഒമ്പത് മിനിട്ടു നേരം വെളിച്ചം തെളിച്ചു കൊണ്ട് രാഷ്ട്രത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കണമെന്ന് അദ്ദേഹം എണ്ണകമ്പനികളിലെ മുഴുവൻ ജീവനക്കാരോടും ആഹ്വാനം ചെയ്തു. എൽപിജി, പെട്രോൾ, ഡീസൽ എന്നിവയുടെ വിതരണം ഒരു കാരണവശാലും തടസപ്പെടാതിരിക്കാൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം നോഡൽ ഓഫിസർമാർക്ക് നിർദേശം നൽകി.

ടിക്-ടോക് സഹായം

മുംബൈ: സോഷ്യൽമീഡിയ പ്ലാറ്റ്ഫോമായ ടിക്-ടോക് ഇന്ത്യയിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലേക്ക് 100 കോടി വിലമതിക്കുന്ന സഹായങ്ങൾ നൽകി. കൊവിഡ് ചികിത്സാ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഉപയോഗപ്പെടുന്ന നാല് ലക്ഷം മെഡിക്കൽ പ്രൊട്ടക്റ്റീവുകൾ രണ്ട് ലക്ഷം മാസ്കുകൾ എന്നിവ ഉൾപ്പെടുന്ന സംരക്ഷണ വസ്തുക്കളാണ് നൽകിയത്.

രാജ്യത്തിന്റെ സുരക്ഷയ്ക്കായി സ്വന്തം ജീവൻ വെടിഞ്ഞ് അഹോരാത്രം പരിശ്രമിക്കുന്ന മെഡിക്കൽ രംഗത്തെ ഡോക്റ്റർമാർക്കും നഴ്സുമാർക്കും സഹായികളുൾപ്പെടെയുള്ളവരുടെ സുരക്ഷാർത്ഥമാണ് ഇപ്പോൾ തങ്ങളുടെ സഹായമെന്നും ടിക് ടോക് വക്താവ് അറിയിച്ചു. വരും ദിവസങ്ങളിൽ കൂടുതൽ സഹായങ്ങളെത്തിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

തിളക്കമില്ലാതെ കുരുമുളക്

കൊച്ചി: വ്യാപാരം നിലച്ചതോടെ ഈ സീസണിലും കുരുമുളക് വിലയിൽ തിളക്കമില്ല. സീസൺ സമയത്ത് വിലയിടിയുന്ന രീതിക്ക് ഇത്തവണയും മാറ്റമില്ല. 310 രൂപ വരെയായിരുന്ന കുരുമുളക് വില 280 ആയി കുറഞ്ഞു. കാര്യമായ വേനൽ മഴ ലഭിക്കാത്തതിനാൽ കുരുമുളകിന്റെ ലിറ്റർ വെയ്റ്റിലും കുറവുണ്ടായി. പലയിടത്തും കുരുമുളക് ചെടികൾ വാടാനും തുടങ്ങി. ലിറ്റർ വെയ്റ്റ് അനുസരിച്ച് 280 മുതൽ 295 രൂപയ്ക്ക് വരെയാണ് കുരുമുളകിന്റെ വിൽപന നടന്നിരുന്നത്.

വിയറ്റ്നാം ഉൾപ്പെടെയുള്ള രാജ്യങ്ങളിൽ നിന്ന് കുരുമുളക് ഇറക്കുമതിയും കള്ളക്കടത്തുമാമ് തദ്ദേശീയ കുരുമുളകിന്റെ വില ഇടിവിനു കാരണം. ഇറക്കുമതി ചെയ്യുന്ന കുരുമുളകിന് 500 രൂപ തറവില നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആഭ്യന്തര കുരുമുളകിന് വില ഉയരുന്നില്ല. കള്ളക്കടത്ത് അടക്കമുള്ളവയാണ് ഇതിനു കാരണമെന്നാണ് ആരോപണം.

മുംബൈ, കൊൽക്കത്ത, ഡൽഹി തുടങ്ങിയ നഗരങ്ങളാണ് കുരുമുളകിന്റെ പ്രധാന ആഭ്യന്തര വിപണികൾ. കർണാടകയിൽ നിന്നുള്ള വലുപ്പം കൂടിയ കുരുമുളകിന് വിപണികളിൽ പ്രിയമേറിയതും കേരളത്തിനു തിരിച്ചടിയായി. 2015ൽ കിലോയ്ക്ക് 740 രൂപ വിലയുണ്ടായിരുന്ന കുരുമുളകിന്റെ വില ഓരോവർഷവും ഇടിയുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. 2018 മാർച്ചിൽ 385 രൂപ ലഭിച്ചു. 500 രൂപയ്ക്കു മുകളിലെങ്കിലും വില ലഭിച്ചെങ്കിൽ മാത്രമേ കുരുമുളക് കൃഷി ലാഭകരമാവുയെന്നാണ് കർഷകർ പറയുന്നത്.

ഇൻഡസ്ഇൻഡ് ബാങ്കിനും പ്രതിസന്ധി

ന്യൂഡൽഹി: യെസ് ബാങ്കിന്റെ പ്രതിസന്ധിക്ക് പരിഹാരം കണ്ട് ബാങ്കിങ് മേഖല മുന്നോട്ട് പോകുമ്പോൾ മറ്റൊരു ബാങ്ക് കൂടി തളർച്ചയിലേക്ക് വഴുതി വീണതായി റിപ്പോർട്ട്. രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കുകളിലൊന്നായ ഇൻഡസ്ഇൻഡ് ബാങ്കിലാണ് പുതിയ പ്രശ്നങ്ങൾ രൂപംകൊണ്ടിട്ടുള്ളത്.

പ്രതിസന്ധി ശക്തമായതോടെ ഇൻഡസ്ഇൻഡ് ബാങ്ക് കഴിഞ്ഞ ദിവസങ്ങളിൽ വൻ ഇടിവ് രേഖപ്പെടുത്തി. ഓഹരിവിലയിൽ 10 ശതമാനമാണ് ഇടിവ് രേഖപ്പെടുത്തിയിട്ടുള്ളത്. കൊവിഡ്-19 ഭീതി മൂലം വിവിധ സംസ്ഥാന സർക്കാരുകൾ തങ്ങളുടെ നിക്ഷേപങ്ങൾ പിൻവലിച്ചത് ബാങ്കിന് ഇരുട്ടടി നൽകി. കൊവിഡ്-19 ബാധ നിയന്ത്രണ വിധേയമാക്കുന്നതിന് പ്രഖ്യാപിച്ചിരിക്കുന്ന അടച്ചുപൂട്ടൽ മൂലം പ്രതിസന്ധിയിലേക്ക് വീഴാൻ സാധ്യതയുള്ള നിരവധി മേഖലകളുമായി ബാങ്കിന് വലിയ ഇടപാടുകളുണ്ട്. ഇതാണ് പ്രശ്നത്തിന്റെ ഗൗരവം വർധിപ്പിച്ചിരിക്കുന്നത്.

യെസ്ബാങ്കിലെ ഉണ്ടായ പ്രതിസന്ധിയാണ് ഇൻഡസ്ഇൻഡ് ബാങ്കിനും നിക്ഷേപങ്ങളിൽ കുറവ് വരാൻ കാരണമാകുന്നതെന്നാണ് വിലയിരുത്തൽ. എന്നാൽ സംസ്ഥാന സർക്കാരുകൾ സ്വകാര്യ ബാങ്കുകളിലെ നിക്ഷേപങ്ങളിൽ നിന്ന് പിന്മാറരുതെന്നും ആർബിഐ വ്യക്തമാക്കിയതാണ്. നിലവിൽ രാജ്യത്തെ വിവിധ സ്വകാര്യ ബാങ്കുകൾ കൊവിഡ്-19 ഭീതിമൂലം വലിയ പ്രതിസന്ധിയാണ് അഭിമുഖീകരിക്കുന്നത്. എച്ച്ഡിഎഫ്സി, ഐസിഐസിഐ ബാങ്ക്, തുടങ്ങിയ ബാങ്കുകളുടെ ഓഹരികളിൽ വൻ ഇടിവാണ് ഉണ്ടായിരിക്കുന്നത്.

സ്വർണം 31,800

വെളിച്ചെണ്ണ : മില്ലിങ്	16,900	മുതിര	4000
വെളിച്ചെണ്ണ	15,500	എള്ള്	14,000- 15,000
കൊപ്ര	10,390-11,200	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	29,800		
പുതിയ കുരുമുളക്	28,800	ജാതിക്ക തൊണ്ടൻ (കിലോ)	200-240
കുരുമുളക് ഗാർബിൾഡ്	31,800	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	400-450
ചുക്ക് മീഡിയം	26,500		
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000- 1300
മഞ്ഞൾ നാടൻ	ഇല്ല		
സേലം - ഈറോഡ്	7200-7600	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	11,200-11,700
അടയ്ക്ക ഓൾഡ്	25,000- 26,000		
പഞ്ചസാര	3620	റബർആർ എസ് എസ് 4 ഗ്രേഡ്	12,000
മുളക്	15,000-27,000	ഒട്ടുപാൽ	7500
ഉഴുന്ന്	9,000-10,000	ലാറ്റക്സ്	7,500
ചെറുപയർ	9500-10,500	സ്വർണം	31,800
കടല	5100-6300	പാം ഓയിൽ	7450

പൊതുമേഖല എണ്ണക്കമ്പനി ജീവനക്കാർ 60 കോടി രൂപ പി എം കെയറിനു നൽകി

കൊച്ചി: പൊതുമേഖലാ എണ്ണക്കമ്പനികളിലെ ജീവനക്കാർ പ്രധാനമന്ത്രിയുടെ കൊവിഡ് ദുരിതാശ്വാസ നിധിയിലേക്ക് രണ്ടു ദിവസത്തെ ശമ്പളം സംഭാവന ചെയ്തു. ഏതാണ്ട് 60 കോടി രൂപയോളം വരുമിത്.

സ്റ്റോറേജ് ടെർമിനലുകൾ, എൽപിജി ബോട്ടിലിങ് പ്ലാന്റുകൾ, വിപണന പങ്കാളികൾ എന്നിവർ ഭക്ഷണവും വെള്ളവും ഉൾപ്പടെയുള്ള സാധനങ്ങൾ എത്തിക്കാൻ രംഗത്തുണ്ട്. ദേശീയപാതകളിൽ ഒറ്റപ്പെട്ടു പോയ ജനങ്ങൾക്കാണ് ഇതിന്റെ പ്രയോജനം കൂടുതൽ ലഭിക്കുക. പ്രധാനമന്ത്രി ഉജ്വല യോജന ഗുണഭോക്താക്കൾക്ക് മൂന്നു മാസം സൗജന്യ റീഫിൽ സിലിണ്ടറുകൾ നൽകുമെന്ന് കേരള ലക്ഷദ്വീപ് എണ്ണ വ്യവസായത്തിന്റെ സംസ്ഥാനതല കോർഡിനേറ്ററും ഇന്ത്യൻ ഓയിൽ സംസ്ഥാന തലവനും ചീഫ് ജനറൽ മാനെജരുമായ വി.സി. അശോകൻ അറിയിച്ചു. ഇന്ത്യൻ ഓയിൽ, ബിപിസിഎൽ, എച്ച്പിസിഎൽ എന്നീ കമ്പനികളുടെ പി എം യു ഐ ഗുണഭോക്താക്കൾക്ക് ആണ് ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ സൗജന്യ പാചകവാതക സിലിണ്ടറുകൾ ലഭിക്കുക.

ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്ന് തന്നെ എസ്എംഎസ് / ഐവിആർഎസ്, വാട്സ്ആപ്പ് @ 7588888822 അല്ലെങ്കിൽ ഓൺലൈനായി ഇന്ത്യൻ ഓയിൽ വൺ ആപ്പ്, https://cx.indianoil.in എന്നിവ വഴി ബുക്ക് ചെയ്യാവുന്നതാണ്. കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ നേതൃത്വത്തിലുള്ള പൊതുമേഖലാ എണ്ണക്കമ്പനികൾ പാചകവാതകം കാലതാമസമില്ലാതെ ലഭ്യമാക്കാൻ 24 മണിക്കൂറും പ്രവർത്തനനിരതമാണ്. ആംബുലൻസുകൾക്കും സർക്കാർ വാഹനങ്ങൾക്കും അടിയന്തര സേവനം ലഭ്യമാക്കാനും പെട്രോൾ പമ്പുകൾ സുസജ്ജമാണ്.

കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ എൽപിജി വിതരണ രംഗത്തുള്ളവർക്കായി എണ്ണ കമ്പനികൾ എക്സ്ഗ്രേഷ്യ പ്രഖ്യാപിച്ചിട്ടുണ്ടെന്നു വി.സി. അശോകൻ അറിയിച്ചു. എൽപിജി ഷോറൂം സ്റ്റാഫ്, ഗോഡൗൺ കീപ്പർമാർ, എൽപിജി മെക്കാനിക്കുകൾ, ഡെലിവറി ബോയ്സ്, കസ്റ്റമർ അറ്റൻഡൻസ്, ബൾക്ക് ട്രക്ക് ഡ്രൈവർമാർ എന്നിവർക്കാണ് എക്സ് ഗ്രേഷ്യ ലഭിക്കുക. ഈ ജീവനക്കാർ കൊവിഡ്-19 മൂലം മരിച്ചാൽ 5,00,000 രൂപ ജീവിത പങ്കാളിക്കോ അല്ലെങ്കിൽ അടുത്ത ബന്ധുക്കൾക്കോ നൽകും.

ലോക്ക്ഡൗൺ സാഹചര്യത്തിൽ ഉപഭോക്താക്കൾ പരിഭ്രാന്തരായി പാചകവാതകം ബുക്ക് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു അദ്ദേഹം പറഞ്ഞു. പാചകവാതകത്തിന്റെ കാര്യത്തിൽ പരിഭ്രാന്തിയോടെ ആവശ്യമില്ല. എൽപിജി ബോട്ടിലിങ് പ്ലാന്റുകളിൽ പാചകവാതകം മതിയാവോളം സ്റ്റോക്ക് ചെയ്തിട്ടുണ്ട്. വിതരണക്കാരുടെ പക്കലും പാചകവാതക സ്റ്റോക്ക് യഥേഷ്ടം ഉണ്ട്. ഇന്ത്യൻ ഓയിലിന്റെ 339 വിതരണക്കാർ കേരളത്തിലെ 87.76 ലക്ഷം ഇടപാടുകാർക്കാണ് പാചകവാതകം വിതരണം ചെയ്യുന്നത്.

ഇത് ഒരു ദിവസം 1.1 ലക്ഷം സിലിണ്ടർ വരും. ബിപിസിഎലും എച്ച്പിസിഎല്ലും ഇത് പോലെ വിതരണശൃംഖല ശക്തിപ്പെടുത്തിയിട്ടുണ്ട്. പാനിക് ബുക്കിങ് ഒഴിവാക്കാൻ ഒരു സിലിണ്ടർ ബുക്ക് ചെയ്തു 15 ദിവസത്തിനു ശേഷം മാത്രമേ അടുത്ത റീഫിൽ ബുക്ക് ചെയ്യാവൂ എന്ന് അദ്ദേഹം അഭ്യർത്ഥിച്ചു. പി എം യു ഐ ഗുണഭോക്താക്കൾക്കും ഇത് ബാധകമാണ്.

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ആരും ചെല്ലാത്ത റബർ തോട്ടത്തിലെ ബംഗ്ലാവ്

'ഉച്ചയ്ക്ക് വല്യമ്മാമ്മച്ചി ചോറിന്റെ വറ്റ് വിതറുന്ന സമയമായപ്പോഴാണ് പല്ലി സംഘം എത്തിയത്. ഞാനാണെങ്കിൽ ഒഴിഞ്ഞ ഒരു മുറിയിലായിരുന്നു.'

ടോമയ്യ തോപ്രാംകുടി കഥയുടെ ഏറ്റവും നിർണായകമായ ഭാഗം വിവരിക്കുകയായിരുന്നു.

ഏഴു മക്കൾക്കും, വല്യമ്മച്ചിക്കും വല്യപ്പാപ്പനും വേണ്ടി എട്ടു മുറികൾ, അതിഥി മുറികൾ രണ്ട്, അങ്ങനെ കൊട്ടാരം പോലെ വലിയ റബർ തോട്ടത്തിനു നടുവിൽ. വീട്ടിലേക്കു മാത്രമുള്ള വഴിയങ്ങനെ നീണ്ടു നിവർന്നു കിടക്കുകയാണ്. അതു കൊണ്ട് മനുഷ്യരാരും അതുവഴി വരില്ല. വല്യമ്മച്ചിക്കു വേണ്ടതെല്ലാം മക്കൾ വിദേശത്തിരുന്ന് ഓൺലൈനിലാണ് ഇടപാട്'

ടോമയ്യയുടെ കണ്ണുകളിൽ തോപ്രാംകുടി നിറഞ്ഞുനിന്നു.

'അങ്ങനെ ഒരു ദിവസം, ഉച്ചയ്ക്കുള്ള ചോറിനു വേണ്ടി പല്ലികൾ കൂട്ടമായെത്തി. എനിക്ക് പറമ്പിൽ നിന്ന് ആവശ്യം പോലെ ചക്കയും മാങ്ങയും കപ്പങ്ങയുമൊക്കെ തരാതരം പോലെ കിട്ടും. വളർച്ച എത്തിയതോടെ എനിക്കു ചോറിന്റെ വറ്റ് പോരല്ലോ'

കുഞ്ഞാപ്പുവിന് ആശ്വാസം കിട്ടിയ കാര്യമായിരുന്നു അത്. ടോമയ്യയ്ക്ക് എന്തു തിന്നാൻ കൊടുക്കും എന്നത് ഒരു വേവലാതിയായിരുന്നു.

ടോമയ്യ ഒരു നിമിഷം ചാഞ്ഞ് മുകളിലേക്ക് നോക്കി കിടന്നു.

പിന്നെ തുടർന്നു -

'ഉച്ചയ്ക്കുള്ള ചോറുപൊതി ജനലിൽ തന്നെ ഇരിക്കുന്നു. വല്യമ്മച്ചി എവിടെപ്പോയി? ഞാൻ എന്റെ മുറിയിൽ നിന്ന് പുറത്തിറങ്ങി നോക്കി. വല്യമ്മച്ചിയുടെ മുറി തുറന്നു കിടക്കുന്നുണ്ട്. കട്ടിലിൽ മലർന്നു കിടക്കുന്നു. വേദപുസ്തകം കൈയിൽ നിന്ന് ഊർന്നു വീണ പോലെ കട്ടിലിനു ചോട്ടിൽ കിടക്കുന്നു. ഈ വല്യമ്മച്ചി ഉണർന്നില്ലേ ഇതുവരെ? ഞാൻ അടുത്തേക്ക് ചെന്നു. വായും തുറന്ന് കണ്ണും തുറിച്ച് അങ്ങനെ കിടക്കുവാ '

ടോമയ്യ ഒരു ദീർഘശ്വാസം വിട്ടു.

(ബാക്കി ഭാഗം നാളെ)

ഇന്നലെത്തെ ചോദ്യത്തിന് ശരിയായ ഉത്തരം അയച്ചവരിൽ തെരെഞ്ഞെടുത്തത്:

NIHARIKA ANIL,
3rd std,
Bhavans vidya mandir,
elamakkara

ചോദ്യം ഇതായിരുന്നു - ദിനോസറുകൾ എത്ര കൊല്ലം മുമ്പാണ് ജീവിച്ചിരുന്നത്?

ഉത്തരം: ദിനോസറുകൾ 66 ദശലക്ഷം വർഷങ്ങൾക്കു മുൻപ് ജീവിച്ചിരുന്നു എന്ന് കരുതപ്പെടുന്നു.

ഇന്നത്തെ ചോദ്യം:

ദിനോസറുകൾ മാംസഭോജികളാണോ?

ഉത്തരം അയക്കേണ്ട വാട്ട്സ്ആപ് നമ്പർ: 73040 41234

ക്വാറന്റൈനിൽ ഓൺ ഡ്യൂട്ടിയിൽ ആരിഫ്

പി.ബി.ബിച്ചു



ആലപ്പുഴ: കേരളത്തിൽ കോവിഡ് 19 റിപ്പോർട്ട് ചെയ്തതിനുശേഷം സഹായത്തിനായി വിളിക്കുന്നത് ഇതര സംസ്ഥാനങ്ങളിൽ നിന്നായിരുന്നുവെങ്കിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതിനുശേഷം ലോകമെമ്പാടുമുള്ള മലയാളി സഹോദരങ്ങളുടെ വിളിയാണ് ദിവസവും. മൊബൈൽ ഫോണിൽ കിട്ടാത്തവർ ഇമെയിൽ വഴിയും മെസേജുകൾ ആയുമെല്ലാം തങ്ങളുടെ പ്രശ്നങ്ങൾ അറിയിക്കുന്നുണ്ട്. ഒ

ാരോന്നും വായിച്ചു വേണ്ട, ഇടപെടൽ നടത്തി ഉദ്യോഗസ്ഥരെ വിളിച്ച് ഉറപ്പുവരുത്തിയതിന് ശേഷമാണ് ഓരോ ദിവസവും ഉറങ്ങാൻ പോകുന്നത് ആലപ്പുഴ എംപി എ.എം ആരിഫിന്റെ തന്റെ ക്വാറന്റൈൻ ലൈഫ് വിരവിക്കുകയാണ്.

പാർലമെന്റ് സമ്മേളനത്തിനു ശേഷം ഡൽഹിയിൽ നിന്നും തിരിച്ചെത്തിയത് മുതൽ ഹോം ക്വാറന്റൈനിലാണ്. പൊതുപ്രവർത്തനം ആരംഭിച്ചിട്ടിന്നേവരെ ഇത്രയും സമയം ഒരേ സ്ഥലത്തിരിക്കേണ്ട അവസ്ഥയുണ്ടായിട്ടില്ല. പക്ഷേ വീട്ടിലാണെങ്കിലും സഹായം അഭ്യർഥിച്ച് സമീപിക്കുവന്നവരുടെതിരക്കാണ്.

ആരോഗ്യപ്രവർത്തകർ, സന്നദ്ധ സേനാഗംങ്ങൾ, പഞ്ചായത്ത് അധികാരികൾ തുടങ്ങി നിരവധി കോളുകളാണ് ഓരോദിവസവും വന്നുകൊണ്ടിരിക്കുന്നത്. ഇത് അറ്റൻഡ് ചെയ്യൽ മാത്രമല്ല. ഓരോരോ പ്രശ്നങ്ങളും അതത് ചുമതലയുള്ള ഉദ്യോഗസ്ഥനെ നേരിട്ടും കലക്റ്റർ മുഖേനയും അറിയിക്കുകയും അതിന്റെ ഫോളോ അപ്പ് നടത്തുകയുമൊക്കെ ചെയ്യുന്നത് കൊണ്ട് ബോറടിയൊന്നും തോന്നാറേയില്ല.പിന്നെ അത്യാവശ്യംഎഴുത്തും കൂടിയുള്ളത് കൊണ്ട് ഓരോദിവസവും ഓരോ ചിന്തകളും ഉണ്ട്. പാർലമെന്റ് അംഗമായതിന് ശേഷം വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ സമാഹരിച്ച് പുസ്കതകം പുറത്തിറക്കാനുള്ള പരിപാടികളും അണിയറയിൽ നടക്കുന്നുണ്ട്.

പൂർണസമയവും വീട്ടിലുള്ളതു കൊണ്ട് കുട്ടികളുടെ കാര്യങ്ങളും നന്നായി ശ്രദ്ധിക്കാൻ കഴിയുന്നുണ്ട്. താൻ ഒരു മുറിയിലാണെങ്കിലും രണ്ടാളും വിളിച്ചാൽ വിളിപ്പുറത്ത് തന്നെയുണ്ട്. അവരെ പകൽ സമയത്ത് ഉറങ്ങാൻ സമ്മതിക്കുന്നില്ലെന്നതടക്കമുള്ള പരാതിയാണിപ്പോൾ. പട്ടാള ചിട്ടകൂടിയപ്പോൾ രഹസ്യമായി 'ചാക്കോമാഷ്' എന്ന പേരുവരെ വിളിച്ചുതുടങ്ങിയെന്നാണ് കേട്ടത്.

എന്നാലും തൊട്ടടുത്തു എല്ലാവരും ഉള്ളതിന്റെ ഒരു സന്തോഷം വേറെയാണ്. വിദേശങ്ങളിൽ നിന്നും സഹായം അഭ്യർഥിച്ചെത്തുന്നവരെ പരമാവധി കാര്യങ്ങൾ പറഞ്ഞ് മനസിലാക്കി അവരുടെ രാജ്യത്ത് വേണ്ട സൗകര്യങ്ങൾ ഒരുക്കാനാണ് ശ്രമിക്കുന്നത്. ഇതിനായി ഓരോ വിഷയങ്ങളിലും അതത് രാജ്യത്തെ എംബസികളുടെയും ശ്രദ്ധകൊണ്ടുവരാനുള്ള നടപടികളെടുക്കുന്നുണ്ട്. നേരത്തെ എംഎൽഎയായിരുന്നപ്പോൾ ഒരു മണ്ഡലത്തിലെ അല്ലെങ്കിൽ കേരളത്തിനുള്ളിലെ കാര്യങ്ങളിൽ ഇടപെട്ടാൽ മതിയായിരുന്നുവെങ്കിൽ ഇപ്പോൾ ലോകമെമ്പാടുമുള്ള മലയാളികൾക്ക് വേണ്ടിയാണ് പ്രവർത്തനം. ഹെയ്തി എന്ന ദ്വീപിൽ കുടുങ്ങിയ ഒരാളുടെ മെയിൽ വന്നിരുന്നു. മുപ്പതോളം മലയാളികളുള്ള കൊച്ചുദ്വീപാണത്. കോറോണ ഭീഷണി നിലനിൽക്കുന്നതിനാൽ അവിടെ പെട്ടുകിടക്കുന്ന അയാളെ നാട്ടിലെത്തിക്കണമെന്നാണ് ആവശ്യം. തുടർന്ന് അദ്ദേഹവുമായി കോൺടാക്റ്റ് ചെയ്തു. പ്രശനങ്ങൾ മനസിലാക്കി. നമുക്ക് അവിടെ എംബസിയില്ലാത്തതിന്റെ ബുദ്ധിമുട്ടുണ്ട്. ക്യൂബ വഴിമാത്രമേ അയാൾക്ക് പുറത്തേക്ക് വരാർ കഴിയൂ.അതുകൊണ്ട് ഇവിടെ നിന്നും അടുത്ത രാജ്യമായ ക്യൂബൻ എംബസിയെ ബന്ധപ്പെടാനുള്ള നടപടികൾ ചെയ്ത് ഇയാളുടെ വിവരവും കൈമാറി.

ഇങ്ങനെ മെയിലുകളും ഫോൺകോളുകളുമൊക്കെയായി നീങ്ങുകയാണ് ക്വാറന്റൈൻ ഡെയ്സ്. ആവശ്യങ്ങൾക്ക് വിളിക്കാം, ഞാനും എന്റെ സ്റ്റാഫും സദാസമയവും ഡ്യൂട്ടിയിലുണ്ട്.

ലോക്ക്ഡൗണിൽ മണി പ്ളാന്റ് ഒരുകൗതുകം

എം.വി. ഗോവിന്ദൻകുട്ടി

വടക്കാഞ്ചേരി: പ്രകൃതി സൗഹാർദ സന്ദേശവുമായി ലോക്ഡൗൺ ദിനങ്ങളിലെ ബോട്ടിൽ മണിപ്ലാന്റ് സംരക്ഷണവുമായി യുവാക്കൾ. തീർത്തും സാമൂഹ്യ അകലം പാലിച്ചു കഴിയുന്ന കുമ്പളങ്ങാട് പടിഞ്ഞാറെക്കര ചാഴിക്കുളം സ്വദേശികളായ ഏതാനും യുവാക്കളാണ് തങ്ങളുടെ വീടിനടുത്തെ കനാലിനരികിലെ മതിലിൽ കുപ്പികളിൽ മനോഹരമായ രീതിയിൽ മണി പ്ലാന്റുകൾ സജ്ജീകരിച്ചിരിക്കുന്നത്. പ്രദേശത്ത് അലക്ഷ്യമായി വലിച്ചെറിഞ്ഞ മദ്യകുപ്പികളും മറ്റും അണുവിമുക്തമാക്കിയാണ് ചെടികൾ അവയിൽ ഇട്ടുവച്ചിരിക്കുന്നത്.

നിശ്ചിത അകലത്തിൽ ഭംഗിയുള്ള കയറുകളിൽ തീർത്ത മൂന്നും നാലും വരികളിലായി മതിലിൽ തൂക്കിയിട്ട മണി പ്ലാന്റുകൾ നിറഞ്ഞ കുപ്പികൾ വഴിയാത്രക്കാർക്കും സമ്മാനിക്കുന്നത് കൗതുകക്കാഴ്ച തന്നെ. ചാഴിക്കുളം പ്രദേശത്ത് 20 പേരടങ്ങുന്ന യുവ കൂട്ടായ്മയുണ്ടെങ്കിലും കൊവിഡ് -19 നിയന്ത്രണം നിലനിൽക്കുന്നതിനാൽ പരിസരവാസികളായ വിപിൻ, സന്ദീപ്, രഞ്ജു , രോഹിത്, സജീവ്, അരുൺ എന്നിവരാണ് ചെടികളുടെ പ്രധാന പരിപാലകർ. ഓരോരുത്തരും വ്യത്യസ്ത സമയങ്ങളിലാണ് ഈ നിയന്ത്രണ കാലയളവിൽ ചെടികളെ പരിപാലിക്കാനെത്തുന്നത്. കൊവിഡ് നിയന്ത്രണ കാലയളവിന് ശേഷം ഈ കൗതുക പദ്ധതി തങ്ങളുടെ വീടുകളിലും ഒരുക്കിയെടുക്കാനാണ് ഇവരുടെ തീരുമാനം.

സാധാരണക്കാരുൾപ്പടെ എല്ലാവർക്കും സ്വന്തം വീട്ടുമതിലിലും മറ്റും എളുപ്പത്തിൽ കുറഞ്ഞ ചെലവിൽ ഒരുക്കാവുന്ന സംവിധാനം കൂടിയാണിതെന്നും ഇവർ പറയുന്നു. ഒരു പൂന്തോട്ടത്തിനൊടു ചേർന്നാണെങ്കിൽ കാഴ്ച അതി ഗംഭീരമാവും കൂട്ടായ്മയിലെ അംഗവും ഇലക്ട്രീഷ്യൻ കൂടിയായ അരുൺ പറയുന്നു. ചന്തമുള്ള ഒരിടം സൃഷ്ടിക്കുന്നതോടൊപ്പം പ്രകൃതിയോടിണങ്ങിയ ഒരു അന്തരീക്ഷം കൂടി ഉണ്ടാക്കിയെടുക്കുക എന്ന ചിന്തയാണ് തങ്ങൾക്കുള്ളതെന്നാണ് യുവാക്കളുടെ ഭാഷ്യം. തൂങ്ങിയാടുന്ന പല നിറമുള്ള കുപ്പികളിൽ പച്ചപ്പു നിറഞ്ഞ മണി പ്ലാന്റുകൾ നിറയുമ്പോൾ പ്രദേശവാസികളും യുവാക്കൾക്കുള്ള പ്രോത്സാഹനം അറിയിക്കുകയാണ് .

ഹോം കുക്കിങ്

ബിനിത ദേവസീ

വേണ്ടത്
ഉരുളക്കിഴങ്ങ് - 3 എണ്ണം
(തൊലി കളഞ്ഞ് ചെറിയ കഷണങ്ങളാക്കിയത്)
കോഴിമുട്ട - 3 എണ്ണം (പുഴുങ്ങിയത്)
ബ്രെഡ് - 3 എണ്ണം
സവാള - 1 എണ്ണം (ചെറുതായി അരിഞ്ഞത്)
പച്ചമുളക് - 3 എണ്ണം (അരിഞ്ഞത്)
ഉപ്പ് - ആവശ്യത്തിന്
ഇഞ്ചി- വെളുത്തുള്ളി പേസ്റ്റ് - 1 1/2 ടീസ്പൂൺ
മഞ്ഞപ്പൊടി - 1/4 ടീസ്പൂൺ
കുരുമുളക് പൊടി - 1/4 ടീസ്പൂൺ
ഗരം മസാല - 1/4 ടീസ്പൂൺ
കറിവേപ്പില - 2 ഇതൾ
മല്ലിയില - 2 ഇതൾ
മുട്ട - 1 എണ്ണം (അടിച്ചെടുത്തത്)

തയാറാക്കേണ്ടത്

ഉരുളക്കിഴങ്ങ് കഷണങ്ങൾ കുക്കറിലിട്ട് ആവശ്യത്തിനു വെള്ളം ചേർത്ത് വേവിച്ചെടുക്കുക. ആവി പോയതിനു ശേഷം വെള്ളം കളഞ്ഞ് ഉരുളക്കിഴങ്ങ് മാറ്റിവയ്ക്കുക. പുഴുങ്ങിവച്ചിരിക്കുന്ന മുട്ട ചെറുതായി മുറിച്ചെടുക്കുക, ബ്രെഡ് മിക്സിയിൽ പൊടിച്ചെടുക്കുക. ശേഷം ചീനച്ചട്ടിയിൽ വെളിച്ചെണ്ണ എടുത്ത് ചൂടാക്കുക, അതിലേക്ക് സവാളയും ആവശ്യത്തിനു ഉപ്പും ചേർത്ത് വഴറ്റുക. അതിലേക്ക് പച്ചമുളക്, 1 1/2ടീസ്പൂൺ ഇഞ്ചി വെളുത്തുള്ളി പേസ്റ്റും ചേർത്ത് ഇളക്കുക. 1/4 ടീസ്പൂൺ മഞ്ഞപ്പൊടിയും കുരുമുളക്പൊടിയും ചേർത്ത് വീണ്ടും ഇളക്കുക, ശേഷം ചെറുതായി അരിഞ്ഞെടുത്ത കറിവേപ്പിലയും മല്ലിയിലയും ഇട്ട് നന്നായി ഇളക്കുക. അതിലേക്ക് വേവിച്ചു വച്ചിരിക്കുന്ന ഉരുളക്കിഴങ്ങ് ഇട്ട് ഇളക്കി ഉടച്ചെടുക്കുക, ചൂടാറിയതിനുശേഷം 1/4 ടീസ്പൂൺ ഗരം മസാല കൂടി നന്നായി കുഴച്ചെടുക്കുക. അതിലേക്ക് 4 ടീസ്പൂൺ ബ്രെഡ് പൊടി കൂടി ചേർത്ത് കുഴയ്ക്കുക.

ശേഷം അവ ഓരോരോ ഉരുളകളാക്കി അതിൽ മുട്ടയുടെ കഷണങ്ങൾ വച്ച് പൊതിഞ്ഞെടുക്കുക, ഓരോ ഉരുളകളും അടിച്ചുവച്ചിരിക്കുന്ന മുട്ടയിലും ബ്രെഡ് പൊടിയിലും മുക്കി വെളിച്ചെണ്ണയിൽ വറുത്തെടുക്കുക. അടിപൊളി നാല് മണി പലഹാരം റെഡി.

പഴയ രുചി ശീലങ്ങളിലേക്ക്

കോട്ടയം: ചക്ക, മാങ്ങ, കപ്പ തുടങ്ങി മാർച്ച്-ഏപ്രിൽ മാസങ്ങളിൽ നാട്ടിൽ സുലഭമായി ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ സംസ്കരിച്ചു സൂക്ഷിക്കുന്ന പഴയ ശീലത്തിലേക്കു നാട്ടിൻപുറങ്ങൾ മടങ്ങുന്നു. കപ്പയും ചക്കയും പുഴുങ്ങി ഉണക്കിയെടുത്താൽ ആറ് മാസം വരെ കേടുകൂടാതെ സൂക്ഷിക്കാമെന്നതാണു ക്ഷാമകാലത്തെ അനുഭവ പാഠം. വർഷ കാലത്ത് ഇതു പുഴുങ്ങിയും വറുത്തും കഴിക്കാം. കൂടാതെ പൊടിയാക്കി വിവിധ പലഹാരങ്ങൾ ഉണ്ടാക്കുകയുമാവാം.

ചക്കക്കുരുവും പാഴാക്കി കളയാതെ ദീർഘകാലം മണലിൽ സൂക്ഷിച്ചു വയ്ക്കാൻ കഴിയും. മാങ്ങ സംസ്കരിച്ചു സൂക്ഷിച്ചു വച്ചു മഴക്കാലത്തു ചക്കക്കുരുവിനൊപ്പം കറിയുണ്ടാക്കി കഴിക്കുന്നതു പഴമക്കാരുടെ പതിവു രീതിയായിരുന്നു. ചക്കപ്പഴവും മാമ്പഴവും ഫ്രിഡ്ജിൽ സൂക്ഷിച്ച് സ്വാദിഷ്ഠമായ ഭക്ഷ്യ വിഭവങ്ങളുണ്ടാക്കുന്നവരും കുറവല്ല.

ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന ഭക്ഷ്യ വിഭവങ്ങൾക്കായി കാത്തു നിൽക്കുന്ന ശീലത്തിൽ നിന്നു സ്വയംപര്യാപ്തതയിലേക്കു നടന്ന് അടുക്കാനുള്ള ശ്രമമായി മാറുകയാണു ലോക്ഡൗൺ കാലം. നാട്ടിൽ നിസാര വിലയ്ക്ക് ലഭ്യമായ പൈനാപ്പിൾ കൊണ്ട് ജാം, ഹൽവ, ഉണ്ട തുടങ്ങിയ നിർമിക്കുന്നവരും കുറവല്ല.